# മലങ്കരസഭ

THE MALANKARA SABHA

MALAYALAM MONTHLY, Vol-64, Issue-7, JULY 2020_ ₹20



# MAR DIONYSIUS COLLEGE, PAZHANJI

(Affiliated to UNIVERSITY OF CALICUT
Accredited with 'B' Grade by NAAC)

Owned and managed by Malankara Orthodox Syrian Church



## അംഗീകൃത ബിരുദ ബിരുദാനന്തര കോഴ്സുകൾ

### (A) AIDED COURSES

1. B.A. Economics
2. B.A. English
3. B.Sc Physics
4. B.Sc. Mathematics
5. B.B.A. (Bachelor of Business Administration)
6. B.C.A. (Bachelor of Computer Application)
7. M.A. Economics

### (B)SELF FINANCING COURSES

1. B.Com. (Computer Application)
2. B.Com. (Finance)
3. B.T.T.M. (Bachelor of Travel and Tourism Management)
4. B.S.W. (Bachelor of Social Work)
5. B.Sc. Psychology
6. M.Com.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**PRINCIPAL: PROF THOMAS MATHEW - 04885- 296021 9446131010**

**MANAGEMENT OFFICE; 04885 298100, 9846298170, 9446725018**

***website:*** **http://mdcollege.edu.in/** ***email:*** **principal@mdcollege.edu.in**

മലങ്കരസഭ
മാസിക

മലങ്കരസഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം . 2020 ജൂലൈ . ലക്കം 7 . പുസ്തകം 64 . വില ₹ 20

ക്രിസ്തുവിന് ശിഷ്യപ്പെടുന്ന ഓരോരുത്തരും ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനു മതി എന്നു കേട്ടിട്ടുണ്ടാകും. ക്രിസ്തുവിന്റെ പകരക്കാരനാവുക (another christ) എന്നൊരു ലക്ഷ്യം ഈ അനുധാവനത്തിനുണ്ട്.
രാജാവും പുരോഹിതനും പ്രവാചകനും സമന്വയിക്കുന്ന അനന്ത വിഹായസ്സാണ് ക്രിസ്തുവിന്റെ പ്രതിപുരുഷത്വം.
പിതാക്കന്മാരുടെ കുറിപ്പുകളിൽ ഇതിനെക്കുറിച്ച് ഒരു സുന്ദര വിശദീകരണമുണ്ട്.

ഒന്ന്, രാജകീയ അന്തസ്സ് (Royal Dignity): ഇതിനൊരു തപോന്മുഖ പ്രകൃതമുണ്ട്. ലൗകീക താല്പര്യങ്ങളിൽ നിന്നുള്ള വിമോചനവും ജഢീകകാമനകൾക്ക് മേലുള്ള ആത്മനിയന്ത്രണവുംകൊണ്ട് ഒരാൾ സ്വയം യജമാനനാവുക. Mastering the Mind എന്നൊക്കെ ബുദ്ധന്മാർ പറയുന്നമാതിരി. ആത്മസംയമനത്തിന്റെ ഈ കുലീന ഭാവമാണ് രാജകീയ അന്തസ്സിന്റെ മർമ്മം.

രണ്ട്, പൗരോഹിത്യ അന്തസ്സ് (Priestly dignity): ബുദ്ധിയുള്ള ആരാധനയായിത്തീരുക അഥവാ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി ശരീരങ്ങളെ സമർപ്പിക്കുക എന്നാണ് പ. പൗലൂസ് എഴുതുന്നത്. നസിയാൻസിലെ വി.ഗ്രിഗറി സംശയലേശമെന്യേ പറയുന്നു, "We are priests by the offering of ourselves as a spiritual sacrifice." "one should offer not what one has, but what one is!" ബലിയർപ്പിക്കുവാൻ മാത്രമല്ല സ്വയം ബലിയായിത്തീരുന്നതിനു കൂടെയാണ് സെമിനാരികളിൽ പരിശീലിക്കേണ്ടത് എന്ന ബിഷപ്പ് ഫുൾട്ടൻ ഷീൻ ഓർമ്മപ്പെടുത്തുന്നു.

മൂന്ന്, പ്രവാചക അന്തസ്സ് (Prophetic dignity): ദിവ്യരഹസ്യങ്ങളിലേക്ക് ഉപനയനം ലഭിച്ചവരാണ്. നയനാഗോചരമായവയെ ദർശിക്കുന്നവൻ. ദീർഘദർശകൻ തന്നെ. ദൈവം നൽകുന്ന സ്വപ്നങ്ങൾ കണ്ട് അത് ജനത്തോട് പങ്കുവെയ്ക്കുവാൻ ധീരതയുള്ള വൻ. പ്രവചനം എന്നാൽ 'പ്രചോദിപ്പിക്കുന്ന വചനം' എന്ന ഭാരതീയ നിരുക്തം ചേർത്ത് വായിക്കുമ്പോൾ പ്രവാചകൻ ശുഭകാര്യങ്ങൾ സംസാരിക്കുന്നവനുമാകും.

പിതൃശാസനകൾ ഇവയെ ഇങ്ങനെ സംഗ്രഹിക്കുന്നുണ്ട്;
"Kings, by dominion over our passions; Priests, to immolate our bodies; Prophets, in being initiated into the great mysteries."
രാജകീയ പുരോഹിതവർഗ്ഗമായ ദൈവജനത്തിന് ആകെയുള്ള വിളിയും തെരഞ്ഞെടുപ്പും തന്നെയാണിത്.

അഹറോനെപ്പോലെ ദൈവം വിളിച്ച പുരോഹിതന് ഈ വഴിയിൽ മുമ്പേ നടക്കാനുള്ള ഉത്തരവാദിത്വമാണുള്ളത്.
ചില നേരങ്ങളിൽ അതൊരു ഒറ്റയടിപ്പാതയാകാം. ഒറ്റപ്പെടലിന്റേതുമാകാം.
ക്രിസ്തുശിഷ്യന്മാരേവരും നടക്കേണ്ടുന്ന പ്രതിസംസ്ക്കാരത്തിന്റെ വഴിയാണത് എന്ന് നമുക്കറിവുണ്ട്.
അറിവുകൾ അനുഭവമാകാതെ വന്നാൽ അതു പരാജയമാണ്.
മറ്റൊരു ക്രിസ്തുവാകാനുള്ള സുന്ദര സാധ്യതയെ കൊട്ടിയടയ്ക്കൽ കൂടെയാകാം.

സഖേർ

മലങ്കരസഭ മാസിക
കാതോലിക്കേറ്റ് അരമന,
ദേവലോകം,
കോട്ടയം-04
ഫോൺ: 0481- 2573234

പ്രസിഡന്റ്
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
ചീഫ് എഡിറ്റർ
ഫാ. സഖറിയ നൈനാൻ ചിറത്തിലാട്ട്
മാനേജിങ് എഡിറ്റർ
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം
സബ് എഡിറ്റർ
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

അംഗങ്ങൾ
ഫാ.ഡോ.റ്റി.ജെ. ജോഷ്വാ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
അഡ്വ.ബിജു ഉമ്മൻ
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

മൊബൈൽ: 9744648617, 9947804477, ഇ-മെയിൽ: malankarasabha1946@gmail.com, sabhamasika@yahoo.com,

6 **ദൈവസാന്നിധ്യത്തിന്റെ അടയാളം**
ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

8 **നല്ല ഇടയൻ**
ഫാ.ഡോ. റ്റി. ജെ. ജോഷ്വ

20 **കോവിഡാനന്തരം സൈബർ ചർച്ച്**
ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

22 **വരുമോ ഒരു കാലഭേദം**
ഫാ.ഡോ. മാത്യൂ കോശി, അറ്റ്ലാന്റാ,യു.എസ്.എ.

24 **പുരോഹിതാ നീ എന്നെ സ്നേഹിക്കുന്നുവോ...**
ഫാ. എൽവിൻ തോമസ് പോഴൂവേലിൽ

27 **വിശ്രാന്തിയുടെ ബദലുകൾ...**
ശാന്തി ബാവുൾ

28 **ഭൂമിയിലെ മാലാഖമാർ**
എലിസബേത്ത് വർക്കി, കോഴിക്കോട്


**പംക്തികൾ**


വേദധ്യാനം
പഴയ നിയമ പഠനം
പുതിയ നിയമ പഠനം
ആരാധനാ പഠനം
മനഃപൂർവം
കവിത
വായനശാല



മലങ്കരസഭ
THE MALANKARA SABHA
MALAYALAM MONTHLY, JULY 2020 Vol-64, Issue-7






മുഖചിത്രം,കല
അമേക, കൊച്ചി


**സർക്കുലേഷൻ മാനേജർ**
കെ.എ. ജോൺ
9744648617
**അക്കൗണ്ടന്റ്**
ബിജു വർക്കി
9947804477
**ഗ്രാഫിക് ഡിസൈൻ**
ജിന്റോ കറിച്ചി
9947124980

**Bank**
**S.B.I Devalokam, Account Name & Number- Malankara Sabha (57017053203)**
**IFSC Code - SBI N 0070820**

Read online:
**www.malankarasabhaonline.com**



# മഹാപുരോഹിത സന്ദേശം

"അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു". 1 യോഹന്നാൻ 2:6

ആത്മീയമായ ഒരു പ്രതിസംസ്കാരത്തിന്റെ (Spiritual Counter Culture) ആഴങ്ങളിലേക്കുള്ള സഞ്ചാരമാണ് യഥാർത്ഥത്തിൽ ക്രിസ്തീയ ജീവിതം. ക്രിസ്തുവിന്റെ ജീവിതവും രക്ഷാകര സുവിശേഷവും ദൈവരാജ്യത്തിന്റെ ഈ ബദൽ സംസ്കൃതിയുടെ ജീവനപാതകളെ നമുക്ക് പരിചയപ്പെടുത്തുകയും ഇതിലേക്ക് നമ്മെ ഉപനയിപ്പിക്കുകയും ചെയ്യുന്നുണ്ട്. ക്രിസ്തു നടന്നുപോയ വഴികളിലൂടെ അവൻ സഞ്ചരിച്ചതുപോലെതന്നെ പ്രയാണം ചെയ്യുവാനുള്ള ഹൃദയവും മനസ്സുമുള്ള ഏത് ശിഷ്യനും ലോകത്തിന് സമ്മാനിക്കുന്നത് ആത്മീയമായ ഈ നവ സംസ്കാരത്തിന്റെ പാഠഭേദങ്ങളെത്തന്നെയാണ്. 'ലോകത്തിൽ ആയിരിക്കുന്നു എങ്കിലും നിങ്ങൾ ലോകക്കാരല്ല' എന്ന അരുമനാഥന്റെ വചനം വെളിവാക്കുന്നത്, ലോകത്തിന്റെ നശ്വരമോഹങ്ങളുടെ വഴിത്താരകൾക്കപ്പുറമായി നിത്യജീവനെ നേടുവാൻ ഓരോ വിശ്വാസിയും വിശുദ്ധിയുടെ മറ്റൊരു പാതയിലൂടെ പ്രയാണം ചെയ്യേണ്ടതുണ്ട് എന്ന വസ്തുതയാണ്. ക്രിസ്തു കാട്ടിത്തന്ന നിസ്വാർത്ഥ സ്നേഹത്തിന്റെയും വിനയത്തിന്റെയും കരുതലിന്റെയും ത്യാഗത്തിന്റെയും വിശുദ്ധിയുടെയും പാതയിൽ അവന്റെ കൈപിടിച്ച് അവന്റെ മനസ്സറിഞ്ഞ് നടത്തുന്ന തീർത്ഥാടനത്തിന്റെ പേരാണ് വിശ്വാസ ജീവിതം. ധാർമ്മികതയുടെയും ആത്മീയതയുടെയും ഈ വഴിയിൽ നിന്ന് വിട്ടുമാറിയുള്ള അപഥ സഞ്ചാരമാണ് സഭയുടെയും വിശ്വാസിയുടെയും സാക്ഷ്യജീവിതത്തെ ഇന്ന് മലീമസമാക്കിക്കൊണ്ടിരിക്കുന്നതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ആദിമ ക്രിസ്ത്യാനികളെ വിശുദ്ധരെന്ന് ലോകം സാക്ഷിക്കുവാനുള്ള കാരണവും തങ്ങളുടെ ജീവിതത്തിലൂടെ അവർ വെളിപ്പെടുത്തിയ വേറിട്ട ആത്മീയ ജീവിത ശൈലിയായിരുന്നു എന്നതിൽ സംശയമില്ല. വാക്കിലും പ്രവൃത്തിയിലും മനസ്സിലും ഹൃദയത്തിലും അവർ അനുനിമിഷം കാത്തുസൂക്ഷിച്ച ദൈവവിചാരം അവരിൽ ക്രിസ്തുമനസ്സ് രൂപപ്പെടുന്നതിനും എവിടെയും ഒരു അനുഗ്രഹമായി മാറുന്നതിനും അവരെ പ്രാപ്തരാക്കി എന്ന് ചരിത്രം സാക്ഷിക്കുന്നു. വെല്ലുവിളികൾ ഏറുന്ന നമ്മുടെ ആനുകാലിക പരിസരങ്ങളിൽ സഭയിൽ നിന്നും ലോകം പ്രതീക്ഷിക്കുന്നത് അതിനെ രൂപാന്തരപ്പെടുത്തുവാനും പ്രകാശിപ്പിക്കുവാനും കഴിയുന്ന ആത്മീയമായ സംസ്കാരത്തിന്റെ ഉറവയായി നാം ഓരോരുത്തരും രൂപാന്തരപ്പെടണം എന്നു തന്നെയാണ്. കാണാതെപോയ ആടിനെ പേരുചൊല്ലി വിളിച്ച് തേടിയെത്തി തോളിലെടുത്ത് മുറിവുകെട്ടി സൗഖ്യത്തിന്റെയും നിത്യജീവന്റെയും പച്ചയായ മേച്ചിൽപ്പുറങ്ങളിലേക്ക് അവരെ ആനയിക്കുന്ന കരുണയുടെ ബദൽ ശുശ്രൂഷാ മാതൃകയായിരുന്നു ക്രിസ്തു കാട്ടിത്തന്നത്. ഇത് അന്നുവരെയുള്ള ഇടയശുശ്രൂഷയുടെ കാഴ്ചപ്പാടുകളിൽ നിന്ന് തികച്ചും വിഭിന്നമായിരുന്നു. മഹാമാരികളും പ്രതിസന്ധികളും ഏറിവരുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധ സഭയിലെ ഇടയന്മാരും ജനങ്ങളും തങ്ങളുടെ ശുശ്രൂഷയിലും ജീവിതത്തിലും ക്രിസ്തു നടന്ന വഴികളിലൂടെ സഞ്ചരിക്കുകയും ആത്മീയതയുടെ ആഴമേറിയ ഒരു പ്രതിസംസ്കാരത്തിന്റെ വക്താക്കളായി നിലകൊള്ളുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ആയതിന് ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ വഴിനടത്തട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**



# ദൈവസാന്നിധ്യത്തിന്റെ
# അടയാളം

■ ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

ഹിതാനുസരണം മുൻപേ നടക്കുന്നവനാണ് പുരോഹിതൻ. ധർമ്മകാര്യാധ്യക്ഷൻ എന്ന അർത്ഥവും അതിനുണ്ട്. പൗരോഹിത്യം എന്നത് പുരോഹിതനുമായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വഹണമാണ്.

ആരാണ് ക്രൈസ്തവ പുരോഹിതൻ?

പരിശുദ്ധാത്മാവിൽ അഭിഷിക്തനായി, പരിശുദ്ധ സഭയുടെ പാരമ്പര്യത്തെ അംഗീകരിച്ചുകൊണ്ട് ക്രിസ്തുവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രമാണമായി കരുതുകയും, ഇടയശുശ്രൂഷ സ്വാർത്ഥകമായി നിർവ്വഹിക്കുകയും ചെയ്യുന്നവനാണ് പുരോഹിതൻ. ഏതെങ്കിലുമൊരു നിർവ്വചനത്തിലും വ്യാഖ്യാനത്തിലും അതിനെ ഒതുക്കുവാൻ കഴിയില്ല. 'ഇതിനും അപ്പുറം' എന്തൊ ഒന്നാണത്. അത് ആത്മശുദ്ധിയുടെ അനുഭവമാണ്. അനുഭവത്തെ .യഥാതഥം ബോധ്യമാക്കുവാൻ ഭാഷയ്ക്കാവില്ല.

പൗരോഹിത്യം നിയോഗമാണ്. അതു നേടിയെടുക്കേണ്ട പദവിയല്ല. ദൈവാനുഗ്രഹത്തിൽ കരഗതമാകേണ്ടതാണ്. ആഗ്രഹത്തിനുമീതേയുള്ള ആത്മസത്തയാണ് ആ നിയോഗത്തിലേക്ക് ഒരാളെ നയിക്കുന്നത്. തുടർവിശ്വാസത്തെ ബലപ്പെടുത്തുന്ന കണ്ണിയാണത്. അമൂർത്തതയാണ് അതിന്റെ അടിസ്ഥാനം. ആ അമൂർത്തതയിലേക്ക് പ്രവേശിക്കുവാനുള്ള ഇടങ്ങൾ മൂർത്തമായിരിക്കുകയും വേണം. ഭൗതികതയിൽ കൂടി മാത്രമെ ആത്മീയതയിലേക്ക് പ്രവേശിക്കുവാൻ കഴിയുകയുള്ളു. വിശ്വാസം ബലപ്പെടുത്തേണ്ടത് വചനത്തിലൂടെയാണെങ്കിലും; ആ വചനത്തെ ശരിയായി പ്രഘോഷിപ്പിക്കുവാൻ ദേവാലയങ്ങൾ അനിവാര്യമാണ്. 'പൊരുൾ തിരിച്ചു നൽകേണ്ടുന്ന' (അപ്പൊ. പ്രവൃത്തികൾ 8: 31) വിശുദ്ധ ഇടങ്ങളാണ് ദേവാലയങ്ങൾ. ശുദ്ധിയും വെടിപ്പും പ്രതീകങ്ങളുടെ അലങ്കാരപ്പൊലിമയും അവിടെ ഉണ്ടാകേണ്ടതുണ്ട്. 'മേൽത്തരം' എന്നതും 'വിലയേറിയത്' എന്നതും അവിടുത്തേക്കുള്ള അർപ്പണത്തിന്റെ നാമരൂപങ്ങളാണ്. ഭൗതികതയിൽ നിലകൊള്ളുമ്പോഴും ഭൗതികമല്ലാത്ത ഒരന്തരീക്ഷം അവിടെ രൂപാന്തരപ്പെടുകയാണ്. ഈ രൂപാന്തരീകരണത്തിൽ പുരോഹിതന്റെ ദൗത്യം വളരെവലുതാണ്.

ക്രിസ്തുവിനോടൊപ്പമുള്ള അനുയാത്രയാണ് പൗരോഹിത്യം. ഒപ്പം ചേർന്നുള്ള യാത്രയിൽ മാത്രമെ അതേഭാവതലം സൃഷ്ടിക്കപ്പെടുവാൻ കഴിയുകയുള്ളു (Same wavelength). ചലനാത്മകതയാണ് അതിന്റെ ബാഹ്യഭാവം. പ്രവർത്തന നിരതരായവരെയാണ് ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ അനുയാത്രികരാക്കിയത്. വല നെയ്തുകൊണ്ടിരുന്നവരെയാണ് ആദ്യം കണ്ടെത്തി ഒപ്പം നിർത്തിയത്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോടൊപ്പം ഉത്ഥിതനായ ക്രിസ്തു 'കൂടെ നടന്നു' (ലൂക്കോസ് 24:16) എന്നു കാണുന്നു. അനുയാത്രയുടെ അനുഭവമാണ് ക്രിസ്തു പൗരോഹിത്യത്തിനു പ്രദാനം ചെയ്യുന്നത്.

വൈദികൻ എന്നത് പ്രത്യക്ഷപരതയാണ്. ഒപ്പം സന്ദേഹപരവും. പ്രത്യക്ഷത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വസ്ത്രധാരണമാണ്. അതു ലഭിച്ച നാൾ മുതൽ പ്രത്യക്ഷപരത പ്രകടമാണ്. എന്നാൽ പരമപ്രധാനമായ സംശയം ദൈവീകതയിലെ സന്ദേഹമാണ്. സ്വയം ചോദിക്കുവാനും മറ്റുള്ളവരെ കൊണ്ട് ചോദിപ്പിക്കുവാനും ഈ സന്ദേഹം അവസരമൊരുക്കുന്നു. 'ഞാൻ ഒരു പുരോഹിതനാണ്' എന്നു പറയേണ്ടിവരുന്ന സന്ദർഭം ചുരുക്കമാണെങ്കിലും 'ഇദ്ദേഹം ഒരു പുരോഹിതൻ തന്നെയോ' എന്നുള്ള ചോദ്യം ഉയരുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്.

പഴയനിയമകാലത്ത് പുരോഹിതൻ കാർമികനായിരുന്നു. ദൈവത്തിനു ബലി അർപ്പിക്കുന്ന ഒരുവൻ. എന്നാൽ ക്രിസ്തുവിലൂടെ പൗരോഹിത്യത്തിന് മറ്റൊരു മാനവികതലം കൈവന്നു. കർമം ചെയ്യുന്നതോടൊപ്പം സ്വയം ബലിയായി തീർന്നതിലൂടെ ബലിയും ബലിയർപ്പിതാവും ഒന്നായി മാറുന്നു. ക്രിസ്തുവിൽ ദൈവം ഒന്നാകുന്നതുപോലെ കർമവും കർത്താവും ഒന്നാകുന്നു. ഇതൊരു പ്രഹേളികയാണ്. ഒപ്പം വിശ്വാസത്തിന്റെ രൂഢഭാവവും.

പൗരോഹിത്യം ഏതൊരു കാലത്തിന്റെയും വെല്ലുവിളിയായി മാറുന്നു. ആത്മപരിശോധനയിലൂടെ മാത്രമെ ഇത്തരത്തിലുള്ള വിചാരത്തെ സമീപിക്കുവാൻ കഴിയുകയുള്ളൂ. വളർച്ചയുടെ വഴികളിൽ ആത്മീയതയുടെ നിലവാരത്തിനുണ്ടായ മാറ്റം വിചിന്തനം ചെയ്യുവാൻ കഴിയുമ്പോഴെ ഇതിനൊരു ഉത്തരം കണ്ടെത്താൻ കഴിയൂ. വിമർശനം സ്വയവിമർശനം കൂടിയാകുമ്പോൾ അതിന് ആർജ്ജവത്വം കൈവരും.

പൗരോഹിത്യസ്ഥാനികൾ ദൈവജനത്തിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെടേണ്ടത്. നന്മയും പ്രാർത്ഥനാനുഭവവുമുള്ള ഭവനങ്ങളിൽ നിന്നും പുരോഹിതൻ കടന്നുവരുമ്പോൾ ഉന്നതമായ നന്മയും പ്രാർത്ഥനാജീവിതവും അറിയാതെ തന്നെ അവരിൽ നിന്നും പ്രതിഫലിക്കും. മൂല്യങ്ങൾ (value) മാറ്റപ്പെടാം. എന്നാൽ നന്മ (virtue) സ്ഥായിയാണ്. പഴയനിയമത്തിൽ അഹറോൻ, പുത്രന്മാരെ അഭിഷേകം ചെയ്യുമ്പോൾ പറയുന്നത് 'കരപൂരണം' (fill the hand) എന്നാണ് പറയുക. പരിശുദ്ധാത്മാവിനെ നിറച്ച് വരദാനം നൽകുകയാണ് ചെയ്യുന്നത്. ആ വരദാനം എല്ലാവർക്കും പകർന്നു നൽകുവാൻ പുരോഹിതന് സാധിക്കണം. 'ഹൃദയവിചാരങ്ങൾ അറിയുന്ന ദൈവത്തിന്റെ' ദൃഷ്ടിയിലാണ് ഓരോ പുരോഹിതനും. ഈ വിചാരം അനുനിമിഷം ഉണ്ടാകുമ്പോൾ ദൈവത്തിന്റെ പുരോഹിതൻ എന്ന വിളിക്ക് അർഹനാകും. ആ ബോധ്യം അനുഷ്ഠിക്കുന്ന ഓരോ കൂദാശകളിലും ശുശ്രൂഷകളിലും പ്രതിഫലിക്കും. പുരോഹിതനിൽ ജീവിതാവസാനം വരെ ഉണ്ടായിരിക്കേണ്ടതാണ് ശുശ്രൂഷാ മനോഭാവം. പൗരോഹിത്യ സ്ഥാനലബ്ധിയോടെ അത് നഷ്ടമാകാൻ ഇടയാകരുത്. കർത്താവിന്റെ ശുശ്രൂഷയുടെ മനോഭാവമാണ് ആധാരം. തന്റെ സാന്നിധ്യത്തിലേക്ക് വരുന്നവരെ മാത്രമല്ല; ആവശ്യമറിഞ്ഞ് അവരുടെ അടുത്തേക്ക് ചെല്ലുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. കുഷ്ഠരോഗിയും (മ

ത്തായി 8:14), തളർവാത രോഗിയും (ലൂക്കോസ്
5:18), രക്തസ്രാവമുള്ള സ്ത്രീയും (ലൂക്കോ.8:47)
ശതാധിപനും (ലൂക്കോ. 7:10) ക്രിസ്തുവിന്റെ
അടുക്കലേക്കാണ് വരുന്നത്. പത്രോസിന്റെയും
(ലൂക്കോ. 4:38), ലാസറിന്റെയും (യോഹ. 11:44),
വഴിയരികിലെ അന്ധന്റെയും (ലൂക്കോ. 18:43)
അടുക്കലേക്ക് ചെന്ന് സൗഖ്യമാക്കുന്ന
ക്രിസ്തുവിനെയാണ് നാം കാണുന്നത്. നവീന
മാനങ്ങളുടെ ഈ അർത്ഥതലം ഓരോ പുരോ
ഹിതനും തിരിച്ചറിഞ്ഞ് മനസ്സിലാക്കേണ്ടിയി
രിക്കുന്നു. സന്ദർഭത്തിനൊത്ത് പ്രവർത്തിക്കു
വാൻ പുരോഹിതൻ തയ്യാറാകണം. പോകേണ്ടി
ടത്ത് പോകുവാൻ കഴിയണം. കടന്നുവരുന്ന
വരെ സ്വീകരിക്കുവാനും കഴിയണം. അതിഥി
കളെ മാത്രമല്ല, അഗതികളെ ഭവനത്തിൽ
സ്വീകരിക്കാനും കഴിയണം.


ക്രിസ്തുവിലെ ദാസ്യഭാവമാണ് പുരോഹി
തനുണ്ടായിരിക്കേണ്ടത്. പദവിയിൽ ഉന്നതമാ
യിരിക്കുമ്പോഴും സേവനത്തിൽ ദാസ്യനായി
രുന്നു ക്രിസ്തു. അധികാരത്തോടെ സംസാരി
ക്കുമ്പോഴും താഴ്മയോടെയാണ് ശുശ്രൂഷകൾ
നിർവ്വഹിച്ചത്. ഭൗതികാധികാരിക്കു മുന്നിൽ
ആത്മീയാധികാരം മൗനം പാലിച്ച സന്ദർഭ
ങ്ങൾ എടുത്തു പറയുന്നുണ്ട്. തന്നത്താൻ
താഴ്ത്തപ്പെടുമ്പോഴും ഉയർത്തപ്പെടുന്ന അനു
ഭവമായിരുന്നു അത്. ക്രൂശുമരണത്തിന്റെ വിധി
യെഴുതിയ രാജാവ് വിധിക്ക് കീഴടങ്ങി നാമ
ധാരിയായി മാറ്റപ്പെട്ടപ്പോഴും വിധി സ്വീകരിച്ച
കർത്താവ് വിധിയെ മറികടന്ന് മരണത്തെ അതി
ജീവിച്ച് നിത്യനാമധാരിയായി മാറിയതും വിശ്വാ
സലോകം കണ്ടു.

രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനും ആത്മ
നിറവിലെ പ്രബോധകനുമായിരിക്കണം പുരോ
ഹിതൻ. വിശുദ്ധ കുർബാനയിൽ വിശുദ്ധ
സ്ഥലത്തുനിന്നും അതിവിശുദ്ധ സ്ഥലത്തേക്ക്
പ്രവേശിക്കുമ്പോൾ പുരോഹിതന്റെ ഉള്ളിലെ
പ്രാർത്ഥന 'പരിശുദ്ധവും ശുദ്ധീകരിക്കുന്നതു
മായ നിന്റെ മഹാവിശുദ്ധസ്ഥലത്ത് പ്രവേശിച്ച്
വന്ദ്യങ്ങളും ദിവ്യങ്ങളുമായ നിന്റെ രഹസ്യ
ങ്ങളെ കളങ്കം കൂടാതെ സ്പർശിക്കുവാൻ
വേണ്ടി എന്റെ ആത്മാവിന്റെ മലിനീകരണ
മായ അഴുക്കിനെ നീ കഴുകിക്കളഞ്ഞ് ജീവപ്ര
ദമായ നിന്റെ തളിർപ്പുമൂലം എന്നെ വെടിപ്പാ
ക്കണമേ' എന്നാണ്. പുരോഹിതൻ വലതുകൈ
തബ്ലൈത്താമേൽ വയ്ക്കുമ്പോൾ 'രഹസ്യങ്ങ
ളിൽ നിന്നാണ് ശക്തിപ്രാപിക്കുന്നത്.' വിശുദ്ധ
കുർബാനയിൽ എത്രയധികം രഹസ്യപ്രാർത്ഥ
നകളാണുള്ളത്. അതെല്ലാം ശക്തീകരണ
ത്തിന്റെ പുതുക്കപ്പെടലിനുവേണ്ടിയാണ്.

ഏവൻഗേലിയോനിൽ വായിച്ചു കേൾക്കുന്ന
തുപോലെ 'നമ്മുടെ കർത്താവീശോമിശിഹാ
യുടെ രഹസ്യങ്ങൾക്ക് ദൃക്സാക്ഷിയായിരിപ്പാനും
ബഹുമാനമുള്ളതും വില തീരാത്തതുമായ ഈ
നൽവരം ശ്രേഷ്ഠമായ ഈ പദവിക്ക് അയോഗ്യ
നായ എന്റെ ബലഹീനത മുഖാന്തരം പ്രാപി
പ്പാനും അത്യുന്നതനായ ദൈവത്തിന്റെ ശുശ്രൂ
ഷയ്ക്കും ഉന്നതവും അതുല്യവുമായ മദ്ബഹ
യിലേക്കും അടുത്തുവരുവാനും ഇപ്പോൾ നിനക്ക്
ഇഷ്ടം തോന്നിയിരിക്കുന്നു' രഹസ്യങ്ങളുടെ
ദൃക്സാക്ഷിയാകുവാനാണ് പുരോഹിതൻ കടന്നു
വന്നിരിക്കുന്നതെന്നു നാം തിരിച്ചറിയുന്നു. ദൃക്സാക്ഷിയായ ഒരാൾക്കു മാത്രമെ
അതിന്റെ മർമ്മത്തെ ഗ്രഹിക്കുവാൻ കഴിയൂ. അത് സനാതനമായ വെളിപ്പെടു
ത്തൽ കൂടിയാണ്. സ്വന്തം ജീവിതത്തിൽ അത് സ്വാംശീകരിക്കുമ്പോൾ മാത്രമെ
അതിന്റെ മർമ്മം പകർന്നു നൽകുവാൻ കഴിയൂ.

കർത്തൃനിയമം പരിപാലിക്കുവാൻ ശിരസ്സു കുനിച്ച് അംഗീകാരം നൽകി
യവരാണ് പുരോഹിതർ. പട്ടം കൊട ശുശ്രൂഷയിൽ പൗരോഹിത്യപദവി
സ്വീകരിക്കുമ്പോൾ സ്ഥാനാർഹനാകുന്ന കശ്ശീശയുടെ ശിരസ്സിൽ വച്ചാണ്
സുവിശേഷഭാഗം വായിക്കുന്നത്. 'നിന്റെ ന്യായപ്രമാണമാകുന്ന ഇമ്പമുള്ള
നുകം' വഹിക്കുവാൻ നാം പ്രതിജ്ഞ എടുക്കുകയാണ്. ഭാരത്തെ വഹി
ക്കുന്ന നുകം കീഴ്പ്പെടലിന്റെയും ദൗത്യനിർവ്വഹണത്തിന്റെയും പ്രതീകമാ
ണ്. നുകം വഹിക്കുന്നവന്റെ ഒച്ച കനത്ത ഭാരത്താൽ ഇടറിയതായിരിക്കും.
എന്നാൽ ആത്മശോധനയിൽ അഗ്നിശുദ്ധിവരുത്തി ഒരു പുരോഹിതന് തന്റെ
നുകം ഇമ്പമുള്ളതായി മാറുകയാണ്. കാരണം ക്രിസ്തുപരിവൃത്തിയിലാണ്
പുരോഹിതൻ തന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നത്. സഹനപാതയിലൂടെയുള്ള
സഞ്ചാരമാണത്.

ഇതൊക്കെ സാധിക്കണമെങ്കിൽ പുരോഹിതൻ തന്നിലെ പഴയ മനു
ഷ്യനെ ഉപേക്ഷിക്കുകയും പുതുക്കപ്പെട്ട അനുഭവമുള്ളവനായി മാറുകയും
ചെയ്യണം. ദൈവിക ദൗത്യത്തിന് നിയോഗിക്കപ്പെട്ടവൻ എന്ന ബോധ്യം
നമുക്കുണ്ടാവണം. അപ്പോഴാണ് പരിശുദ്ധ മദ്ബഹായിലെ അലങ്കാരമായി,
അനുഗ്രഹമായി ഓരോ പുരോഹിതനും തന്റെ ബലി പൂർത്തിയാക്കുവാൻ
കഴിയുന്നത്. അവിടെ കടങ്ങൾ മോചിക്കും. പാപങ്ങൾ ക്ഷമിക്കും. അശു
ദ്ധരെ ശുദ്ധീകരിക്കും. പൂർണ്ണഹൃദയത്തോടെ വിളിക്കുന്നവരിൽ നിന്ന്
സ്തോത്രബലിയെ അംഗീകരിക്കും. വലിയവനും കരുണാസമ്പന്നനും സക
ലവും പൂർത്തീകരിക്കുന്നവനുമായ ദൈവത്തിന്റെ കരങ്ങളിൽ സമ്പൂർണ്ണ
മായി സമർപ്പിച്ചുകൊണ്ട് പൗരോഹിത്യശുശ്രൂഷ കൂടുതൽ അർത്ഥതലങ്ങ
ളിലേക്ക് വ്യാപരിപ്പിക്കുവാൻ നമുക്കു കഴിയണം.



# നല്ല ഇടയൻ

**■ ഫാ. ഡോ. റ്റി.ജെ. ജോഷ്വ**

നല്ല ഇടയൻ - ഹൃദ്യവും പരിചിതവുമായ രണ്ടു വാക്കുകൾ. അവ യേശുക്രിസ്തുവിന്റെ നാവിൽ നിന്ന് ഉതിർന്നതാണ്. തന്റെ വ്യക്തിത്വത്തെയും, ദൗത്യത്തെയും വെളിപ്പെടുത്തുന്ന ഏഴ് സ്വയം നിർവചനങ്ങളിൽ ഒന്നാണത്- “ഞാൻ നല്ല ഇടയനാകുന്നു” (യോഹ. 10:11) അതിൽ ഏഴും (seven I ams) യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേയുള്ളു. യേശുവിന്റെ ഈ സാക്ഷ്യം തന്റെ ശ്രോതാക്കൾക്ക് വേഗത്തിൽ മനസ്സിലാകുന്നതാണ്. ദൈവത്തെക്കുറിച്ചുള്ള ഇടയ സങ്കല്പം പഴയ നിയമത്തിൽ വ്യാപ്തമാണ്. (സംഖ്യ. 27:16,17; സങ്കീ. 23, യെഹ. 34) മാത്രമല്ല അന്നത്തെ സാമൂഹ്യപശ്ചാത്തലത്തിൽ അജപാലനം സുപരിചിതമായിരുന്നു. ജനശ്രദ്ധ പിടിച്ചു പറ്റാൻ അനുയോജ്യമായ നിർവചനം. ആ പ്രസ്താവന നടത്തിയ പശ്ചാത്തലം നോക്കുമ്പോഴാണ് അതിന്റെ പ്രസക്തിയും ഔചിത്യവും കൂടുതൽ വ്യക്തമാകുന്നത്.

ഒരു പെരുന്നാളിന്റെ പശ്ചാത്തലത്തിൽ യഹൂദപുരോഹിതന്മാരുടെയും മറ്റ് മേധാവികളുടെയും സാന്നിധ്യത്തിൽ അവരുടെ ശ്രദ്ധ ആകർഷിക്കത്തക്കവണ്ണമാണ് ഈ പ്രസ്താവന യേശു നടത്തിയത്. മക്കാബിയുടെ പുസ്തകത്തിൽ പരാമർശിക്കുന്ന ‘ഹനുക്കാ’ അഥവാ പ്രതിഷ്ഠോത്സവ പെരുന്നാളായിരുന്നു അത്. (യോഹ. 10:22) ഹനുക്കായോടു ചേർന്നുള്ള ശാബതിൽ വായനയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള വേദവായനയിൽ ഇടയന്മാരെപ്പറ്റി പ്രതിപാദിക്കുന്ന യെഹ. 34-ാം അദ്ധ്യായം ഉൾക്കൊള്ളുന്നു. അവിടെ ഉത്തമരും അധമരുമായ ഇടയന്മാരെപ്പറ്റി പ്രതിപാദിക്കുന്നു. അവിടെ ശ്രദ്ധേയമായ ഒരു വാക്യമുണ്ട്. “അവയെ മേയിക്കുന്നതിന് ഞാൻ ഒരു ഇടയനെ നിയമിക്കും; എന്റെ ദാസനായ ദാവീദിനെത്തന്നെ. അവൻ അവയെ മേയിച്ച് അവയ്ക്കും ഇടയനായിരിക്കും” (വാ. 34:23). അപ്രകാരം വാഗ്ദാനം ചെയ്യപ്പെട്ട “ഇടയൻ” ഞാൻ തന്നെയാകുന്നു എന്നാണ് ദേവാലയത്തിൽ നിന്നുകൊണ്ട് യേശുക്രിസ്തു പ്രഖ്യാപിച്ചത്. എത്രയും അനുയോജ്യമായ സന്ദർഭത്തിലാണ് “ഞാൻ നല്ല ഇടയൻ ആകുന്നു” എന്നു പ്രഖ്യാപിച്ചത്. തുടർന്ന് നല്ല ഇടയന്റെ വ്യക്തമായ ഒരു രേഖാചിത്രം നൽകുകയും ചെയ്യുന്നു. എന്തൊക്കെയാണ് ഇടയന്റെ സവിശേഷതകൾ?

**1. നല്ല ഇടയൻ ആട്ടിൻതൊഴുത്തിന്റെ വാതിലിൽക്കൂടി പ്രവേശിക്കുന്നു.**

ഈ ഇടയൻ വന്നത് പിതാവിന്റെ നിയോഗപ്രകാരം; മുൻകൂട്ടി നിശ്ചയിച്ച പദ്ധതിക്കനുസൃതമായിട്ടാണ്; എപ്പോൾ, എവിടെ, എങ്ങനെ പ്രത്യക്ഷമാകണമെന്ന് നിശ്ചയിച്ചിരുന്ന പ്രകാരമാണ് താൻ വന്നെത്തിയത്. വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽകൂടി നിയമാനുസൃതമായിട്ടാണ് താൻ രംഗപ്രവേശനം ചെയ്തത്. പിതാവിന്റെ നിയോഗം സ്വീകരിച്ച് ആത്മസമർപ്പണത്തോടെ എത്തുകയായിരുന്നു. തനിക്കു മുമ്പ് പ്രത്യക്ഷപ്പെട്ട ചില വ്യാജ “മശിഹാമാരെ”പ്പോലെയല്ല. “വാതിലിൽ കൂടി കടക്കാതെ വേറെ വഴിയായി വന്നവർ” എന്നു വിശേഷിപ്പിച്ചിട്ടുള്ളത് അത്തരം വ്യാജന്മാരെപ്പറ്റിയാണ്. അവരെപ്പറ്റി ഗമാലിയേൽ പരാമർശിക്കുന്നുണ്ട്. (അ.പ്ര. 57:36).

ഇന്നും “വാതിലിൽ വഴിയല്ലാതെ” പിൻവാതിലിൽക്കൂടി സഭാതലവന്മാരായി പ്രത്യക്ഷപ്പെടുന്നവർ, പ്രത്യേകിച്ച് കേരളത്തിൽ വളരെയാണ്, സ്വയമേ ബിഷപ്പു സ്ഥാനം കരസ്ഥമാക്കുന്നവരും വമ്പിച്ച തുക കൊടുത്ത് നേടിയെടുക്കുന്നവരും അക്കൂട്ടത്തിലുണ്ട്. എന്തു കുത്സിതമാർഗ്ഗം അവലംബിച്ചായാലും ബിഷപ്പാകണമെന്ന മോഹം പലരെയും ബാധിച്ചപോലെ തോന്നുന്നു. രണ്ടു വിളിയെപ്പറ്റി ഇത്തരുണത്തിൽ ഓർക്കുക. The inward call and the outward call. ഒന്ന് ആന്തരികമായി വിളി. ദൈവം എന്നെ വിളിച്ചു എന്ന ആത്മാർത്ഥവും സത്യസന്ധവുമായ ബോധ്യമാണ്. അതുസ്ഥാനമാനങ്ങളോടുള്ള മോഹത്തിൽ നിന്നുയരുന്നതല്ല; ക്രിസ്തുവിനോടുള്ള ആത്മാർത്ഥബന്ധത്തിൽ നിന്നുയർന്നു വരുന്നതാണ്. രണ്ടാമത്തെ വിളി ബാഹ്യമായ ഒന്നാണ്. അത് സഭാമുഖ്യരും സഭാമക്കളും പ്രാർത്ഥനാപൂർവം പരിഗണിച്ച്, അവർ നിയമാനുസരണം തിരഞ്ഞെടുക്കുന്നതിലൂടെ സംഭവിക്കുന്നു. രണ്ടു വിളിയും അവശ്യമാണ്.

**2. നല്ല ഇടയൻ ആടുകളെ അറിയുന്നു; പേർ ചൊല്ലി വിളിക്കുന്നു.**

ഇടയന്മാർ ഓരോ ആടിനും പേരു നൽകും. പെരും ചെവിയൻ, കുറും കാലൻ, കരിങ്കറമ്പൻ, വെളുമ്പി, മോഴ ഇങ്ങനെ ആടുകളുടെ രൂപത്തിനൊത്തവണ്ണവും, പെരുമാറ്റമനുസരിച്ചും ഭാവനാപൂർണ്ണമായ പേരുകൾ നൽകും. ഇടയൻ അവയുടെ പേർ ചൊല്ലി വിളിക്കുമ്പോൾ “അവന്റെ ശബ്ദം കേൾക്കും”, അവന്റെ അടുക്കലെത്തും. ഓരോ ആടുമായും വ്യക്തിപരമായ അടുപ്പം ഇടയനുണ്ട്. നല്ല ഇടയനായ കർത്താവ് നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുന്നു; നമ്മെ പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്നു. തന്നെ ആരും കാണാതിരിക്കാൻ കാട്ടത്തിയിൽ കയറി മറഞ്ഞിരുന്ന സക്കായിയെ കർത്താവു പേർ ചൊല്ലി വിളിച്ചപ്പോൾ അയാൾ ആശ്ചര്യഭരിതനായി. (ലൂക്കോ. 19:5) അബ്രഹാമിന്റെ ദാസിയായ ഹാഗാർ, ജയമാനനും, യജമാനത്തിയും അടിച്ചു പുറത്താക്കിയപ്പോൾ നിരാലംബരായി മരുഭൂമിയിൽ വാടിത്തളർന്നിരിക്കുമ്പോൾ കേട്ട ശബ്ദം “സാറായിയുടെ ദാസിയായ ഹാഗരേ!” എന്നാണ്. അവളുടെ പേരു ചൊല്ലിയുള്ള വിളി അവൾക്കു സ്വാന്തനം നൽ കുന്നു. (ഉല്പ. 16:13). പൗലോസ് ഇക്കാര്യം സ്ഥിരീകരിക്കുന്നു. “കർത്താവ് തനിക്കുള്ളവയെ അറിയുന്നു” (2 തീമോ. 2:19) “ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു” (1 കൊരി. 8:3) ലോകപ്രകാരം പേരും പെരുമയുമില്ലായിരിക്കാം. എങ്കിലും കർത്താവു നമ്മെ ആളാംപ്രതി അറിയുന്നു. പേർ ചൊല്ലി വിളിക്കുന്നു. എത്ര ആശ്വാസവും, ധൈര്യവും നൽകുന്ന ചിന്തയാണ് (സങ്കീ. 139:3-6 കാണുക).

**3. അവയ്ക്കു മുമ്പായി നടക്കുന്നു; (വാ. 4)**

തനിക്കുള്ളവയെ ഒക്കെയും പുറത്തു കൊണ്ടുപോയ ശേഷം



അവയ്ക്കു മുമ്പായി നടന്ന്, അവയെ നയിക്കുന്നു. ആല യിൽ നിന്ന് മേച്ചിൽപ്പുറത്തേക്കു കൊണ്ടുപോകുമ്പോൾ ഇട യൻ എപ്പോഴും അവയ്ക്കു മുമ്പായി നടന്ന് വഴി തെളിയി ക്കുന്നു. ആടുകൾ നിരനിരയായി അയാളെ പിന്തുടരുന്നു. യേശുവിനെ ശ്രദ്ധിക്കുക. ആക്ഷരീകാർത്ഥത്തിലും ആത്മീ യാർത്ഥത്തിലും ശിഷ്യന്മാർക്കു മുമ്പായി അവിടുന്നു നട ന്നു. "അവർ യറുശലേമിലേക്കു യാത്ര ചെയ്യുകയായിരുന്നു; യേശു അവർക്കു മുമ്പായി നടന്നു; അവർ വിശ്വസിച്ചു; അനുഗമിക്കുന്നവരോ ഭയപ്പെട്ടു" (മർക്കോ. 10:32) ആത്മീ യാർത്ഥത്തിലും യേശു എല്ലാവർക്കും മുമ്പായി നടക്കുന്ന വൻ ആകുന്നു. (He is far ahead of anyone and every one). അവിടുന്നു എല്ലാ മതസ്ഥാപകരിലും പ്രവാചകന്മാ രിലും, ആത്മീയ ഗുരുക്കന്മാരിലും മുമ്പിലാണ്, അവിടുത്തെ ഉപദേശങ്ങൾ നിസ്തുലങ്ങളാണ്; അവിടുത്തെ ജീവിതവും നിസ്തുലം തന്നെ. ഇന്നത്തെ അജപാലകനും ജനങ്ങൾക്കു മുമ്പായി അവർക്കു മാതൃകയാക്കുവാൻ തക്ക സ്വഭാവവും വ്യക്തിത്വവും ഉള്ളവൻ ആയിരിക്കണം. ആദ്ധ്യാത്മിക പരി ജ്ഞാനത്തിലും ധാർമ്മിക നിലവാരത്തിലും വൈദികൻ മുന്നിൽത്തന്നെ ആയിരിക്കണം. പത്രോസ് ശ്ലീഹാ സഭയിലെ കശീശന്മാരെ സംബോധന ചെയ്തുകൊണ്ട് എഴുതി: "ആട്ടിൻ കൂട്ടത്തിന് മാതൃകകളായിത്തീർന്നുകൊണ്ട് അദ്ധ്യ ക്ഷത ചെയ്യുവിൻ" (1 പത്രോസ് 5:2-3).

**4. ഇടയന്റെ ശബ്ദം കേൾക്കുന്നു.**

"ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു... ആടുകൾ അവന്റെ ശബ്ദമറിഞ്ഞ് അവനെ അനുഗമിക്കുന്നു" (വാ. 3,4). നല്ല ഇടയനായ യേശുവിന്റെ "ശബ്ദം" കേട്ട് വലിയ ജനാവലി അവനെ അനുഗമിച്ചു. അവിടുത്തെ ശബ്ദം ജന ങ്ങൾക്ക് ഹൃദ്യവും പ്രചോദനവുമായിരുന്നു. "എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽ നിന്നു പുറപ്പെട്ട ലാവണ്യ വാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു (ലൂക്കോ. 4:22). യഹൂദ്യയുടെ എല്ലാ പ്രദേശത്തുനിന്നും ജനങ്ങൾ വന്നെത്തി. ഭക്ഷണം വെടിഞ്ഞും വിശ്രമം മറന്നും അവർ യേശുവിനെ ശ്രവിക്കുവാൻ വെമ്പൽ കൊണ്ടു. ജീവിത സ്പർശിയായ അവിടുത്തെ വാക്കുകൾ ജീവിതത്തിന്റെ എല്ലാ തലത്തിലുള്ളവരെയും ഒന്നുപോലെ ആകർഷിച്ചു. തന്റെ ഉപദേശത്തെപ്പറ്റി കർത്താവു തന്നെ വെളിപ്പെടുത്തി യത് ഇപ്രകാരമാണ്. നീ (പിതാവ്) എനിക്കു തന്നെ വചനം ഞാൻ അവർക്കു കൊടുത്തു. (യോഹ. 17:6) വീണ്ടും പറ യുന്നു: "ഞാൻ അവർക്കു നിന്റെ വചനം കൊടുത്തിരി ക്കുന്നു" (യോഹ. 17:14) പിതാവു നൽകിയ സന്ദേശമാണ് അവിടുന്നു ഹൃദ്യമായി ജനങ്ങൾക്കു പകർന്നു കൊടുത്ത ത്. മർക്കോസിന്റെ മാളികമുറിയിൽ വച്ച് ശിഷ്യന്മാരോട് ഹൃദയം തുറന്നു സംസാരിച്ചപ്പോൾ വെളിപ്പെടുത്തി: "ഞാൻ എന്റെ പിതാവിനോടു കേട്ടതെല്ലാം നിങ്ങളോട് അറിയിച്ച തുകൊണ്ട് നിങ്ങളെ "സ്നേഹിതന്മാർ" എന്നു പറഞ്ഞിരി ക്കുന്നു (യോഹ. 15:15).

കർത്താവിൽ നിന്നു കേട്ടതും പ്രാപിച്ചതുമാണ് വൈദി കൻ ജനങ്ങൾക്കു പകർന്നു കൊടുക്കേണ്ടത്. എസക്കിയേൽ പ്രവാചകന് ദൗത്യം ലഭിക്കുമ്പോൾ ഒരു ചുരുൾ അദ്ദേഹ ത്തിനു ദൈവം നീട്ടിക്കൊടുക്കുന്നു. അതു ഭക്ഷിച്ച ശേഷം യിസ്രായേൽ ജനത്തോടു പോയി സംസാരിക്കാനായിരുന്നു നിർദ്ദേശം (യെഹ. 3:1 മു). വചനശുശ്രൂഷ നിർവഹിക്കുന്ന ആൾക്ക് ഇവിടെ ഒരു സന്ദേശമുണ്ട്. ദൈവവചനം നന്നായി പഠിച്ചും ഉൾക്കൊണ്ടും ദൈവസന്നിധിയിൽ കാത്തിരുന്നു പ്രാർത്ഥിച്ചു നിർവഹിക്കേണ്ട ദൗത്യമാണ്. ചിലരുടെ പ്രസംഗം കേട്ടശേഷം "ദൈവം എന്നോടു ഇന്നു സംസാ രിച്ചു" എന്നു പലർക്കും അനുഭവപ്പെട്ടതായി സാക്ഷ്യപ്പെ ടുത്താറുണ്ട്. ജനം കേൾക്കുവാനാഗ്രഹിക്കുന്നത് നസറാ യനായ യേശുവിന്റെ ശബ്ദമാണ്. അതു സ്നേഹത്തി ന്റെയും ആർദ്രതയുടെയും ആശ്വാസത്തിന്റെയും, പ്രോത്സാഹ നത്തിന്റെയും മാർഗ്ഗനിർദ്ദേശത്തിന്റെയും പ്രത്യാശയുടെയും വാക്കുകൾ ആയിരുന്നു. ചിലപ്പോൾ അതു തിരുത്തലിന്റെയും ശാസനയുടെയും ധ്വനിയുള്ളതായി മാറാം. എല്ലാറ്റിലും ഉപരി ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു ആത്മീയ ഗുരുവിന്റെ ശബ്ദമായിരുന്നു.

**5. മേച്ചിൽപ്പുറം കണ്ടെത്തി നയിക്കുന്നു:**

"അവൻ ആടുകളുടെ പേർ ചൊല്ലി വിളിച്ച് പുറത്തേക്കു കൊണ്ടുപോകുന്നു.... മേച്ചിൽ കണ്ടെത്തുകയും ചെയ്യും" (വാ. 3,9) ഈ വിഷയത്തെപ്പറ്റി എസക്കിയേൽ പ്രവാച കൻ കൂടുതൽ വ്യക്തമാക്കുന്നുണ്ട്. "നല്ല മേച്ചിൽപ്പുറത്ത് അവൻ അവയെ മേയിക്കും. യിസ്രായേലിന്റെ ഉയർന്ന മല കൾ അവയ്ക്കു കിടപ്പിടം ആയിരിക്കും; അവിടെ അവ നല്ല കിടപ്പിടത്തു കിടക്കുകയും യിസ്രായേൽ മലകളിലെ പുഷ്ടി യുള്ള മേച്ചിൽപ്പുറത്ത് മേയിക്കുകയും ചെയ്യും" (യെഹ. 34:14). ഇടയൻ എപ്പോഴും നല്ല മേച്ചിൽപ്പുറം കണ്ടുവയ്ക്കും. ഒരു മലയിലെ പുല്ലു തീരുമ്പോൾ മറ്റൊന്ന് നേരത്തേ നോക്കി വച്ചിരിക്കും. അവിടേക്കു കൂട്ടിക്കൊണ്ടു പോകും. "യഹോവ എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല" എന്നു സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത് ഇടയൻ മുൻകൂട്ടി കരു തുന്നതുകൊണ്ടാണ് യേശുവിന്റെ ശുശ്രൂഷയിൽ അവിടുന്നു മനുഷ്യരുടെ ശാരീരികവും ആത്മീകവുമായ ആവശ്യങ്ങൾ അറിഞ്ഞ് അവ പരിഹരിച്ചിരുന്നു. ആത്മീയാഹാരമാണ് അവി ടുത്തെ പ്രബോധനങ്ങളിൽ കൂടി നൽകിയത്. അതിന്റെ സന്തോ ഷവും സംതൃപ്തിയും നിമിത്തമാണ് ഭവനങ്ങളിലേക്കു മട ങ്ങാതെ യേശുവിനോടുകൂടെ കഴിയുവാൻ അവർ ഇഷ്ടപ്പെട്ട ത്. ശാരീരികമായ വിശപ്പിനെയും അറിഞ്ഞ് അപ്പം വാഴ്ത്തി വിഭജിച്ച് അവർക്കു നൽകുന്നു. ആത്മികമായ ഒരു വലിയ ഭോജ്യം അവിടുന്ന ലഭ്യമാക്കി. അന്ത്യരാത്രിയിലാണ് അതു നിർവഹിച്ചത്. വി. കുർബാന സ്ഥാപിച്ചുകൊണ്ട് കർത്താവു വീണ്ടും വരുന്നതുവരെ അതു അനുഷ്ഠിക്കുവാൻ ആജ്ഞാ പിക്കുകയും ചെയ്തു.

ഇടയന്മാരായ വൈദികർ തങ്ങളുടെ ആടുകൾക്ക് പുഷ്ടി യുള്ള ആഹാരം നൽകുന്നത് രണ്ടു മാർഗ്ഗങ്ങളിൽക്കൂടിയാ ണ്. ഒന്ന്, ഫലപ്രദമായും കാര്യക്ഷമമായും വചനശുശ്രൂഷ നിർവ്വഹിക്കുന്നതിൽ ക്കൂടി. അതിനു വിവിധ സന്ദർഭങ്ങളും സാഹചര്യങ്ങളുമുണ്ട്. രണ്ട്, വി. കൂദാശകൾ ജാഗ്രതയോടും നിഷ്ഠയോടും നിർവഹിക്കുന്നതിൽക്കൂടി.

**6. ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നു.**

"ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടു ക്കുന്നു; നല്ല ഇടയൻ, എന്നു വിശേഷിപ്പിച്ച യേശുക്രിസ്തു വിൽ മാത്രമാണ് ഈ അനുഭവം യാഥാർത്ഥ്യമാകുന്നത്. ആടു കളോടുള്ള തന്റെ കരുതലും സ്നേഹവും അത്ര വലുതായി രുന്നു. അവയെ വീണ്ടെടുക്കുവാനുള്ള അവിടുത്തെ തീക്ഷ്ണത അത്ര ജാഗ്രത്തായിരുന്നു. യോഹന്നാൻ സാക്ഷി ക്കുന്നു: "അവൻ നമുക്കുവേണ്ടി പ്രാണനെ വച്ചു കൊടുത്ത തിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു. സ്വയം ശൂന്യമാക്കുന്ന, സ്വയം യാഗമാക്കുന്ന സ്നേഹമായിരുന്നു യേശുവിന്റേത്. പൗലോസിനെ മാനസാന്തരപ്പെടുത്തി ഒരു പുതിയ സൃഷ്ടിയാക്കിയതു ക്രിസ്തുവിന്റെ നിസ്തുലമായ സ്നേഹത്തെക്കുറിച്ചുള്ള അവബോധമാണ്, അദ്ദേഹം എഴു തുന്നു. "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താലത്രേ ജീവി ക്കുന്നു" (ഗലാ. 2:20). അജപാലകന്മാരായ വൈദികർ ജന ത്തിനു വേണ്ടി മരിക്കേണ്ടവരല്ല; എന്നാൽ ജനത്തിനു വേണ്ടി ജീവിക്കണം. എങ്കിൽ മാത്രമേ അവരുടെ ശുശ്രൂഷ ഫലപ്രദ മാവുകയുള്ളു. He will not save them by dying for them, but he with, by living for them.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**




## 2020 ജൂലൈ 26
## പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായർ
**വി: മർക്കോസ് 4: 1– 20**

വിത്തുവിതയ്ക്കപ്പെടുന്നു എന്നതു കടംകഥയല്ല, യാഥാർത്ഥ്യമാണ്. എല്ലാ തലമുറയിലും ആവർത്തിക്കപ്പെടുന്ന ജീവിത കഥയാണിത്. History repeats itself എന്നു പറയാറുണ്ട്. എന്നാൽ ചരിത്രം ഒരിക്കലും അപ്പാടെ ആവർത്തിക്കപ്പെടുക അസാധ്യമാണ്. ദൈവരാജ്യത്തിന്റെ സുവാർത്ത എല്ലായിടവും പ്രചരിക്കപ്പെടുന്നു. മനുഷ്യപുത്രന്റെ പുനരാഗമനമാകുമ്പോഴേക്ക് ഈ സത്‌വർത്തമാനം കേൾക്കാത്തവരായി ആരും ഉണ്ടാവില്ല, എന്നാൽ കേട്ടവരെല്ലാം അതു സ്വീകരിക്കണമെന്നില്ല.

മാനവ ധർമ്മമാണു വിഷയം. നാമെല്ലാം ദൈവരാജ്യത്തിന്റെ സുവിശേഷം പതിവായി ശ്രവിക്കുന്നവരും, കേൾക്കുമ്പോൾ, ചില പുതിയ തീരുമാനങ്ങൾ ചെയ്യുന്നവരുമാകാം. എന്നാൽ , സ്വകാര്യവും പരസ്യവുമായ പ്രായോഗികജീവിതത്തിൽ, സുവിശേഷത്തിന്റെ “സാമൂഹ്യവ്യാപനം” വിവിധ തരത്തിലും അളവിലുമാണ്. അവനവന്റെ സാഹചര്യങ്ങളും ‘മനസ്ഥിതിയും’ നിർണ്ണായകമാണ്. കഠിനഹൃദയന്മാരും, എല്ലാം ‘കളിതമാശ’യായിക്കാണുന്നവരും, ജഢിക ചിന്തകളിൽ മഗ്നരും, ധനതൃഷ്ണയെ താലോലിക്കുന്നവരുമെല്ലാം, ‘ദൈവവചനം’ കേൾക്കുന്നവർ തന്നെ. എന്നാൽ ശുദ്ധമാനസരും, ക്ഷമാശീലരും, നേർബുദ്ധികളും, അനുതാപികളും വിത്തുവിതയ്ക്കാൻ “ഒരുക്കപ്പെട്ട” നിലങ്ങളാണ്. നൂറുമേനി ഫലമുണ്ടാകുന്നതിന്റെ പ്രയോജനം അനേകർക്കാണ്.

എല്ലാവരും ന്യായവിധി നേരിടേണ്ടി വരും. ദൈവവചനത്തിന്റെ കുത്തകകളും അവകാശികളുമെന്ന് അഭിമാനിക്കുന്നവർ, ഫലം പുറപ്പെടുവിക്കാതെ വന്നാൽ കൂടുതൽ ശിക്ഷാവിധിക്കു വിധേയരാകും. ദൈവവചനം സ്വീകരിക്കാതെ അന്യരായി ജീവിച്ചവർ മറ്റൊരു രീതിയിലും വിധിക്കപ്പെട്ടേക്കാം.

ദൈവവചനം സ്വീകരിച്ച് വളരുന്ന നമ്മുടെ കണ്ണുകളും ചെവികളും ഭാഗ്യമുള്ളവയാകുന്നു. ഈ ഭാഗ്യം എല്ലാവർക്കും സിദ്ധിച്ചിട്ടില്ല. നമുക്കു ലഭ്യമായിരിക്കുന്ന അനന്യ നൽവരങ്ങൾ എത്ര ശ്രേഷ്ഠം!

ഇപ്പറഞ്ഞതിന്റെ പരമകോടിയാണ്, നമുക്ക് നിത്യജീവന്റെ ആഹാരവും അനശ്വരതയുടെ ഔഷധവുമായി നൽകപ്പെട്ടിട്ടുള്ള “മനുഷ്യപുത്രന്റെ ശരീരരക്തങ്ങൾ! ഭൗതിക ജീവന്റെ അപ്പുറത്തുള്ളതും നിലനിർത്തുന്നതുമായ ‘ഉള്ളിലെ ജീവൻ’ എന്നതാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. നാം സഭാംഗങ്ങളായി, ശരീരത്തിലിരിക്കുന്ന നാൾവരെ, ഈ ജീവൗഷധം നമുക്കു പ്രാപിക്കാം, ദൈവപുത്രൻ നമ്മുടെ ഉള്ളിൽ നിരന്തരമായി കുടികൊള്ളുന്നത് ഇതുവഴിയാണല്ലോ. ഇതിനു പകരം വയ്ക്കാൻ മറ്റൊന്നുമില്ല.

ഈ മുത്തുകൾ പന്നികൾക്കു മുമ്പിൽ എറിഞ്ഞുകൊടുക്കാൻ പാടില്ല!

## 2020 ഓഗസ്റ്റ് 2
## പെന്തിക്കോസ്തിക്കു ശേഷം ഒൻപതാം ഞായർ
**വി: ലൂക്കോസ് 14: 7 – 11**

നീതിമാനല്ല, ദുഷ്ടൻ തന്നെ തഴച്ചു വളരുന്നു, എന്താണിങ്ങനെ?

മനുഷ്യർ ആവർത്തിക്കുന്ന ചോദ്യമാണിത്. യുദ്ധങ്ങൾ, കൊടുംകാറ്റ്, വെള്ളപ്പൊക്കം, വരൾച്ച, പകർച്ച വ്യാധികൾ, മാരക രോഗങ്ങൾ ഇവയെല്ലാം മനുഷ്യരെ സങ്കടക്കടലാക്കുന്നു. സ്നേഹവാനായ ദൈവം ഇതെല്ലാം അനുവദിക്കുമോ?

ഒരുപക്ഷെ, ദൈവസ്നേഹത്തെയും, ജ്ഞാനത്തെയും കുറിച്ചുള്ള നമ്മുടെ അജ്ഞത ഇത്തരം “ന്യായമായ” ചോദ്യങ്ങൾക്കു കാരണമായേക്കും.

വിതയെ സ്പർശിച്ച് രണ്ട് ഉപമകൾ യേശു ശിഷ്യന്മാർക്കു പറഞ്ഞു കൊടുത്തു. ദൈവരാജ്യത്തിന്റെയും, ഇന്നത്തെ ലോക വ്യവസ്ഥയുടെയും പൊരുൾ തുറന്നു കാട്ടുന്നവ. ശത്രു വിതയ്ക്കുന്ന കഥ എക്കാലത്തെയും ലോകത്തിന്റെ നേർച്ചിത്രമല്ലേ? നല്ലതായി ദൈവം സൃഷ്ടിക്കുകയും, അങ്ങനെ കണ്ടു സന്തോഷിക്കുകയും ചെയ്തലോകത്തിന്റെ ഇന്നത്തെ അവസ്ഥ എന്ത്? ആരാണതിന്റെ കാരണക്കാർ?

നല്ല വിത്തു വിതയ്ക്കപ്പെട്ട വയലിൽ, ഗോതമ്പിന്റെ ഇടയിൽ കളവിതച്ചതു ശത്രു. അതും രാത്രിയിൽ പരമരഹസ്യമായി. എങ്കിലും വയലിന്റെ ഉടമ മാത്രം ആ രഹസ്യം അറിഞ്ഞു. ഈ ചതിയെപ്പറ്റിയറിഞ്ഞ വേലക്കാർക്ക് സ്വാഭാവികമായി രോഷമുണ്ടായി. കളപറിച്ചുകളയാനാണവർ ചിന്തിച്ചത്. പക്ഷെ എന്തുകൊണ്ടോ, കർഷകൻ അതനുവദിക്കുന്നില്ല.

ഇവിടെ ഉപമ മറ്റൊരു തലത്തിലേക്കുയർത്തപ്പെടുന്നു; ശത്രു ആദ്യം തന്നെ (ഏദനിൽ വച്ചു തന്നെ) കളവിതച്ചു കഴിഞ്ഞു. ഏതുവയലിലും കളയുണ്ടാകും. കള പറിക്കുമ്പോൾ, ഗോതമ്പും പിഴുതുപോയാലോ? ഒരു ഗോതമ്പു ചെടിക്കു പോലും പരുക്കേൽക്കാൻ കർഷകനു മനസ്സുവരുന്നില്ല. മറ്റൊന്ന്, തൊട്ടടുത്തു നിൽക്കുന്ന കളയുടെ ഒരു സ്വഭാവവും ഉൾക്കൊള്ളാതെ "ഗോതമ്പായി"ത്തന്നെ ജീവിക്കുന്നത് സുപ്രധാനമാണ്. പ്രലോഭനങ്ങളെ അതിജീവിക്കുകയാണിവിടെ. ഒരുപക്ഷേ വെള്ളവും വളവുമെല്ലാം പങ്കിടുന്ന കളകൾ, ഗോതമ്പു ചെടികളെ പരിഹസിച്ചേക്കാം. "ഹോ കുറെ പരിശുദ്ധന്മാർ", എങ്ങനെ ജീവിച്ചാലും മരിക്കും എന്നിങ്ങനെ കളകൾ ജല്പനം ചെയ്തേക്കാം. സങ്കീർത്തനം ഈ കഥ പറഞ്ഞുതരുന്നു.

'ഇങ്ങനെയാകുന്നു ദുഷ്ടന്മാർ, അവർ നിത്യം സ്വസ്ഥത അനുഭവിച്ച് സമ്പത്തു വർദ്ധിപ്പിക്കുന്നു. എന്നാൽ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചു, എന്റെ കൈകളെ കുറ്റമില്ലായ്മയിൽ കഴുകിയതു വ്യർത്ഥമത്രെ' (സങ്കീ. 73:12–13).

ഇതു സ്വാഭാവികമാണ്. പക്ഷെ, കളകൾക്ക് നിലനിൽപ്പില്ല; ആ ആയുസ്സുമില്ല! നല്ല ഗോതമ്പുകൾ വിനയം ശീലിച്ചേ മതിയാവൂ. മുഖ്യ സ്ഥാനം കയ്യടക്കാനും, അതിനു വേണ്ടി വാദിക്കാനുമൊരുങ്ങുന്നവന്, ചിലപ്പോൾ അവസാനത്തെ ഇരിപ്പിടം കൊണ്ടു തൃപ്തിപ്പെടേണ്ടിവരുന്നു! (ലൂക്കോ. 14).

## 2020 ഓഗസ്റ്റ് 6

## മറുരൂപപ്പെരുന്നാൾ (കൂടാരപ്പെരുന്നാൾ)

**വി: ലൂക്കോസ് 9: 27 – 36**

ദൈവരാജ്യത്തിന്റെ പൂർണ്ണമായ അനാവരണവും 'മനുഷ്യപുത്രന്റെ രാജത്വത്തിന്റെ വരവും പ്രതീക്ഷിക്കുന്നവരാണു നമ്മൾ. ഈ ഭൗതിക സാഹചര്യങ്ങളിൽ അത് വെളിപ്പെടാനുള്ള സാധ്യത തീരെയില്ല. എന്നാൽ രണ്ടു മനുഷ്യർ സുബോധത്തോടെയും മറ്റുമൂന്നുപേർ, തീർത്തും ഭാഗികമായും "ദൈവരാജ്യം ശക്തിയോടു കൂടെ വരുന്നതു'കണ്ടു.

ഇത് അസാധാരണമായ ഒരു സംഭവം തന്നെ. യേശു തന്നെ അതിനെ, "ദൈവരാജ്യത്തിന്റെ വരവും വെളിപ്പാടുമായി" വിവരിച്ചിരിക്കുന്നു. അവിടെ മൃതനും അമൃതനും, വളരെ കുറവുകളുള്ള മനുഷ്യരും ചേർന്നിട്ടുണ്ട്. മറുരൂപ മലയിലെ ചർച്ചാ വിഷയം "ന്യായവിധി"യല്ല, "യരുശലേമിൽ നിവർത്തിയാകാനുള്ള അവന്റെ നിര്യാണത്തെ (ലൂക്കോ. 9:31)പ്പറ്റിയാണ് അവർ സംസാരിച്ചത്. മോശയും ഏലിയാവും ദൈവദർശനം ലഭിച്ചവരും ദൈവത്തോടു സംഭാഷിച്ചവരുമായിരുന്നു. രണ്ടുപേരുടെയും പ്രവചനങ്ങൾ വിരൽ ചൂണ്ടിയിരുന്നത് കാൽവറിയിലെ യാഗത്തിലേക്കാണ്. മോശ പിച്ചളസർപ്പത്തെ തൂക്കി; ഏലിയായുടെ ബലിയിന്മേൽ അഗ്നിയിറങ്ങി. അവരുടെ ബലികളുടെയെല്ലാം പൂർണ്ണതയും പൊരുളും, സമാപ്തിയുമാണിവിടെ ചർച്ചചെയ്യപ്പെട്ടത്.

മൂന്നു ശിഷ്യന്മാരുടെ യോഗ്യതാരാഹിത്യവും (അവർ മാത്രമാണ് ഈ സംഭവത്തിന്റെ ദൃക്സാക്ഷികൾ) മോശ, ഏലിയ എന്നിവരുടെ "യോഗ്യതയും" ശ്രദ്ധിക്കപ്പെടണം. തന്റെ മഹത്വത്തിൽ ദൈവപുത്രനോട് മുഖാമുഖമായി സംസാരിക്കുന്നത് അവരാണ്. അവിടെ മരണവും, അല്ലാത്തതും ഒന്നും തടസ്സമല്ല. ഇരുഭാഗത്തെയും ഒന്നാക്കുന്നവനാണ് ക്രിസ്തു.

ഭൗതിക മരണശേഷവും മനുഷ്യനും ആത്മീകമായി വളരാനും ശുദ്ധീകരിക്കപ്പെടുവാനും സുവിശേഷ ശ്രമത്താൽ പരിണാമ വിധേയരാകാനും സാധിക്കുമെന്നും ഇതു വെളിപ്പെടുത്തുന്നു. 'കനാൻനാടു' കാണാതെ നിര്യാതനായ മോശയും, രാജ്ഞിയെ ഭയന്നോടിയ ഏലിയാവും ഇവിടെ കുറവില്ലാത്തവരായി വെളിപ്പെട്ടു. അവർക്ക് എന്തു വലിയ "പുരോഗതി'യാണ് സംഭവിച്ചത്! അവർ 'മരിച്ചവരും മൗനതയിലിറങ്ങിയവരും, ദൈവത്തെ സ്തുതിക്കാത്തവരുമല്ല എന്നു സ്പഷ്ടം.

ഈ മഹത്വീകരണത്തിനു നാമും അർഹരാകട്ടെ!



## മലങ്കര ഓർത്തഡോക്സ് സഭയും മാർത്തോമ്മാ കൂട്ടായ്മയും താഴത്തച്ചന്റെ വിലാപങ്ങളും

ഗ്രന്ഥകർത്താക്കൾ:

**ഫാ.ഡോ. ജോസഫ് ചീരൻ, കെ.വി. മാമ്മൻ കോട്ടയ്ക്കൽ**

*(റിട്ട. അസി. എഡിറ്റർ, മലയാള മനോരമ)*

**വില: 250 രൂപാ, പ്രകാശനം: 2020 ജൂലൈ 3**

**അവതാരിക: അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**

**അനുബന്ധ പഠനം: ഡോ. എം. കുര്യൻ തോമസ്**

*(പ്രമുഖ സഭാചരിത്രകാരൻ)*

ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കര സഭയുടെയും ഏതാണ്ട് 200 വർഷം മുമ്പ് സഭയുടെ പവിത്രമായ തക്സാ തിരുത്തിയും അടിസ്ഥാന വിശ്വാസാചാരങ്ങൾ നീക്കം ചെയ്തും മാതൃസഭയിൽ നവീകരണം വരുത്താമെന്ന് ഉറപ്പു നൽകി വിദേശ മിഷണറിമാരോടു പണം വാങ്ങി മാർത്തോമ്മാ കൂട്ടായ്മ ആരംഭിച്ചു മലങ്കര സഭയിൽ ഒരു പിളർപ്പുണ്ടാക്കി പിരിഞ്ഞുപോയ വിഭാഗത്തിന്റെയും യഥാർത്ഥ ചരിത്രം ഉൾക്കൊള്ളുന്നതാണ് "മലങ്കരസഭയും മാർത്തോമ്മാ കൂട്ടായ്മയും താഴത്തച്ചന്റെ വിലാപങ്ങളും" എന്ന ശ്രദ്ധേയമായ ഈ പുസ്തകം.

**3 പുതിയ പുസ്തകങ്ങൾ**

1. **വട്ടശ്ശേരിൽ തിരുമേനി – 200 രൂപ**
2. **ചേപ്പാട്ടു മാർ ദീവന്നാസ്യോസ് തിരുമേനി – 150 രൂപ**
3. **മലങ്കരസഭയുടെ അണിയറ ശില്പികൾ – 500 രൂപ**

വില പണമായോ ചെക്കായോ അയയ്ക്കേണ്ട വിലാസം. കെ. വി. മാമ്മൻ കോട്ടയ്ക്കൽ, മാങ്ങാനം പി.ഒ., കോട്ടയം – 686018, ഫോൺ: 0481–2578936

## IInd Death Anniversary 15-06-2020

08-03-1947



15-06-2018

In Loving Memory of


Our Dearest Mummy

**MRS. MOLY JOHN**

**Kalapurackal, Villa No. 5,**
Aishwarya Garden
Kuttur, Thrissur-680013

By Sorrowing Family

# IN MEMORIAM



## REV. FR. C. M. ISSAC

**CALLUMPURATH POOVATHUR**
**MAVELIKARA**

(12.07. 1896 - 18. 07.1957)

Brother of late Mar Thoma Dionysius, Metropolitan of Niranom and founder of Mount Tabor Dayara, Pathanapuram. C. M. Isaac had his religious education at Kundara Seminary under late Catholicose Baseliose Geevarghese II, then metropolitan of Kollam and under Kuriakose Mar Gregoriose Metropolitan, at Mar Kuriakose Dayara, Pampady. He served as priest at St. Mary's Church, Thiruvithamkod, 1933-36, St. George Syrian Church, Palayom, Trivandrum, 1933-36, Syrian Church Trichy (Tamil Nadu) 1937, Colombo (Sri Lanka) 1937 and from 1938 onwards as Vicar, St. Stephen's Chapel, Mount Tabor Dayara, Pathanapu ram. His mortal remains laid to rest at the Cemetery of St. Mary's Orthodox Cathedral, Puthiyakav, Mavelikara.

Fondly remembered by:

**Family of his brother C.M. George, Callumpurath Poovathur, Puthiyakav, Mavelikara.**

## 2020 ഓഗസ്റ്റ് 9
## കൂടാരപ്പെരുന്നാളിനു ശേഷം ഒന്നാം ഞായർ
**വി: മത്തായി 21: 28 – 32**

പിതാവിനെയും മാതാവിനെയും സംരക്ഷിക്കാത്തവരും, അനുസരിക്കാത്തവരുമായ മക്കൾ കൊല്ലപ്പെടണമെന്ന് ന്യായപ്രമാണം പറയുന്നു. (അങ്ങനെയുള്ള മക്കൾ ശിക്ഷിക്കപ്പെടണമെന്ന് ഇന്ത്യയിൽ നിയമമുണ്ട്). വാത്സല്യവാനായ പിതാവ്, പരസ്യമായി, സ്വന്തം മക്കളാൽ ആക്ഷേപിക്കപ്പെടുന്ന രംഗം, യേശുതമ്പുരാൻ തന്നെ വിവരിക്കുന്നുണ്ട് (ധൂർത്തപുത്രൻ. ലൂക്കോ. 15:11-32). വി. മത്തായി 21: 28-32 വരെയുള്ള അപ്പന്റെയും മക്കളുടെ കഥയിലും ഇതു തന്നെ ആവർത്തിക്കപ്പെടുന്നു. പരിഷ്ക്കാരികളും മടിയന്മാരും, പരാഹനഭോജികളുമായ മക്കൾ അപ്പനെ കബളിപ്പിക്കുന്നത് ഈ കഥയിലെ ഒരംശമാണ്.

'അനുസരണം ബലിയെക്കാൾ നല്ലതെന്നു' പഠിപ്പിച്ച ന്യായപ്രമാണം ഉൾക്കൊള്ളുന്ന മക്കളുടെ കൗശലത്തിനു മുമ്പിൽ 'ബലി'യാകുന്നതു പിതാവാണ്. എങ്കിലും അനുതാപവും മാനസാന്തരവുമാണ് ഈ കഥയിലെ മുഖ്യാംശം. To err is human, to forgive, divine എന്ന് Jonathan Swift കുറിച്ചതിന്റെ ചുവടുപിടിച്ച് To sin is human to repent, divine എന്നു പറയാമെന്നു തോന്നുന്നു. വാസ്തവത്തിൽ അനുതാപം എന്നാലെന്താണ്. താൻ യാത്ര ചെയ്യുന്ന വഴിയിൽ നിന്ന് നേരെ എതിർവശത്തേക്കു തിരിഞ്ഞ് (180 ഡിഗ്രി) യാത്ര തുടരുന്നതാണത്. അതായത് വഴിതെറ്റിൽ നിന്നു പൂർണ്ണമായി പിന്തിരിയുക എന്നർത്ഥം. വഴിതെറ്റിയെന്ന് ഏറ്റുപറഞ്ഞിട്ട്, തുടർന്നും ആ വഴിയെ തന്നെ മുന്നേറുന്നത്, ഇരട്ടി അധർമ്മമാണ്.

യോഹന്നാൻ സ്നാപകന്റെ പ്രസംഗം കേട്ട, സാധാരണക്കാരും, പാവപ്പെട്ടവരും അനുതപിച്ചു. വരേണ്യവർഗ്ഗം യോഹന്നാനെ അവഗണിച്ചു; അവൻ നിസ്സാരനാണെന്ന് അവർ കരുതി. "പാപികൾ" എന്ന് മുദ്രകുത്തപ്പെട്ടിരുന്നവർ സ്വർഗ്ഗം പൂകി. ധനവാന്റെ ഉപമയിലെന്നോണം, അവസാനം, മാനസ്സാന്തരപ്പെട്ടവർ ദൈവരാജ്യത്തിലും, ഈ ലോകത്തിലെ "വലിയവരും അധികാരികളും നരകത്തിലും അവസാനിക്കും".

പിതാവിന്റെ ഇഷ്ടം ചെയ്യുന്നതാര്?

ഇത് ഇന്നും കർത്താവ് ഉയർത്തുന്ന ചോദ്യമാണ്. അതു നടപ്പാകാത്ത ഒരു മതവും, ഒരു വിശ്വാസവും നിലനില്ക്കുകയില്ല. ദൈവകല്പനകൾ എവ എന്നതു മനഃപാഠമായിരിക്കാം. പക്ഷെ അത് മനസ്സിനു യാതൊരു മാറ്റവും വരുത്തിയിട്ടില്ലെങ്കിലോ? സ്വയം കൃതാനർത്ഥത്തിന് മറ്റാരെയും പഴി പറഞ്ഞിട്ടെന്തു കാര്യം? സ്വന്തയിഷ്ടം നടത്താനല്ലേ ഇന്നും നമുക്കെല്ലാം താല്പര്യം?.

## 2020 ഓഗസ്റ്റ് 15
## ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ
**വി: ലൂക്കോസ് 11: 27 – 36**

വി. കന്യകമറിയാം ഒരത്ഭുതമാണ്! ദൈവകല്പന, പൂർണ്ണമായി അനുസരിച്ചു നടപ്പാക്കാൻ കഴിയുമെന്ന് ലോകത്തിനു കാണിച്ചുതരുന്നവരിൽ ഒന്നാം സ്ഥാനം വഹിക്കുന്നയാൾ. സ്വഭവനത്തിൽ 'ദൈവപുത്ര'നെ വളർത്തുക എന്നതിനെപ്പറ്റി, ആ അമ്മ എത്രനാൾ ചിന്തിച്ചുകാണും? പക്ഷെ, മകനെ കണ്ടാൽ ഒരു സാധാരണ ബാലൻ അത്ര തന്നെ. എത്രകാലം ഇങ്ങനെ പോകുമെന്നോ, അതിന്റെ അവസാനം എന്തെന്നോ, ആ അമ്മയ്ക്കും (യൗസേഫിനും) ഒരു രൂപവുമില്ല. ഇടയ്ക്കിടെ കേട്ട ചില പ്രസ്താവനകൾ ഉദാ: "ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടതല്ലേ"? (ലൂക്കോസ് 2:49); അതിനുമുമ്പ് വൃദ്ധനായ ശിമോന്റെ വാക്കുകൾ (ലൂക്കോസ് 2) മാതാവിനെ ഏറെ ചിന്തിപ്പിച്ചിരിക്കും. മുപ്പതു വയസ്സുവരെ-അതൊരു മഹാരഹസ്യമാണ്. 'എനിക്കും എന്റെ വീട്ടുകാർക്കും രഹസ്യം' എന്നത് ഇവിടെ നിറവേറിയിരിക്കുന്നു. മകൻ വീടുവിട്ടിറങ്ങി, ശിഷ്യന്മാരുമായി സഞ്ചരിച്ചപ്പോൾ അവൾക്ക് നിസ്സംഗതാഭാവം ഉണ്ടായിക്കാണില്ല. അതും 'രഹസ്യ'ത്തിന്റെ ഭാഗം!

മകന്റെ ക്രൂശുമരണം, അമ്മയുടെ ഉള്ളുലയ്ക്കുന്നതായിരുന്നു. എന്നാൽ പിന്നീടുള്ള സംഭവങ്ങളിലൂടെ അമ്മ, തന്റെ ദൈവനിയോഗത്തിന്റെ മർമ്മം ഗ്രഹിച്ചു തുടങ്ങി. 'ബാലസഭയിൽ' എല്ലാവർക്കും അമ്മയായി തുടർന്ന അമ്മയെ, അപ്പോസ്തോലന്മാർ ആദരപൂർവ്വം കാത്തു എന്നതാണ് പാരമ്പര്യം. ബാല്യകാലത്തും മറിയാം ദേവാലയന്തരീക്ഷത്തിൽ വളർന്നതായി മറ്റൊരു പാരമ്പര്യവുമുണ്ട്. അപ്പോസ്തലന്മാർ പല ദിക്കിലേക്കു സുവിശേഷഘോഷണാർത്ഥം പോയി എന്നതും അമ്മ അറിഞ്ഞു. പിന്നീട് അമ്മയുടെ നിര്യാണകാലമായി! അമ്മ അന്ന് വലിയ വാർദ്ധക്യത്തിൽ എത്തിയിരുന്നില്ല എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. പുത്രൻ വിളിച്ചു. അമ്മ അങ്ങോട്ടു യാത്രയായി; അത്ര തന്നെ.

പൗരസ്ത്യ സഭ അമ്മയുടെ നിര്യാണത്തെ, വളരെ ലളിതമായി ഉറക്കം (Dormition) എന്നു വിളിക്കാനിഷ്ടപ്പെടുന്നു. അമ്മയുടെ നിര്യാണവും അനന്തരവും, അമ്മ ജീവിതകാലം മുഴുവൻ ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന മഹാരഹസ്യം പോലെ തന്നെയായിരുന്നു. അതും മിസ്റ്ററിയാണ്. അക്കാരണത്താൽ Assumption (സ്വർഗ്ഗാരോപം) എന്ന് പറയാൻ പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യം ഒരുമ്പെടാറില്ല. മിസ്റ്ററിയെ തുറന്നു നോക്കാൻ നമുക്കാകുമോ?

അമ്മയുടെ വാങ്ങിപ്പ് ഭാരതത്തിനു 'സ്വാതന്ത്ര്യദിന' വാർഷികം കൂടെയാണ്. പാപം, മരണം, സാത്താൻ എന്നിവയിൽ നിന്ന് മനുഷ്യനെ വീണ്ടെടുത്ത ദൈവത്തിന്റെ കുഞ്ഞാടിന്റെ അമ്മയുടെ ഉറക്കം, മറ്റൊരു സ്വാതന്ത്ര്യസ്മരണയാണ്. ഈ അമ്മയാണ്, അതിലേക്ക് വഴിതെളിച്ച, മഹാസമ്മതം (ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ!) നൽകിയത്; വേണമെങ്കിൽ നിരാകരിക്കുകയും ചെയ്യാമായിരുന്നു. ശാന്തശീലയും സംയമനത്തിന്റെ പ്രതീകവുമായ കന്യക അമ്മ, നിർഭയത്വത്തിന്റെയും ധൈര്യത്തിന്റെയും ശാലീന മാതൃകയാണ്.

# പഴയനിയമ പഠനം-6

ഫാ. കെ.വി. ഏലിയാസ്
(ഓർത്തഡോക്സ് സെമിനാരി)

## ഇയ്യോബ്


**ദൈ**വം ഈ പ്രപഞ്ചത്തിൽ തന്റെ പ്രവർത്തികളിൽ വ്യാപൃതനാണെന്ന് ഈ പുസ്തകത്തിൽ പറയുന്നു (38:26). മനുഷ്യന്റെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ ദൈവത്തിന്റെ കർമ്മങ്ങൾക്ക് ഒരു പ്രശ്നമല്ലതന്നെ. ലോകത്ത് തിന്മയുടെ സാന്നിദ്ധ്യത്തെക്കുറിച്ചും ദൈവത്തിന് ഉത്തമബോധ്യമുണ്ട് (40:1541:34). ലിവ്യാഥാനും (മഹാനക്രം) ബഹെമോത്തും (നദീഹയം) ഈ തിന്മയുടെ മൂർത്തീകരണമാണ്. ഈ സാഹചര്യത്തിലും ദൈവം ഇയ്യോബിനെ കരുതുന്നു. സ്വയം വെളിപ്പെടുത്തുകയും പ്രപഞ്ചത്തിലെ തന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള ദർശനങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ഭാഗധേയത്തിൽ നിർണ്ണായക സ്വാധീനമുള്ള ദൈവം തന്നെയാണ് മനുഷ്യനോട് തന്റെ കർമ്മബഹുലതയേയും വ്യഥയേയും പങ്കുവയ്ക്കുന്നതും. ഈ ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നവനാണ്. 'സ്വാതന്ത്ര്യ'ത്തിൽ തന്നെ ശുശ്രൂഷിക്കേണ്ടവനാണ് മനുഷ്യൻ. ആ താല്പര്യത്തിലാണ് പലപ്പോഴും മനുഷ്യനെ പരിശോധനയ്ക്ക് വിധേയനാക്കുന്നത്.

ഈ പുസ്തകത്തിന്റെ വേദശാസ്ത്രം സംബന്ധിച്ച അന്വേഷണങ്ങൾ വിവിധങ്ങളായ ചിന്തകൾ മുന്നോട്ടുവയ്ക്കുന്നു. ആഴവും പരപ്പുമില്ലാത്ത വായന കഷ്ടതയ്ക്ക് ദൈവം മനുഷ്യനെ വിധേയമാക്കുന്നു അഥവാ മനുഷ്യൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നതിനാൽ കഷ്ടത ഉണ്ടാകുന്നുവെന്ന് ചിന്തിപ്പിക്കും. വന്നുപോയ പീഡകൾക്കു കാരണം പാപമാണെന്ന ധ്വനി ഇയ്യോബും സുഹൃത്തുക്കളുമായുള്ള സംഭാഷണത്തിലൂടെ സൂചിപ്പിക്കുകയും ചെയ്യുന്നു. പാപത്താൽ കഠിനമായ കഷ്ടതയുണ്ടാകും, അത് ദൈവം നൽകുന്ന ശിക്ഷയെന്ന് ഈ ചിന്തയെ സംഗ്രഹിക്കാം.

രണ്ടാമത്തെ ചിന്ത 'പ്രതിപകര' നിയമത്തിന്റെ കഥയാണിത് എന്നാണ്. ഇയ്യോബിനെ വെറുതെ കഷ്ടപ്പെടുത്തുന്നു. ഒടുവിൽ നീതിമാനെന്ന് തെളിയുമ്പോൾ നഷ്ടപ്പെട്ടതിന്റെ ഇരട്ടി പ്രതിപകരമായി നൽകി. ന്യായപ്രമാണത്തിൽ പറയുന്ന പ്രതിപകരനിയമത്തെ സാധൂകരിക്കുന്ന ഒരു സംഭവമായി ഇതിനെ വ്യാഖ്യാനിക്കുന്നു. ഈ പ്രമാണത്തെ (അവർ. 4-7) അംഗീകരിക്കുന്നുവെങ്കിൽ അ. 3-42:6 ഭാഗങ്ങൾ അപ്രസക്തമാണ്. അ. 1,2, 42:7-16 ൽ കഥപൂർണ്ണമായി.

മൂന്നാമത്തെ ചിന്ത 'നിസ്സംഗമായ ഭക്തി' (disinterested piety) എന്നതാണ്. ദൈവസന്നിധിയിലെ സാത്താന്റെ ചോദ്യം: "വെറുതെയോ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നത്?", ഈ ചിന്തയിലേക്കാണ് നയിക്കുന്നത്. നരലോകത്ത് ഇയ്യോബിന്റെ ഭവനത്തിലും ജീവിതത്തിലും സ്വർഗ്ഗലോകത്ത് ദേവസഭയിലുമായി നടക്കുന്ന സംഭവങ്ങളും സംഭാഷണങ്ങളും, തുടർന്ന് ഇയ്യോബും സുഹൃത്തുക്കളുമായി നടക്കുന്ന സംവാദത്തിലും ഒടുവിൽ ദൈവത്തിന്റെ ഇടപെടലിലും വ്യക്തമാകുന്നത് ഇയ്യോബ് നിഷ്ക്കളങ്കനും നേരുള്ളവനും ദൈവഭക്തനുമായിരുന്നുവെന്നുതന്നെയാണ്. ജീവിതത്തിലെ ഭൗതിക സാഹചര്യങ്ങളുടെ ഉയർച്ച-താഴ്ചകൾ ഇയ്യോബിന്റെ ദൈവഭക്തിയെ ഒരുവിധത്തിലും സ്വാധീനിക്കുന്നില്ല. ഇയ്യോബിന്റെ ഭക്തി അതുകൊണ്ട് നിസ്സംഗമായ ഭക്തിതന്നെ എന്ന് വ്യക്തം. അതുകൊണ്ട് 42:7 മുതലുള്ള ഭാഗത്ത് പറയുന്ന കാര്യങ്ങൾ ഇയ്യോബിന്റെ സ്വഭാവദാർഢ്യത്തിന്, സത്യസന്ധതയ്ക്ക്, സമഗ്രതയ്ക്ക് സ്വാഭാവികമായി ലഭിക്കുന്ന സാന്ത്വനമാണ്. അത് ദൈവത്തിന്റെ മഹാമനസ്ക്കതയുടെ സ്വാഭാവിക പരിണാമവും. മുമ്പു സൂചിപ്പിച്ചതുപോലെ ഇയ്യോബ് 1, 2, 42:7-17 ഭാഗങ്ങൾ കൊണ്ട് ഈ കഥ പൂർണ്ണമാകും.

1, 2 അദ്ധ്യായങ്ങളെ ആമുഖമായും 42:7-17 ഭാഗത്തെ ഉപസംഹാരമായും ഗണിക്കുന്നുവെങ്കിൽ 3-42:6 ഭാഗത്തെ, പദ്യരൂപത്തിലുള്ള സംവാദത്തെ പുസ്തകത്തിന്റെ പ്രധാന ഭാഗമായിക്കാണാം. ഈ പദ്യഭാഗത്തെ വീണ്ടും മൂന്നു ഭാഗമായി തിരിക്കാം. സംഭാഷണങ്ങളും സംവാദങ്ങളും (3:1-27, 23). ഈ സംഭാഷണം മൂന്നുവട്ടങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. തുടർന്ന് ഒരു ജ്ഞാനകീർത്തനമാണ് (28:1-28). മൂന്നാമത്തെ ഭാഗത്ത് (29:1-42.6) ഇയ്യോബിന്റെ ദൈവസന്നിധിയിലുള്ള നീതീകരണത്തിനായുള്ള നിലവിളിയും എലിഹൂവിന്റെ ഭാഷണവും ദൈവവും ഇയ്യോബുമായുള്ള സംഭാഷണവുമാണ്. ഇതിലൂടെ ദൈവം ഇയ്യോബിനെ നീതികരിക്കുന്നു. അവന്റെ നിസ്സംഗഭക്തി അംഗീകരിക്കപ്പെടുന്നു. കൂട്ടുകാർ അവരുടെ തെറ്റുകൾ മനസ്സിലാക്കുകയും ചെയ്യുന്നു.



# പുതിയ നിയമപഠനം 6

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



## പരസ്യശുശ്രൂഷയ്ക്കായുള്ള തയ്യാറെടുപ്പ്: യേശുവിന്റെ സ്നാനവും പ്രലോഭനങ്ങളും
(മത്താ. 3:1–4:11)

ധാരാളം വായനക്കാരെ കുഴയ്ക്കുന്ന ചോദ്യമാണ്: "യേശു തന്റെ ശൈശവകാലത്തിനും പരസ്യശുശ്രൂഷയ്ക്കും ഇടയിൽ എങ്ങനെ ജീവിച്ചു?". എന്നാൽ സുവിശേഷകർ ഇക്കാര്യത്തിൽ ഒട്ടും താല്പര്യം കാട്ടുന്നവരല്ല എന്നുള്ളതു വ്യക്തമായി പറയുന്നത് വി. യോഹന്നാൻ ശ്ലീഹായാണ് (യോഹ. 20:30–31; 21:25). അവരുടെ ശ്രദ്ധമുഴുവൻ യേശു ദൈവപുത്രൻ എന്ന നിലയിൽ എന്തെല്ലാം പ്രവർത്തിച്ചു എന്ന് വിസ്തരിക്കുകയാണ്. വി. മത്തായി ശ്ലീഹായും അതുകൊണ്ട് തന്നെ ശൈശവകാലത്തിനുശേഷം പറയുന്നത് യേശുവിന്റെ പരസ്യശുശ്രൂഷയെപ്പറ്റിയാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ യേശുവിന്റെ സ്നാനവും പ്രലോഭനങ്ങളും വിവരിക്കുന്നു.

**1. യോഹന്നാൻ സ്നാപകനും യേശുവിന്റെ സ്നാനവും (മത്താ. 3:1–17)**

"അക്കാലത്ത്" എന്നത് ഇവിടെ കഴിഞ്ഞ അധ്യായത്തിന്റെ അവസാനം പറയുന്ന അർക്കലാവോസിന്റെ കാലം എന്നതല്ല; മറിച്ച് ഇത് ദൈവം നിശ്ചയിച്ച കാലം എന്നോ പ്രവചനങ്ങളുടെ പൂർത്തീകരണകാലമെന്നോ (യെശ. 10:20, ആമോ. 9:11) വേണം മനസ്സിലാക്കുവാൻ. ഏലിയാ ദീർഘദർശിയുടെ രൂപവും ഭാവവുമുള്ള യോഹന്നാൻ സ്നാപകനാണ് (1 രാജാ. 1:8; 19:3–18; മത്താ. 17:10–12) യേശുവിന്റെ മശീഹൈക ശുശ്രൂഷയ്ക്ക് വഴിയൊരുക്കുന്നത്. യെശയ്യാ പ്രവചനത്തിൽ പറയുന്നതുപോലെ (യെശ. 40:3) മരുഭൂമിയിൽ ആണ് അദ്ദേഹത്തിന്റെ ശബ്ദം മുഴങ്ങിക്കേൾക്കുന്നത്. യെറുശലേമിലും, യഹൂദ്യയിലും യോർദ്ദാന് സമീപമുള്ള സ്ഥലങ്ങളിലുള്ളവരെല്ലാം ഈ ശബ്ദം കേട്ട് മാനസാന്തരസ്നാനം സ്വീകരിക്കുന്നു; അവർ തങ്ങളുടെ പാപങ്ങളുടെ ഏറ്റുപറച്ചിലിലൂടെയും സ്നാനത്തിലൂടെയും പാപമോചനം പ്രാപിക്കുകയും ചെയ്യുന്നു. പരീശന്മാരും സാദൂക്യരും കൂടി ഇത്തരം മനംമാറ്റത്തിന് തയ്യാറാവുകയും സ്വർഗ്ഗരാജ്യത്തിന്റെ ജീവിതശൈലിയിലേക്ക് സ്വയം പ്രവേശിക്കുകയും ചെയ്യുന്നു. വി. ലൂക്കോസ് ഏവൻഗേലിസ്ഥൻ വിവിധ വ്യക്തികളുടെ മാനസാന്തരം കുറെക്കൂടി വ്യക്തമായി പറയുന്നുണ്ട് (ലൂക്കോ. 3:10–14). "അബ്രഹാമാണ് ഞങ്ങളുടെ പിതാവ്" എന്ന സ്വാഭിമാനം കൊണ്ട് ആത്മീയ ജീവിതത്തിൽ ഒന്നുമാകയില്ല എന്നസത്യം യഹൂദമത നേതൃത്വം പോലും തിരിച്ചറിയുന്നു. അബ്രഹാമിന്റെ മക്കൾ അതിനനുസരണമായ ജീവിതശൈലി തിരഞ്ഞെടുക്കുന്നില്ലായെങ്കിൽ (യോഹ. 8:37–47) അവരുടെ പൈതൃകവും, പാരമ്പര്യവും അനുഷ്ഠാനങ്ങളും എല്ലാം നിഷ്ഫലങ്ങളായി പരിണമിക്കുമെന്നുള്ള യാഥാർത്ഥ്യം അന്നത്തെ യഹൂദജനത്തോടെന്നതുപോലെ 21–ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മോടും ദൈവം അരുളിച്ചെയ്യുന്നു. പാപങ്ങളെ തിരിച്ചറിഞ്ഞ്, ഏറ്റുപറഞ്ഞ് പുതിയൊരു ജീവിതശൈലി സ്വീകരിച്ച് രൂപാന്തരം പ്രാപിക്കുന്നവർ മാത്രമാണ് അബ്രഹാമിന്റെ സന്തതികൾ.

യോർദ്ദാൻ നദിയിൽ സ്നാനമേറ്റവരുടെ ഇടയിൽ യേശുവിനെ കണ്ട യോഹന്നാൻ സ്നാപകൻ അല്പനേരം പകച്ചുപോയി. എന്നാൽ യേശുവിന്റെ മറുപടി "സകല നീതിയും നിവർത്തിക്കുവാൻ" താൻ യോഹന്നാനാൽ സ്നാനം ഏൽക്കേണ്ടതുണ്ട് എന്നതാണ്. ദൈവിക പദ്ധതിയിൽ പഴയനിയമത്തിന്റെ ഒടുക്കവും പുതിയ നിയമത്തിന്റെ തുടക്കവുമായ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ പരമപ്രധാനമാണ്. പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ റൂഹാ പുതിയൊരു തുടക്കത്തിന്റെ സൂചനയാണ് നൽകുന്നത്. "ഇവനെന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന സ്വർഗ്ഗീയ ശബ്ദം (സങ്കീ. 2:7, യെശ. 42:1) കർത്താവിന്റെ മറുരൂപസമയം ഒരിക്കൽക്കൂടി നാം കേൾക്കുന്നുണ്ട് (മത്താ. 17:5). കിഴക്കൻ സഭകളിൽ സമീപകാലം വരെ ക്രിസ്തുമസിനേക്കാൾ പ്രാധാന്യം യേശുവിന്റെ സ്നാനത്തിലൂടെയുള്ള epiphany അഥവാ ദനഹായ്ക്കായിരുന്നു. സ്നാനത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസം ലഭിക്കുന്നുവെന്നത് യോഹന്നാൻ സ്നാപകന്റെ സ്നാനവും ക്രിസ്തീയ സ്നാനവും തമ്മിലുള്ള ഏക വ്യത്യാസം കൂടിയാണ്. മാനസാന്തരവും പാപങ്ങളുടെ ഏറ്റുപറച്ചിലും, പാപമോചനവും എല്ലാം യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിച്ചവരുടെ അനുഭവങ്ങളായിരുന്നു.

**(2) യേശുവിന്റെ പ്രലോഭനങ്ങൾ (മത്താ. 4:1–11)**

സ്നാനത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ റൂഹായാണ് യേശുവിനെ പ്രലോഭനങ്ങൾ അതിജീവിക്കുന്നതിനായി മരുഭൂമിയിലേക്ക് നയിക്കുന്നത്, യിസ്രായേൽ ജനവും മരുഭൂമിയിലാണല്ലോ പ്രലോഭനങ്ങളെ നേരിട്ടത് (ആവ. 8:2–3). നാല്പതു പകലും നാല്പതു രാവുമുള്ള ഉപവാസം മോശയുടെയും ഏലിയാവിന്റെയും മാർഗ്ഗം തന്നെയായിരുന്നു (പുറ. 34:28). പ്രധാനമായും മൂന്നുതരത്തിലുള്ള പ്രലോഭനങ്ങൾ യേശു നേരിടുന്നു എന്നതുകൊണ്ട് തന്റെ ജീവിതത്തിൽ പിന്നീടൊരിക്കലും യേശു പ്രലോഭനങ്ങളെ നേരിട്ടില്ല എന്ന യർത്ഥമില്ല (ഉദാ: മത്താ. 16:23; 17:41). "നീ ദൈവപുത്രൻ എങ്കിൽ" എന്നുള്ള പിശാചിന്റെ സംബോധനയാണ് ആത്മീയ നൽവരങ്ങൾ ലഭിച്ച പലരേയും കുടുക്കുവാൻ ഇടയാകുന്നത്. (a) യേശു നേരിട്ട ഒന്നാമത്തെ വെല്ലുവിളി കല്ല് അപ്പമായിത്തീരുവാൻ ഉള്ള വിശപ്പിന്റെ പ്രലോഭനമാണ്; ആവർത്തനപുസ്തകം ഉദ്ധരിക്കുന്നതിലൂടെ (ആവ. 8:3) യേശു നമ്മോടു ഒരുകാര്യം വ്യക്തമാക്കുന്നു. അന്നത്തെപോലെ ഇന്നത്തെ തലമുറയ്ക്കും ഇല്ലാതെപോകുന്നത് ഭക്ഷണമല്ല, മറിച്ച് ദൈവവചനത്തിലധിഷ്ഠിതമായ ജീവിതശൈലിയാണ്. (b) രണ്ടാമത്തെ പ്രലോഭനം തന്റെ യഥാർത്ഥ രൂപം വെളിവാക്കിയുള്ള മഹത്വത്തിനായുള്ള അഭിവാഞ്ചയാണ്. ഇന്നത്തെ തലമുറ പേരിനും പ്രശംസയ്ക്കും വേണ്ടിയുള്ള പ്രലോഭനം അതിജീവിക്കുവാൻ പ്രാപ്തിയില്ലാതെ അതിനായി എന്തെല്ലാമാണ് കാട്ടിക്കൂട്ടുന്നത്? ഇതും യേശു നേരിടുന്നത് ആവർത്തനപുസ്തകത്തിൽ നാം വായിക്കുന്ന മറ്റൊരു ദൈവവചനത്തിലൂടെയാണ് (ആവ. 6:16). (c) മൂന്നാമത്തെ പ്രലോഭനം ഈ ലോകം മുഴുവൻ കീഴടക്കുവാനുള്ള പിശാചിന്റെ പ്രേരണയാണ്. ആവർത്തനം 6:13 ഉദ്ധരിച്ച് ദൈവമുള്ളവന് ഈ ലോകത്തിൽ മറ്റൊന്നും ആകർഷണീയമായിട്ടില്ലായെന്നു വ്യക്തമാക്കുന്നു. ഭക്ഷണവും, പ്രശസ്തിയും വസ്തുവകകളും നമ്മിലെത്രപേരെ ദൈവരാജ്യത്തിന്റെ വഴിയിൽ നിന്ന കറ്റുന്ന പ്രലോഭനങ്ങളായിത്തീരുന്നുവെന്ന് നാം തന്നെ സ്വയപരിശോധന നടത്തേണ്ടതാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം കാംക്ഷിച്ചിരിക്കുന്നവർക്ക് വി. മാമ്മോദീസായിലൂടെ പുതിയൊരു ജീവിതശൈലിക്കായുള്ള പ്രവേശനം ലഭിക്കുന്നു. പിശാചിന്റെ അധികാരം നിറഞ്ഞുനിൽക്കുന്നതും പാപപങ്കിലവുമായ ഈ ലോകത്തിൽ വിശുദ്ധജീവിതം നയിക്കുന്നതിന് പരിശുദ്ധാത്മാവിലുള്ള സ്നാനം അവസരമൊരുക്കുന്നു. എന്നാൽ സ്നാനവും പരിശുദ്ധാത്മകൃപകളും ലഭിച്ചവർക്ക് ജീവിതത്തിൽ പ്രലോഭനങ്ങൾ ഉണ്ടാവില്ല എന്നും കരുതരുത്. ജീവിതത്തിലെ ഏതു പ്രതിസന്ധിയും തരണം ചെയ്യുവാൻ പരിശുദ്ധാത്മാവും ദൈവവചനവും അവനെ സഹായിക്കുന്നു.


തുടരും...

6

## ആരാധനാ പഠനം

# ധൂപാർപ്പണം വി. ആരാധനയിൽ

ഫാ. ഡോ. വർഗ്ഗീസ്
പി. വർഗ്ഗീസ്, പാമ്പാക്കുട
(ഓർത്തഡോക്സ് സെമിനാരി)




ക്രിസ്തീയ ആരാധനയിലെ ധൂപാർപ്പണം യഹൂദ ആരാധനയിൽ നിന്ന് ഉത്ഭവിച്ചതാണ്. ധൂപാർപ്പണത്തിനായി പ്രത്യേക ധൂപപീഠം സമാഗമന കൂടാരത്തിൽ ഉണ്ടായിരുന്നു (പുറ. 30:1-10). അതിവിശുദ്ധ സ്ഥലത്തെ മറയ്ക്കുന്ന തിരശ്ശീലയ്ക്ക് മുമ്പിലായിരുന്നു ധൂപപീഠത്തിന്റെ സ്ഥാനം. ദിനമ്പ്രതി രാവിലെയും വൈകിട്ടും ധൂപാർപ്പണം നടത്തണമെന്നായിരുന്നു ദൈവം മോശയോട് കല്പിച്ചത് (പുറ. 30:7-8). സൗരഭ്യ ധൂപമർപ്പിച്ചിരുന്നത് യിസ്രായേലിന്റെ മുഴുവൻ പ്രാർത്ഥനയുടെ പ്രതീകമായിട്ടായിരുന്നു. "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നത് സന്ധ്യാ യാഗമായും തീരട്ടെ"യെന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ഈ അർത്ഥത്തിലാണ് (സങ്കീ. 141:2). പുരോഹിതന്റെ ഒരു പ്രധാന ചുമതലയായിരുന്നു ധൂപാർപ്പണം (1 ശമു. 2:28). യെറുശലേം ദേവാലയത്തിൽ ധൂപമർപ്പിക്കുന്ന സഖര്യാ പുരോഹിതന് ധൂപപീഠത്തിന്റെ വലതുഭാഗത്ത് ദൂതൻ പ്രത്യക്ഷനാകുന്നുണ്ടല്ലോ (വി. ലൂക്കോസ് 1:8-12). സ്വർഗ്ഗത്തിലെ നിത്യാരാധനയിൽ ധൂപാർപ്പണത്തിന് സ്ഥാനമുള്ളതായി പുതിയ നിയമം പഠിപ്പിക്കുന്നു (വെളി. 5:8; 8:3-5). ധൂപക്കുറ്റി പ്രപഞ്ചത്തെ സൂചിപ്പിക്കുന്നു. അതിന്റെ മുകൾത്തട്ട് സ്വർഗ്ഗത്തേയും കീഴ്ത്തട്ട് ഭൂമിയേയും കുറിക്കുന്നു. ധൂപക്കുറ്റിയിലുള്ള കരി മനുഷ്യകുലത്തിന്റെ പാപത്തേയും, അഗ്നി പരിശുദ്ധാത്മാവിനേയും സൂചിപ്പിക്കുന്നു. കരി അഗ്നിയിൽ ചുവന്ന് ജ്വലിക്കുന്നതുപോലെ പാപി പരിശുദ്ധാത്മ ശക്തിയാൽ രൂപാന്തരപ്പെടുകയും ദൈവതേജസ്സിൽ ജ്വലിക്കുകയും ചെയ്യണം. ധൂപാർപ്പണം പാപമോചനത്തിന്റെ പ്രതീകമാണ്. ധൂപാർപ്പണത്തിൽ സുഗന്ധദ്രവ്യം സൗരഭ്യ വാസന നൽകുന്നതുപോലെ ദൈവ സംസർഗത്തിലൂടെ ഓരോ വിശ്വാസിയും നന്മയുടെ സൗന്ദര്യം കൊണ്ട് നിറയണം. സുഗന്ധ ധൂപം അന്തരീക്ഷത്തിലെ ദുർഗന്ധം ഇല്ലാതാക്കുന്നതുപോലെ ധൂപാർപ്പണം വഴി പാപമാലിന്യങ്ങളും അവയുടെ ദുർഗന്ധവും ഉന്മൂലനം ചെയ്യപ്പെടുന്നു. സഭയുടെ ആരാധനയിലൂടെ സ്ഥലകാലങ്ങൾ ശുചീകൃതമാകുന്നതിന്റെ പ്രതീകമാണ് ധൂപം. [illegible] ദൈവത്തിന്റെ സാന്നിധ്യം [illegible]യോട് നാമും യോജിച്ച് നിന്നുകൊണ്ട് സുഗന്ധധൂപം അർപ്പിക്കുന്നു എന്ന ആശയവുമുണ്ട്. ധൂപാർപ്പണം കൂടാതെ ഓർത്തഡോക്സ് സഭയ്ക്ക് വി. കുർബ്ബാനയോ കൂദാശകളോ മറ്റ് ആരാധനകളോ ഇല്ല. ●

■ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്

തുടർച്ച...

## വായനശാല

## Aphrahat : Demonstration "On Persecution"

വേദക്കടലിന്റെ മറുകരകണ്ട മഹാ മനീഷിയായിരുന്നു എ.ഡി. 4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സിറിയായിലെ വി. അഫ്രഹാത്ത്. അക്കാലത്ത് നിലനിന്ന ദൈവനിഷേധത്തിനും ക്രൈസ്തവ പീഡകൾക്കുമുള്ള മറുപടിയായിരുന്നു അഫ്രഹാത്തിന്റെ രചനകൾ. വി. വേദപുസ്തകത്തിന്റെ വിശ്വസ്തദാസനായി അവിടുന്ന് സഭയെ ശുശ്രൂഷിച്ചു. പഴയ നിയമ പിതാവായ യോസഫിന്റെയും യേശുക്രിസ്തുവിന്റെ താരതമ്യമാണ് ഈ രചനയിലെ പ്രതിപാദ്യം. മഹത്തും പരിപൂർണ്ണവുമായത് യേശുക്രിസ്തുവിന്റെ കഷ്ടാനുഭവം മാത്രമാണ്. പൂർവ്വിക യൗസേഫിന്റെ സഹനം നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെ ആദിരൂപ(Archytype)മായിരുന്നു. യാക്കോബ് യോസഫിനെ അനേക നിറങ്ങളുള്ള അങ്കി ധരിപ്പിച്ചു (ഉല്പത്തി 37:3). പിതാവാം ദൈവം യേശുക്രിസ്തുവിനെ കന്യകയിൽ നിന്നുള്ള ശരീരം ധരിപ്പിച്ചു. യാക്കോബ് യോസഫിനെ മറ്റു സഹോദരങ്ങളേക്കാൾ അധികമായി സ്നേഹിച്ചു. യേശുവും പിതാവാം ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു. യോസഫ് ദർശനങ്ങൾ കണ്ടു. ക്രിസ്തു പ്രവാചകന്മാരുടെ ദർശനങ്ങളെ പൂർത്തീകരിച്ചു. യോസഫ് സഹോദരങ്ങളോടൊപ്പം ഇടയനായിരുന്നു. യേശു ഇടയന്മാരുടെ ഇടയനാകുന്നു. യാക്കോബ് യോസഫിനെ സഹോദരന്മാരുടെ ഇടയിലേക്ക് അയച്ചപ്പോൾ അവർ അവനെ കൊല്ലുവാനായി പൊട്ടക്കിണറ്റിൽ ഇട്ടു. പിതാവാം ദൈവം അവിടുത്തെ ഏകജാതനെ അവന്റെ സഹോദരങ്ങളുടെ അടുത്തേക്ക് അയച്ചപ്പോൾ അവർ അവനെ കൊല്ലുവാൻ വട്ടംകൂടി.

യോസഫ് പൊട്ടക്കിണറ്റിൽ നിന്ന് കയറി. യേശു തമ്പുരാൻ താനും മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റു. പൊട്ടക്കിണറ്റിൽ നിന്ന് കയറിയ യോസഫ് സഹോദരങ്ങളേക്കാൾ അധികാരമുള്ളവനായി. ഉയർത്തെഴുന്നേറ്റ കർത്താവിന് പിതാവ് എല്ലാ നാമത്തിലും മേലായ നാമം നൽകി. യോസഫിനെ തിരിച്ചറിഞ്ഞ സഹോദരന്മാർ മിസ്രയിമിൽ വെച്ച് അവനെ ശുശ്രൂഷിച്ചു. അവർ യോസഫിന്റെ മഹത്വം കണ്ട് ആശ്ചര്യം പൂണ്ട് അവനെ വന്ദിച്ചു. യേശു ക്രിസ്തുവിന്റെ രണ്ടാം വരവിൽ അവിടുന്ന് തന്റെ മഹത്വത്തിൽ വെളിപ്പെടുമ്പോൾ ശത്രുക്കളെ തന്റെ പാദപീഠമാക്കും. അവനെ ക്രൂശിച്ചവരും തിരുമുമ്പാകെ വന്ദിക്കും! യോസഫ് യഹൂദയുടെ ആലോചന പ്രകാരം യിശ്മായേല്യർക്ക് വിൽക്കപ്പെട്ടു. യൂദാ യേശുവിനെ മുപ്പത് കാശിന് യഹൂദന്മാർക്ക് വിറ്റു. സഹോദരന്മാർ തന്നെ വിറ്റപ്പോൾ യോസഫ് മൗനമാചരിച്ചു. കർത്താവും ന്യായാധിപന്മാരുടെ മുമ്പാകെ മൗനിയായി നിന്നു. യജമാനനിൽ നിന്ന് നീതി ലഭിക്കാതെ യോസഫ് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. യഹൂദരും യേശു തമ്പുരാന്റെ കുറ്റമില്ലാത്ത രക്തത്തെ വിധിച്ചു. രണ്ടു പ്രാവശ്യം യോസഫിന്റെ അങ്കി കവർന്നെടുക്കപ്പെട്ടു. സഹോദരങ്ങളും പൊത്തിഫേറിന്റെ ഭാര്യയും യോസഫിന്റെ അങ്കി കവർന്നു. യേശുവിന്റെ അങ്കിയും പടയാളികൾ പങ്കിട്ടെടുത്തു. യോസഫിന് മുപ്പതു വയസ്സുള്ളപ്പോൾ ഫറവോയുടെ മുമ്പാകെ നിന്ന് മിസ്രയീമിലെ പ്രഭുവായി. മുപ്പതു വയസ്സുള്ളപ്പോൾ യോർദ്ദാനിൽ വെച്ച് യേശു യോഹന്നാനിൽ നിന്ന് സ്നാനമേറ്റ് പരിശുദ്ധ റൂഹായെ സ്വീകരിച്ച് പ്രബോധനത്തിനായി പുറപ്പെട്ടു. യോസഫ് മിസ്രേമിനെ അപ്പത്താൽ പോഷിപ്പിച്ചു. യേശു ക്രിസ്തു സമസ്ത പ്രപഞ്ചത്തെയും ജീവന്റെ അപ്പത്താൽ പരിപുഷ്ടമാക്കി. യോസഫ് വിജാതീയനായ പുരോഹിതന്റെ മകളെ ഭാര്യയാക്കി. കർത്താവ് വിജാതീയ പുത്രിയായ സഭയെ തനിക്ക് മണവാട്ടിയാക്കിത്തീർത്തു. യോസഫ് മിസ്രയിമിൽ വെച്ച് മരിച്ച് അടക്കപ്പെട്ടു. യേശു യെരുശലേമിൽ വെച്ച് മരിച്ച് അടക്കപ്പെട്ടു. യോസഫിന്റെ അസ്ഥികൾ സഹോദരന്മാർ മിസ്രയിമിൽ നിന്ന് കൊണ്ടുവന്നു. യേശു തമ്പുരാൻ മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കയറി. ഇങ്ങനെ ഒരു വേദാന്വേഷിയുടെ അന്തഃരംഗത്തെ ഉന്മത്തമാക്കുന്ന വിധത്തിൽ വി. അഫ്രഹാത്തിന്റെ വേദവ്യാഖ്യാന ശേഖരം സാഗരതുല്യം മരുവുന്നു.

**– ഫാ. സഖറിയാ തോമസ്, പുതുപ്പള്ളി** ■




കുടുംബ വിശേഷം 4

ജിജി ജോൺസൺ

# ഈ കാലവും കടന്നു പോകും...

ലോകമെങ്ങും കോവിഡ് 19 എന്ന മഹാമാരി സൃഷ്ടിച്ചിരിക്കുന്ന ആകുലതകളുടേയും ആശങ്കകളുടേയും നടുവിലാണ് ഇന്ന് മനുഷ്യർ. തീർത്തുംഅപ്രതീക്ഷിതമായുണ്ടായ lockdown പലരിലും ആദ്യം അമ്പരപ്പാണ് ഉണ്ടാക്കിയതെങ്കിലും സാവധാനം ഉത്ക്കണ്ഠയിലേക്കും നിസഹായതയിലേക്കും വഴിമാറുന്നു. ദിനംപ്രതിയുള്ള കോവിഡ് വ്യാപനത്തെകുറിച്ചുള്ള കണക്കെടുപ്പ് കാതോർക്കുന്നതു തന്നെ ദിനചര്യയുടെ ഭാഗമായിതീർന്നിട്ടുണ്ടെങ്കിലും അവ സൃഷ്ടിക്കുന്നഭയത്തേയും ആകുലതകളേയും ചെറുതായി കാണാൻ കഴിയില്ല. തുടക്കത്തിൽ ഇതൊരു വൈകാരിക പ്രശ്നമായിരുന്നെങ്കിലും ക്രമേണ സാമൂഹിക സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് നീങ്ങുന്നത്. തൊഴിൽനഷ്ടപ്പെടുന്നതും, സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങുന്നതും, സാമൂഹിക അകലം സൃഷ്ടിക്കുന്ന ഒറ്റപ്പെടലും, ഭാവിയെക്കുറിച്ചുള്ള അവ്യക്തതയും മനസ്സിനെ നിരാശയിലേക്കും അസഹിഷ്ണുതയിലേക്കും എത്തിക്കുന്നതായി NIMHANS, NCW തുടങ്ങിയ ഏജൻസികൾ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ദേവാലയങ്ങളും പ്രാർത്ഥന കൂട്ടങ്ങളും അപ്രാപ്യമായതോടെ ആത്മീകമായുള്ള ശൂന്യതയും ബാധിക്കുന്നു. ആരാധനയിലും പ്രാർത്ഥനാകൂട്ടങ്ങളിലും സജീവസാന്നിധ്യം സ്ത്രീകളാണല്ലൊ. അവർ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരമായി കൊണ്ടിരുന്ന ഇടമാണ് നഷ്ടമായത്. സാമൂഹിക അകലം പാലിക്കാനുള്ള ആഹ്വാനം പലർക്കും ഒറ്റപ്പെടലായാണ് അനുഭവപ്പെടുന്നത്. ഈ കാലയളവിൽ ഗാർഹിക പീഡനങ്ങൾ പെരുകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പ്രതീക്ഷയും പ്രത്യാശയും നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് നീങ്ങുന്നത് ക്രിസ്തീയ സമൂഹത്തെ സംബന്ധിച്ച് ഒരു വെല്ലുവിളിയാണ്. വിശ്വാസപൂർവം ഈമഹാമാരിയുടെ ചെങ്കടൽ നാം കടക്കേണ്ടതുണ്ട്.

ഇത്തരുണത്തിൽ നമുക്ക് ഏറ്റവും പ്രചോദനം നൽകുന്ന ഒരു നേതൃത്വം പുറപ്പാടിന്റെ പുസ്തകത്തിൽ കാണാം. മരുഭൂമിയുടെ വാനമ്പാടിയായ മിര്യാം. "ഞാൻ നിന്നെ മിസ്രയീം ദേശത്ത് നിന്നും വിടുവിച്ചു. അടിമ വീട്ടിൽ നിന്ന് നിന്നെ വീണ്ടെടുത്തു. മോശയേയും അഹരോനേയും മിര്യാമിനേയും നിന്റെ മുൻപിൽ അയച്ചു."(മീഖ:6:4). പ്രവാചക ദൃഷ്ടിയിൽ മിസ്രയീം ദേശത്ത് നിന്നും യിസ്രയേൽ ജനത്തിന്റെ വിമോചകരായി ദൈവം അയച്ചത് ഈ മൂന്നുപേരേയുമാണ്. മിര്യാം യിസ്രയേലിന്റെനായികയായിരുന്നു. ബാല്യം മുതൽ വാർദ്ധക്യം വരെ രാഷ്ട്രത്തിനും ദൈവത്തിനും വേണ്ടി ജീവിച്ചവളായിരുന്നു മിര്യാം. യിസ്രായേലിന്റെ ഇമ്പഗായകരിൽ അഗ്രഗണ്യയായ സ്ത്രീയായിരുന്നു. യിസ്രയേൽ ജനത്തെ നയിച്ച ഭരണ നിപുണനും നിയമജ്ഞനുമായിരുന്ന മോശയും പുരോഹിതനായ അഹരോനും എത്താത്ത മേഖലയായിരുന്നു മിര്യാമിന്റേത്. അവൾ മനുഷ്യരുടെ വികാരത്തെ സ്പർശിക്കുന്ന, കലാരംഗത്ത് കവയിത്രിയായും ഗായികയായും ശോഭിച്ചിരുന്നു.

ഗ്രീക്കുകാർ കലയെ കലയ്ക്കായുംആസ്വദിക്കാനുമായിട്ടായിരുന്നുകണ്ടിരുന്നതെങ്കിൽ, യഹൂദർ കലയെ ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനുമായിട്ടായിരുന്നു ഉപയോഗിച്ചിരുന്നത്. ഈ രംഗത്താണ് മിര്യാം മനുഷ്യന്റെ ആന്തരിക ജീവിതത്തിലേക്കുള്ള ചൂണ്ടുപലകയായി, ഒരുമൂന്നാം ശക്തിയായി അവൾനിലകൊണ്ടത്. യിസ്രയേൽ ജനം മാതൃഭൂമിയിൽ കൂടിവാഗ്ദത്ത നാട്ടിലേക്കുള്ള പ്രയാണം ആരംഭിച്ചപ്പോൾ അവർക്ക് പ്രോത്സാഹനം കൊടുക്കുന്ന പാട്ടുകൾപാടി അവരുടെ പ്രത്യാശക്ക് ചിറക് മുളപ്പിച്ചവളാണ് മിര്യാം. വാഗ്ദത്തനാടിന്റെ മഹത്വം പ്രകീർത്തിക്കുകയല്ല, അവിടുത്തെ മുന്തിരിക്കുലകൾ അവളുടെ പാട്ടിന്റെ വിഷയവും ആയിരുന്നില്ല. മറിച്ച യിസ്രായേൽ ജനം കൈവരിച്ച വിടുതലാണവൾ വിവരിക്കുന്നത്.

"അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചിക കയ്യിൽ തപ്പെടുത്തു. സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നു, മിര്യാം പ്രതിഗാനമായി ചൊല്ലിയത് :-'യഹോവയ്ക്ക് പാട്ട് പാടുവിൻ, അവൻമഹോന്നതൻ; കുതിരയേയും അതിന്മേൽ ഇരുന്നവനേയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു."(പുറ:15:20,21). അവളുടെ പാട്ടുകൾ യിസ്രായേൽജനത്തിന്റെ പ്രതീക്ഷകൾ ഉണർത്തി. അവർ പാലും തേനുമൊഴുകുന്ന രാജ്യത്തേക്ക് പോവുകയാണ്. പഴയകാലത്ത് തങ്ങളെ നയിച്ച ദൈവമാണു മുൻപോട്ട് നയിക്കുന്നത്. യോർദ്ദാൻ കടക്കാനുള്ള പ്രചോദനം ചെങ്കടൽ കടന്നതിലൂടെയാണ് ഉടലെടുത്തത്. മിര്യാമിന്റെ തപ്പുകൾ മീട്ടിയത് ചെങ്കടലിലെ ശത്രുവിന്റെ പരാജയവാർത്തയായിരുന്നു.

ഈ കോവിഡിന്റെ കാലത്ത് നമ്മെ ധൈര്യപ്പെടുത്തേണ്ടത് കഴിഞ്ഞ കാലത്ത് നമ്മെ പരിപാലിച്ച വഴിനടത്തിയ ദൈവത്തിലുള്ള പ്രത്യാശയാണ്. മിര്യാം വാഗ്ദത്തനാട്ടിൽ പ്രവേശിച്ചില്ല. മരുഭൂമിയിൽ മരിച്ചു. മിര്യാമിന്റെ ഗാനം മരുഭൂമിയിലും മരുഭൂമിക്ക് വേണ്ടിയുമായിരുന്നു. അവളുടെ പാട്ടുകൾ അവർക്ക് പ്രചോദനം ആയിരുന്നു. നടന്ന് ക്ഷീണിച്ചും കാൽ വേദനിച്ചും വരുന്നവർക്കു വേണ്ടി, കാലുകൾക്ക് വിശ്രമം നല്കുന്ന, തളർന്നവർക്ക് ശക്തിപ്രദാനം ചെയ്യുന്ന, ആത്മയാഗത്തിന്റെ ഈരടികൾ മുഴക്കി അവൾ തന്റെ ദൗത്യം നിറവേറ്റി സ്വർഗകനാനിൽ പ്രവേശിച്ചു. ഈ മഹാമാരിക്കു മുൻപിൽ തളർന്ന് നിൽക്കുമ്പോൾ, പുരോഹിതനായ അഹരോനേക്കാളും, നിയമജ്ഞനായ മോശയേക്കാളും പ്രത്യാശയ്ക്ക് ചിറക് മുളപ്പിക്കാൻ മിര്യാമിനേയാണവശ്യം.

നമുക്ക് ദൈവത്തോട് ഇപ്രകാരം യാചിക്കാം: 'കരുണയുള്ളദൈവമെ, കാലത്തിന്റെ മരുഭൂമിയിൽ മിര്യാംമാരെ ഞങ്ങൾക്ക് ആവശ്യമുണ്ട്. മിര്യാംമിനെപോലുള്ളവർ ഇല്ലെങ്കിൽ ഞങ്ങളുടെ കുടുംബങ്ങൾ അന്ധകാരമയമാകും. ഭവനങ്ങളിൽ നിന്നുള്ള നീരൊഴുക്കില്ലെങ്കിൽ അനേകം നായകന്മാർ തളർന്ന് പോകും. ജീവിത മരുവിൽ പാട്ട്പാടുന്ന ഇമ്പഗായികമാർ നമുക്ക് ആവശ്യം. പിഞ്ചോമനകൾ സന്തോഷത്തോടെ ജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള ഗാനങ്ങൾ അവർ കേൾക്കട്ടെ. ജീവിത ക്ളേശങ്ങളുടെ മുൻപിൽതളർന്ന് പോകാതെ ഗൃഹനാഥൻമാർ ആ ഗാനങ്ങൾ കേട്ട് ശക്തിയാർ ജിക്കട്ടെ. ദാരിദ്ര്യം പ്രത്യാശയാൽ പൂവിടട്ടെ.

രോഗത്തിൽ മനസ്സ് ജ്വലിക്കട്ടെ. നിരാശകളുടെ രംഗത്തും ആശ്വാസം പകരട്ടെ. അനുതാപികൾക്ക് വാഗ്ദാനവും, തളർന്നവർക്ക് ആശ്വാസവും, നിരാശിതർക്ക് ധൈര്യവും, ഇരുട്ടിലുള്ളവർക്ക് പ്രകാശവും ലഭിക്കുന്ന ഇമ്പഗാനങ്ങൾ പാടുവാനുള്ള മിര്യാംമാരെ എഴുന്നേൽപ്പിക്കേണമെ.

കോവിഡാകുന്ന ചെങ്കടൽ കടന്ന വിജയഗാഥ മുഴക്കി യോർദ്ദാൻ കടക്കാൻ നമുക്ക് പ്രത്യാശിക്കാം. കഴിഞ്ഞകാലത്ത് നമ്മെ നടത്തിയ ദൈവത്തിന്റെ അളവറ്റകരുണയിൽ ആശ്രയിക്കാം.




# (സഭാ പബ്ലിക് റിലേഷൻ വകുപ്പ് സംഘടിപ്പിച്ച വെബിനാറിൽ നല്കിയ സന്ദേശങ്ങൾ)

ഇന്ന് നമ്മൾ ലോകത്ത് ഇത് വരെ നേരിടാത്ത വിഷമസന്ധിയിലാണ്. ഇതിന് പല തലങ്ങൾ ഉണ്ട്. കഴിഞ്ഞ 100 കൊല്ലത്തിനു മുമ്പാണ് ഇതുപോലെ ഒരു വലിയ പകർച്ചവ്യാധി പടർന്നുപിടിച്ചത്; സ്പാനീഷ് ഫ്ളു . അതിന് സ്പെയിനുമായി യാതൊരു ബന്ധവും ഇല്ല. പക്ഷേ സ്പെയിനിൽ ആദ്യം കണ്ടതുകൊണ്ട് സ്പാനീഷ് ഫ്ളു എന്ന് പേര് നൽകി. ലോകത്ത് തന്നെ 18 ലക്ഷത്തോളം പേരുടെ ജീവനെടുത്ത പകർച്ചവ്യാധിയായിരുന്നു അത്. അന്നത്തെ ലോകവും ഇന്നത്തെ ലോകവും വളരെ വ്യത്യാസം ഉണ്ട്. ഇന്ന് നമ്മൾ കുറെക്കൂടി ആഗോള വൽകൃതമായ ലോകത്താണ് ജീവിക്കുന്നത്. 2019 ഡിസംബറിൽ ഉണ്ടായ ഈ പാന്റമിക്ക് രണ്ടു മാസം കൊണ്ടു തന്നെ ലോകം മുഴുവൻ പടർന്നു. മാർച്ച് ആയതോടെ ലോകത്തെ എല്ലാ രാജ്യങ്ങളിലേക്കും പടർന്നു. ഇത്രയും വേഗത്തിൽ പടർന്ന ഒരു പകർച്ചവ്യാധി ലോക ചരിത്രത്തിൽ തന്നെ ഉണ്ടായിട്ടില്ല. ഇത് ആഗോളവൽക്കരണത്തിന്റെ ഭാഗമാണ്. മൂന്ന് തലത്തിലാണ് ഇതുമൂലമുള്ള സാമ്പത്തിക പ്രശ്നങ്ങൾ നാം നേരിടുന്നത്. ആഗോള തലത്തിൽ ഇതിന്റെ പ്രശ്നങ്ങൾ പല തലത്തിൽ ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു protective nationalism എല്ലായിടത്തും വന്നിരിക്കുന്നു. ഓരോ രാജ്യങ്ങളും അവരുടെ കാര്യം മാത്രം നോക്കുന്നു. അതു പോലെ തന്നെ സംസ്ഥാനങ്ങളും, ജില്ലകളും തങ്ങളുടെ കാര്യം മാത്രം നോക്കുന്നു. അതോടെ എല്ലാവരും മാർക്കറ്റിനെ വിട്ട് ഗവൺമെന്റിന്റെ അടുത്തേക്കാണ് പോയത്. ഇപ്പോൾ ഗവണമെന്റിനു കൂടുതൽ നിയമസാധുത (legitimacy) കൈവന്നിരിക്കുന്നു. Government has become the driver. ഇത് ചിലയിടത്ത് പോസിറ്റീവായും മറ്റു ചിലയിടത്ത് നെഗറ്റീവായും പരിണമിച്ചു. ലോകത്തെ കഴിഞ്ഞ 20 വർഷമായി വിപണിയാണ് നിയന്ത്രിച്ചിരുന്നത്.ടെക്നോളജി ആയാലും കമ്മ്യൂണിക്കേഷൻ ആയാലും എല്ലാം നിയന്ത്രിച്ചിരുന്നത് സ്വകാര്യ മേഖല തന്നെയായിരുന്നു. എന്നാൽ ഇപ്പോൾ സ്ഥിതി തീർത്തും വ്യത്യസ്തമാണ്. ഗവൺമെന്റ് ആണ് ഇപ്പോൾ സ്വകാര്യ മേഖലയിലും പ്ലേമേക്കർ. അത് കൊണ്ടാണ് നമ്മൾ എല്ലാവരും പ്രധാന മന്ത്രിയുടെയും മുഖ്യ മന്ത്രിയുടെയും എല്ലാം വാർത്താസമ്മേളനങ്ങൾക്കായി ആകാംഷയോടെ കാത്തിരിക്കുന്നത്. യാത്രാവിലക്ക് വന്നതോടെ ടൂറിസം ഉൾപ്പെടെയുള്ള മേഖലകളെ വലിയ രീതിയിൽ ബാധിച്ചു. ഇത് ഒരു രാജ്യത്തെ മാത്രമല്ല, മിക്ക രാജ്യങ്ങളെയും ബാധിച്ചു. ഇത് സർവീസ് സെക്റ്ററിനെ വലിയ രീതിയിൽ ബാധിച്ചു. യാത്ര കുറഞ്ഞതോടെ എണ്ണയുടെ വില കുത്തനെ കുറഞ്ഞു. ഇതിന്റെ പരിണിത ഫലം അനുഭവിക്കുന്നത് ഗൾഫ് രാജ്യങ്ങളാണ്. ആരോഗ്യ രംഗത്ത് വലിയ നിക്ഷേപം നടത്താത്ത യൂറോപ്പ്യൻ രാജ്യങ്ങൾ ഇപ്പോൾ ആരോഗ്യ മേഖലയിലും നിക്ഷേപങ്ങൾ ആരംഭിച്ചു. പാശ്ചാത്യരുടെ ചാരിറ്റി പ്രവർത്തനങ്ങളെ ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യം താറുമാറാക്കിയെന്നു മാത്രമല്ല പലരും ചാരിറ്റി പ്രവർത്തനങ്ങൾ നിർത്തി. ഇടത്തരം കുടുംബക്കാരെയാണ് ഇപ്പോഴത്തെ സാമ്പത്തിക അവസ്ഥ അതി ഭീകരമായി ബാധിച്ചിരിക്കുന്നത്. വൾനീറബിൾ മിഡിൽ ക്ലാസിന് ( vulnerable middle class) രണ്ടു മാസം ശമ്പളം കിട്ടിയില്ലെങ്കിൽ പട്ടിണിയിലേക്ക് പോകുന്ന അവസ്ഥയാണ്. ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും തോത് ലോകത്ത് വർദ്ധിക്കാൻ പോവുകയാണ്. സെർവീസ് സെക്റ്ററിൽ നിന്നാണ് സർക്കാരിന് ധാരാളം നികുതി ലഭിക്കുന്നത്. അതു കൊണ്ട് തന്നെ ബജറ്റ് വളരെ അധികം കുറയും. നിക്ഷേപങ്ങൾ കുറയും. റെമിറ്റൻസ് ഇക്കണോമിയുള്ള രാജ്യങ്ങളിൽ റെമിറ്റൻസുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഉണ്ടാകും. ലേകമെമ്പാടുമുള്ള സെർവീസ് സെക്റ്ററിലെ പ്രശ്നങ്ങൾ അതി രൂക്ഷമാണ്. നരേന്ദ്ര മോദി ഒരു രാത്രി മുൻഒരുക്കങ്ങൾ ഒന്നും കൂടാതെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. പക്ഷേ എന്താ പറ്റിയത്? പട്ടിണി കൊണ്ട് ജനം പാലായനം ചെയ്യുന്ന കാഴ്ചയാണ് നാം കണ്ടത്.

കേരളത്തിന്റെ ബജറ്റ് എന്നു പറയുന്നത് കഷ്ടി രണ്ട് അറ്റം കൂട്ടി മുട്ടുന്ന ഒന്നാണ്. 1987 മുതലാണ് കേരളത്തിൽ സാമ്പത്തിക വളർച്ച ഉണ്ടാകുന്നത്. കേരളത്തിലുള്ളവർ ജോലിക്കായി പ്രവാസ ജീവിതം ആരംഭിച്ചപ്പോൾ മുതലാണ് ഈ മാറ്റം ഉണ്ടായത്.

കേരളത്തിൽ മാത്രം ഇപ്പോൾ ഏകദേശം 3500 കോടിയുടെ revenue fall ആണ് ഉള്ളത്. ഇത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് ആണ് നയിക്കുന്നത്. മാസ ശമ്പളം കൊടുക്കാൻ പോലും പ്രയാസം നേരിടും. ഇത് കേരളത്തിൽ മാത്രമല്ല. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഈ സ്ഥിതിയാണ്. ഏകദേശം അഞ്ചു ലക്ഷം കോടിയുടെ revenue fall ഉണ്ട് ഇന്ത്യയിൽ. ഈ പ്രതിസന്ധി മറികടക്കാൻ കേന്ദ്ര സർക്കാർ പുതിയ നോട്ടുകൾ അച്ചടിക്കും. ഇത് പണപ്പെരുപ്പത്തിലേക്ക് നയിക്കും. ഇത് വളർച്ച ഗണ്യമായി കുറക്കും. 2019 ൽ തന്നെ നിരവധി പേർക്ക് ജോലി നഷ്ടമായി. കോവിഡിനു മുമ്പ് തന്നെ ഇന്ത്യയിൽ സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായിരുന്നു.

തീർച്ചയായിട്ടും സർക്കാർ അടുത്ത 3 മൂന്ന് കൊല്ലത്തേക്ക് economic contingency plan ഉണ്ടാക്കണം.അത് മൂന്ന് തലത്തിൽ ആയിരിക്കണം. പുതിയ തൊഴിൽ സൃഷ്ടിക്കാൻ വേണ്ടിയുള്ള economic policy ഉണ്ടാക്കണം. 2020-2025 വരെയുള്ള economic planning ഉണ്ടാകണം. കേരളത്തിലെ ധന കമ്മി കുറക്കാനുള്ള പദ്ധതികൾ വേണം. ഇങ്ങനെ അടുത്ത 3 വർഷത്തെക്കുള്ള contingency plan ഉം അടുത്ത 6 മാസത്തേക്കുള്ള operational plan ഉം ഉണ്ടെങ്കിൽ മാത്രമേ ഇവയെ നേരിടാൻ സാധിക്കൂ.

**- ജോൺ ശാമുവേൽ** (പ്രസിഡന്റ്, ഏഷ്യ ഡെമോക്രസി നെറ്റ്‌വർക്ക്, ദക്ഷിണ കൊറിയ)

ഒരു മഹാമാരിയുടെ പിടിയിലാണ് ലോകം മുഴുവനും. ഒരു രോഗം ഒരേസമയം പല രാജ്യങ്ങളെ ബാധിക്കുമ്പോൾ അതിനെ പാൻഡെമിക്ക് എന്ന് വിളിക്കുന്നു. 65 ലക്ഷം ആളുകൾക്ക് 215 രാജ്യങ്ങളിലായി ഈ രോഗം ബാധിച്ചു. ഏതാണ്ട് നാല് ലക്ഷത്തോളം ആളുകൾ മരണമടഞ്ഞു. മലയാളികൾ പല രാജ്യത്ത് മരണമടയുന്നു. കേരളത്തിലെ ജനങ്ങൾ ആദ്യമായിട്ടാകാം ഒരു മഹാമാരിയുടെ ഭാഗമാകുന്നത്. കേരളത്തിൽ ആരോഗ്യ മേഖല കഴിഞ്ഞ കുറച്ചു വർഷങ്ങളായി വലിയ പ്രതിസന്ധികൾ നേരിടുകയും അതിനെ തരണം ചെയ്യുകയും ചെയ്തതിന്റെ ആത്മവിശ്വാസത്തിൽ നിൽക്കുന്ന സമയത്താണ് കോവിഡ് വന്നത്. നിപാ വളരെ കുറച്ച് പേരെ മാത്രമാണ് ബാധിച്ചത്. 17 പേരാണ് മരിച്ചത്. ഏതാനും പേരിൽ മാത്രം ഒതുങ്ങി നിന്ന രോഗമാണ്. നിപാ വന്നത് കൊണ്ട് ഏറെ കാര്യങ്ങൾ പഠിക്കാൻ പറ്റി. രോഗം ആദ്യം വന്നത് ആർക്കാണ്, സമ്പർക്കത്തിൽ കൂടി ആർക്കാണ് രോഗം വന്നത്, രോഗം വരാൻ സാധ്യതയുള്ള (contact tracing) വരെ കണ്ടെത്തുക. നിപ വന്നപ്പോൾ ആളുകൾ ലോക്ക് ഡൗൺ പോലും പ്രഖ്യാപിക്കാതെ വീടിനു അകത്തു തന്നെ ആയിരുന്നു. അങ്ങനെ അതിൽ നമ്മുക്ക് പരിശീലനം ഉണ്ട്. പിന്നെ 2019ൽ പ്രളയം വന്നു. പ്രളയത്തിൽ മരിച്ചതിനെക്കാൾ ആളുകൾ മരിച്ചത് അതിന് ശേഷം വന്ന പകർച്ചവ്യാധികളിൽ കൂടിയാണ്. വെള്ളത്തിൽ കൂടെ പകരുന്ന രോഗങ്ങളായ എലിപ്പനി, ഡെങ്കിപ്പനി, ഇതെല്ലാം നിയന്ത്രിക്കാൻ സാധിച്ചു. ആരോഗ്യ മേഖലയെ നവീകരിക്കാൻ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളജ് വരെ വിസ്മയകരമായ മാറ്റങ്ങൾ ആണ് ഉണ്ടായത്. അതേ സമയം ചില വെല്ലുവിളികൾ ഈ പകർച്ചവ്യാധികൾ ഉയർത്തുന്നുണ്ട്. കേരളം വളരെ ജനസാന്ദ്രതയുള്ള സംസ്ഥാനമാണ്. ഇത് വലിയ പ്രശ്നമാണ്. കാരണം ഈ രോഗം വന്നാൽ മൂന്നോ നാലോ പേരിലേക്ക് രോഗം പകരാം. താരതമ്യേന നിരുപദ്രവകാരികളാണ് ഇത്. ഏകദേശം 5% ആളുകൾ മാത്രമാണ് തീവ്രമായി ബാധിക്കുന്നത്. അവരെയും ചികിത്സിച്ച് മാറ്റാൻ കഴിയും. അതിൽ 1% അല്ലെങ്കിൽ 2% പേർ മാത്രമാണ് മരണത്തിന് കീഴടങ്ങുന്നത്. ഇന്ത്യയിലെ മരണ നിരക്ക് 3.36% ആണ്. കേരളത്തിൽ അത് 7% മാത്രമാണ്. എന്നാൽ ഇവിടെയുള്ള പ്രശ്നം ആരാണ് മരിക്കാൻ സാധ്യതയുള്ളത് എന്നാണ്. കേരളത്തിലെ ആരോഗ്യ മേഖലയിലെ മികവ് കാരണം ആയുർദൈർഘ്യം വളരെ കൂടുതലാണ്. അമിതവണ്ണം ഉള്ളവരിലും മരണ സാധ്യത കൂടുതലാണ്. കേരളത്തിൽ ആണ് ഏറ്റവും വേഗത്തിൽ ചികിത്സ ആരംഭിച്ചത്. രോഗികളുമായി സമ്പർക്കം പുലർത്തിയവരെ വേഗം കണ്ടെത്തി അവരെ Quarantine ചെയ്തു. അതുമാത്രല്ല Reverse Quarantine നടപ്പിലാക്കി. (അതായത് പ്രായാധിക്യമുള്ളവരും 10 വയസിൽ താഴെ പ്രായം ഉള്ളവരെയും രോഗം വരുന്നതിൽ നിന്ന് സംരക്ഷിക്കാൻ). വലിയ വെല്ലുവിളികൾ ആണ് കേരളം നേരിടാൻ പോകുന്നത്. കാലവർഷം വരുന്നു. പകർച്ചവ്യാധികൾ വരുന്നു. ആ പകർച്ച വ്യാധികളുടെ ലക്ഷണം പനിയാണ്. അതുകൊണ്ട് തന്നെ ഡെങ്കി ഏതാണ്, H1N1 ഏതാണ്, എലിപ്പനി, കോവിഡ്, ഏതാണ്ട് ഒന്നും ഐഡിയ ഉണ്ടായിരിക്കില്ല. കോവിഡ് വന്ന് മരിച്ചതിനേക്കാൾ ആളുകൾ കോവിഡേതര രോഗങ്ങൾ മൂലം മരിച്ചെന്നാണ് കണക്ക്. പലർക്കും കൃത്യമായ ചികിത്സ കിട്ടാതെയാണ് മരിച്ചത്. ഏറ്റവും രോഗാതുരതയുള്ള ഒരു ജനതയാണ് കേരളം. രോഗാതുരത കുറക്കാൻ കൃത്യമായി മരുന്ന് കഴിക്കുക, വ്യായാമം ചെയ്യുക, രോഗാതുരത കുറച്ച് ആരോഗ്യമുള്ള സമൂഹം ആകാൻ ഉള്ള നടപടികൾ സ്വീകരിക്കുക എന്നതെല്ലാമാണ് ഈ കോവിഡ് കാല സന്ദേശം.

– **പ്രൊഫ. ഡോ. ബി. ഇക്ബാൽ** (ചെയർമാൻ, കോവിഡ് എക്സ്പ്പേർട്ട് കമ്മിറ്റി, കേരള സർക്കാർ)

27–ാം ചരമ വാർഷികം
22-07-2020



**കരുമാങ്കൽ**
**പാച്ചിറ,**
**ചാന്നാനിക്കാട്**

(D.O.B.) 15–07–90 to 22–07–93 (D.O.B.)

*മാതാപിതാക്കൾ:*
**റജി വർഗീസ് , സുമ വർഗീസ്**

*സഹോദരങ്ങൾ:*
**എൽസേബ, എയ്ഞ്ചൽ, സ്ലീബാച്ചൻ**


**സെബിമോൾ**

24–ാം ചരമ വാർഷികം
ജൂലൈ 23



**കെ. തോമസ്**
**നെടുംപറമ്പിൽ, പള്ളം**

*ഭാര്യ:* **ഏലിയാമ്മ**
*മക്കൾ:* **സുജ, സുമ**



# കോവിഡാനന്തരം സൈബർ ചർച്ച്

■ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

**കൊ**റോണ സൃഷ്ടിച്ച ഈ കാലഘട്ടത്തെ 'സീറോ ഇയർ' (zero year) എന്ന് വിശേഷിപ്പിക്കുന്നു. കോവിഡ് 19 എന്ന അതിസൂക്ഷ്മ വൈറസുകൾക്ക് ലോകത്തെ മുഴുവൻ സ്തംഭിപ്പിക്കുവാൻ കഴിഞ്ഞു. നിർബന്ധിത ഏകാന്തതയും (Quarantine) ഒറ്റപ്പെടലും (Isolation) സാമൂഹിക അകലം പാലിക്കലും (Social distancing) മനുഷ്യരെ സമൂഹബന്ധത്തിൽ നിന്നും വിഛേദിച്ചു. ലോകം മുഴുവൻ അടച്ചിട്ടപ്പോൾ (Lockdown) സുരക്ഷിതരാകൂ, വീട്ടിലിരിക്കൂ (Be safe, stay at home) എന്ന മുദ്രാവാക്യം സർക്കാർ നിർബന്ധമാക്കിയപ്പോൾ വിവര, വിജ്ഞാന, വിനോദ മാർഗ്ഗങ്ങൾക്ക് ഓൺലൈൻ സങ്കേതങ്ങൾ വഴിയും വെളിച്ചവുമായി.

21-ാം നൂറ്റാണ്ടിന്റെ ഹ്രസ്വചരിത്രം അപഗ്രഥിക്കുന്ന തോമസ് എൽ. ഫ്രൈഡ്മാൻ 'ലോകം പരന്നതായി' (The world is flat) വ്യാഖ്യാനിക്കുമ്പോൾ ഏതു കോണിൽ നടക്കുന്ന സംഭവവും അതിശീഘ്രം മറ്റൊരിടത്ത് എത്തുവാൻ കഴിയും എന്ന് പ്രവചിക്കുന്നു. ആഗോളവൽക്കരണവും ആഗോള മാധ്യമങ്ങളും സൃഷ്ടിച്ച പുത്തൻ സാമ്പത്തിക-സാമൂഹിക ജീവിത ക്രമം ഈ ദർശനത്തെ യാഥാർത്ഥ്യമാക്കി. ചൈനയിലെ വൂഹാനിലെ കൊറോണ വൈറസ്, ഇന്ത്യയിൽ ആദ്യമായി തൃശൂരിൽ സ്ഥിരീകരിച്ചത്, വൂഹാൻ സർവ്വകലാശാലയിൽ നിന്നെത്തിയ മലയാളി വിദ്യാർത്ഥിക്കാണ്. ലോകം പരന്നതായപ്പോൾ അന്താരാഷ്ട്ര യാത്രകൾ സുഗമമായി. മൂലധനം, ടെക്നോളജി, സംസ്കാരം, ബഹുരാഷ്ട്ര കമ്പനി, മാനവ വിഭവശേഷി, ഗതാഗതം എന്നിവയെല്ലാം ആഗോളവൽക്കരണം വഴി സംവേദിച്ചപ്പോൾ ചൈനയിലെ മഹാമാരിയും (Covid-19) അന്താരാഷ്ട്രയാത്രകൾ വഴി ആഗോളമായി. ലോകം പരന്നപ്പോൾ (flat) കോവിഡ് മഹാമാരി വഴി മനുഷ്യവർഗ്ഗത്തെ മുഴുവൻ ഏകാന്ത സങ്കേതങ്ങളിൽ അടച്ചിട്ടു.

ആഗോള ഗ്രാമത്തെക്കുറിച്ചുള്ള സങ്കല്പം 1964-ൽ മാർഷൽ മക് ലൂഹൻ അവതരിപ്പിച്ചു. അന്ന് ഇന്റർനെറ്റിന്റെ അനന്തസാദ്ധ്യതകൾ ലഭ്യമായിട്ടില്ല. വിരൽത്തുമ്പിൽ ഒതുങ്ങുന്ന ലോകസങ്കല്പത്തിന് 1980-കളിൽ വേൾഡ് വൈഡ് വെബ് (www) സാദ്ധ്യമാക്കിയെങ്കിലും അതിന് ആഗോള പ്രചാരം ലഭ്യമാകുന്നത് 2010-ലെ സാമൂഹിക മാധ്യമങ്ങളുടെ ശക്തമായ വരവോടെയാണ്.

കൊറോണക്കാലത്ത് കോവിഡ് 19 വൈറസിന്റെ ആഗോള വ്യാപനമാണ് ഓൺലൈൻ ആരാധനയ്ക്കും സൈബർ ചർച്ചിനും (Cyber church) ഔദ്യോഗിക അംഗീകാരം ലഭ്യമായത്. പ്രാർത്ഥന, പ്രഭാഷണം, ആരാധന എന്നിവയ്ക്കായി ഇന്റർനെറ്റ് സാദ്ധ്യതകൾ ഉപയോഗിക്കുമ്പോൾ സൈബർ ചർച്ച് യാഥാർത്ഥ്യമാകും. അതിരുകൾക്കപ്പുറത്തേക്കുള്ള സഭാ സങ്കല്പം സൃഷ്ടിക്കുന്ന സൈബർ ഇടങ്ങൾ പരമ്പരാഗത സഭാവിജ്ഞാനീയത്തെ (ecclessiology) ഒരുതരത്തിൽ ചോദ്യം ചെയ്യുകയാണ്. സൈബർ ഇടങ്ങളിൽ വിശ്വാസികളുടെ കൂടിവരവിൽ പരസ്പര ബന്ധവും വ്യക്തിപരമായ ഇടപെടലുകളും നഷ്ടമാകുന്നതിനാൽ സഭ എന്ന നിർവ്വചനത്തിൽ ഉൾക്കൊള്ളിക്കുവാൻ കഴിയില്ല എന്നതാണ് പ്രധാന വാദമുഖം. എന്നാൽ ഇന്റർനെറ്റ് വഴി വചന പ്രഭാഷണവും ആരാധനയും സംപ്രേക്ഷണം ചെയ്ത് വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിക്കുവാൻ കഴിയും എന്നതാണ് എതിർവാദം.

പുതിയ നൂറ്റാണ്ടിന്റെ ആരംഭത്തോടെ സാമൂഹിക മാധ്യമങ്ങളുടെ വ്യാപനവും ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ അതിശീഘ്രമായ വികസനവും സൈബർ സാദ്ധ്യതകളെക്കുറിച്ചുള്ള അന്വേഷണത്തിന് പ്രകാശവേഗത സൃഷ്ടിച്ചു. നാലതിരുകൾക്കുള്ളിൽ നിലനിന്ന സഭ, 'ലോകം ഒക്കെയും സുവിശേഷം അറിയിക്കുവാൻ' തക്ക പ്രാപ്തി നേടിയത് പുത്തൻ സാങ്കേതികവിദ്യയുടെ അതിശീഘ്ര വ്യാപനത്താലാണ്. സൈബർ സഭാ സങ്കലപത്തെക്കുറിച്ച് ഒട്ടനവധി വിമർശനങ്ങൾ ഉണ്ടെങ്കിലും 2020-ലെ കൊറോണാക്കാലം വിളംബരം ചെയ്യുന്നത് ഓൺലൈൻ ആരാധനയും സൈബർ ചർച്ചയും പകരുന്ന ആദ്ധ്യാത്മിക അനുഭവത്തിന്റെ പുത്തൻ കാഴ്ചപ്പാടുകളാണ്. ദീർഘകാലമായി പഠിപ്പിച്ചുയർത്തിയ ആരാധനാ വിജ്ഞാനീയവും സഭാ ശാസ്ത്രസങ്കല്പവുമാണ് കൊറോണാക്കാലം പൊളിച്ചെഴുതിയത്. പരമ്പരാഗതമായ സഭാവിജ്ഞാനീയ ദർശനങ്ങൾ പുതുതലമുറയെ പ്രബോധിപ്പിക്കുവാൻ നിരവധി വെല്ലുവിളികളുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളും ഇന്റർനെറ്റിൽ കേന്ദ്രീകൃതമായ ഇടപെടലുകൾക്കാണ് ന്യൂജനറേഷൻ പരിചിതമാകുന്നത്. വിദ്യാഭ്യാസം, വിവരം, വിനോദം, വിജ്ഞാന മേഖല, യാത്ര, ടൂറിസം, ബാങ്കിംഗ്, ബിൽ പേയ്മെന്റ്

എന്നിവയെല്ലാം വിരൽതുമ്പിലൂടെയാണ് പ്രവർത്തന സജ്ജ മാകുന്നത്.

സൈബർ യുഗത്തിലെ പുത്തൻ സാങ്കേതിക സംവി ധാനങ്ങൾക്ക് സ്വാഭാവികമായും എതിർപ്പുകൾ നേരിടേണ്ടി വരും. കൈയ്യെഴുത്തിൽ നിന്നും അച്ചടിയുഗത്തിലേക്ക് എത്തിയപ്പോഴും ബൈബിൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോ ഴും, ബൈബിളും ആരാധനാക്രമങ്ങളും മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയപ്പോഴും എത്രയെത്ര എതിർപ്പുകളാണ് നേരിട്ടത്. ഗുട്ടൻബർഗ് യുഗത്തിൽ നിന്നു സൈബർ ലോകത്തെത്തിയപ്പോഴും വിമർശനങ്ങൾ അനവധിയായി രുന്നു.

അറിവും വിജ്ഞാനവും ജനകീയമാക്കുവാൻ അച്ചടി യുഗം സഹായിച്ചു. അച്ചടിയുടെ ആവിർഭാവം മതരംഗത്ത് സമഗ്രമായ മാറ്റം സൃഷ്ടിച്ചു. സംവേദന വിശകലന അവ കാശവും (monopoly) വിജ്ഞാന നിയന്ത്രണവും മതമേ ധാവികളിലും ഭരണാധികാരികളിലും നിക്ഷിപ്തമായിരുന്നത് അച്ചടിയുഗം തകർത്തു. മതാദ്ധ്യക്ഷർ ബൈബിളിലും വേദ ശാസ്ത്രത്തിലും പുലർത്തിയ നിയന്ത്രണവും അച്ചടിവഴി വിജ്ഞാനം ജനകീയമാക്കിയതോടെ നഷ്ടമായി. ആദ്യം എതിർപ്പുകൾ പുലർത്തിയെങ്കിലും പിന്നീട് ഗുണപരമായി സഭകൾ പ്രതികരിച്ചതിനാൽ പ്രസിദ്ധീകരണരംഗത്തും വേദ ശാസ്ത്രരംഗത്തും പുത്തൻ മേഖലകൾ വികസിപ്പിക്കുവാൻ സഭകൾക്ക് കഴിഞ്ഞു. ഇതിന്റെ തനിയാവർത്തനമാണ് സൈബർ രംഗത്തും സഭകൾ പുലർത്തുന്നത്. ദുഃഖവെ ള്ളിയാഴ്ച സൈബർ ഫാസ്റ്റ് നടത്തി സൈബർ യുഗത്തെ 2015-ൽ പ്രതിരോധിച്ച സഭകൾ 2020-ൽ സൈബറിടങ്ങളി ലൂടെ ദുഃഖവെള്ളിയാഴ്ചയിൽ പങ്കുചേർന്നു എന്നത് വിധി മാത്രം! മാളികമുറിയിലെ (Upper room) ആരാധനാ പാര മ്പര്യം സൈബർ ഇടങ്ങളിൽ (Cyber church) എത്തിയ പ്പോൾ ജനസ്വീകാര്യത വർദ്ധിച്ചു. വൃദ്ധജനങ്ങൾക്കും രോഗികൾക്കും ഏകാന്ത സ്ഥലങ്ങളിൽ ഒറ്റപ്പെട്ട് ജീവിക്കു ന്നവർക്കും ഓൺലൈൻ ആരാധന ഹൃദ്യമായി തീർന്നു.

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇൻഫർമേഷൻ ടെക്നോളജി, ഒപ്റ്റിക്കൽ ഫൈബർ കേബിൾസ്, റോബോട്ടിക്കിസ്, നാനോ ടെക്നോളജി എന്നിവയുടെ സംയോജനം വഴി സംവേദന ക്രിയയ്ക്ക് ജനകീയതയും ബഹുജന പ്രാപ്യതയും ലഭ്യ മായി. റേഡിയോ, ടെലിവിഷൻ, പത്രം, സിനിമ തുടങ്ങി യവ ഇന്റർനെറ്റ് വഴി ലഭ്യമാകുമ്പോൾ ഡിജിറ്റൽ യുഗം സുസാധ്യമായി. എന്തും (Anything), എവിടെയും (Any where), എപ്പോഴും (Any time) ലഭ്യമാകുന്ന സൈബർ ഇടം (24X7) പരമ്പരാഗത മാധ്യമ കുത്തകയും തകർത്തു. മാധ്യമ മുതലാളിമാരുടെയോ പത്രാധിപരുടെയോ (Editor) നിയന്ത്രണമില്ലാതെ എന്തും ആഗോളതലത്തിൽ സംപ്രേ ക്ഷണം ചെയ്യുവാൻ കഴിയുന്നതും മൊബൈൽ ഫോണി ലൂടെ ഇവ പ്രാപ്യമാക്കുവാൻ സാധിക്കുന്നതും സൈബർ ഇടങ്ങൾക്ക് വ്യാപകമായ ജനപ്രീതി ലഭ്യമാക്കി.

സൈബർ യുഗത്തിലെ സഭയുടെ ഇടയപരിശീലനം എന്തായിരിക്കണം എന്ന ചർച്ചകൾ ആരംഭിച്ചിട്ട് കാലം ഏറെയായി. സഭകളുടെ സംവേദന കാഴ്ചപ്പാടുകൾ രൂപ പ്പെടുത്തുന്നതിൽ ലോകസഭാ കൗൺസിൽ (WCC), ലോക ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻ സമിതി (WACC) എന്നിവ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. അച്ചടി മാധ്യമത്തിന്റെ സ്വാധീനവും സാദ്ധ്യതകളും സഭകൾ തിരിച്ചറിഞ്ഞെങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങളോട് നിഷേധ സമീപനമാണ് പുലർത്തിയത്. അതിനാൽ ലോക സഭാ കൗൺസിലിന്റെ ആദ്യ സമ്മേളനം 1948-ൽ ആംസ്റ്റർഡാമിൽ നടന്നപ്പോൾ മതങ്ങളുടെ സംവേദന സ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ചകൾ നടന്നു. പത്രം, റേഡിയോ, ചലച്ചിത്രം, കല എന്നിവയിലെ സാദ്ധ്യതകൾ സഭകൾ പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേ ശിച്ചു. WCC യുടെ വാൻകൂവർ അസംബ്ലി (1983) സഭകൾ മാധ്യമങ്ങളെ അജപാലനപരം (Pastoral), സുവിശേഷപരം (Evengelical), പ്രവാചകപരം (Prophetic) എന്നീ തരത്തിൽ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു. WCC യുടെ ആംസ്റ്റർഡാം (1948) മുതൽ 10-ാം സമ്മേളനമായ ബുസാൻ വരെ (2013) സഭയും മാധ്യമങ്ങളും എന്ന വിഷയത്തിൽ നിരവധി പ്രാമാ ണിക രേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജർമ്മനിയിൽ 2022-ൽ നടക്കുന്ന 11-ാം സമ്മേളനത്തിൽ സൈബർ സഭയുടെ (Cyber church) സാദ്ധ്യതകൾ പഠനവിധേയമാകും.

ലണ്ടൻ കേന്ദ്രമായി പ്രവർത്തിച്ച WACC യുടെ 1986-ലെ 'സംവേദന തത്വങ്ങൾ', 2019-ലെ സംവേദന അവകാശങ്ങൾ തുടങ്ങിയ നിരവധി രേഖകൾ (1986-2018) സഭകൾ മാധ്യമ ങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് വിലയിരുത്തു ന്നു. കത്തോലിക്കാ സഭയും നിരവധി മാധ്യമ പഠനങ്ങളും സംവേദന രേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജോൺ പോൾ മാർപാപ്പ 2002 നവംബർ 17-ന് മാധ്യമദിനമായി പ്രഖ്യാപിച്ച പ്പോൾ 'ഇന്റർനെറ്റ് സുവിശേഷ പ്രചാരണത്തിനുള്ള പൊതു വേദി' എന്നാണ് വിശേഷിപ്പിച്ചത്.

ആഗോളതലത്തിൽ 2020-ലുണ്ടായ കൊറോണാക്കാലം സൃഷ്ടിച്ച ജീവിതാവസ്ഥയാണ് ഓൺലൈൻ ആരാധന സജീ വമാക്കിയത്. ഇന്ത്യയിൽ 2010 മുതൽ തന്നെ വേദശാസ്ത്ര അഭ്യസന പാഠ്യപദ്ധതിയിൽ ഇൻഫർമേഷൻ ടെക്നോളജിയും കമ്മ്യൂണിക്കേഷനും ഉൾപ്പെടുത്തി പഠന പ്രക്രിയ ക്രമീകരി ക്കുന്നു. കമ്മ്യൂണിക്കേഷൻ പഠനം 1993കളിൽ വേദശാസ്ത്ര പഠനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ ഓൺലൈൻ ആരാ ധനയും ഓൺലൈൻ കൗൺസലിങ്ങും മാധ്യമബോധനവും എല്ലാം വിശദമായി അപഗ്രഥിക്കപ്പെടുന്നു.

സഭകൾ നൂതന സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന സന്ദേശമാണ് സെറാംമ്പൂർ പാഠ്യപദ്ധതി വിളംബരം ചെയ്യു ന്നത്. എന്നാൽ പരമ്പരാഗത ആരാധനാ സമ്പ്രദായങ്ങളിൽ നിന്നും സഭകൾ ലൈവ് ഓൺലൈൻ പദ്ധതികളിലേക്ക് പോകുമ്പോഴുള്ള സാദ്ധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്യു ന്നുണ്ട്. ഇവ പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും ഇവ ഒന്നും നടക്കാത്ത കാര്യങ്ങളാണ് എന്ന ലാഘവത്തോടെയാണ് പലരും വിഷയത്തെ സമീപിച്ചിരുന്നത്. എന്നാൽ അധികം ചർച്ചയും സെമിനാറും ഇല്ലാതെ, കോവിഡ്കാലം സൈബർ ചർച്ച് (Cyber church) യാഥാർത്ഥ്യമാക്കി. ഇന്റർനെറ്റ് ചർച്ച്, ഇലക്ട്രോണിക് ചർച്ച്, ഓൺലൈൻ ചർച്ച്, വെർചൽ ചർച്ച്, ചർച്ച് 24X7 എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

നവ സാങ്കേതികവിദ്യയുടെ സംഭാവനയാണ് സൈബർ ചർച്ച്. സഭകൾ ഇന്റർനെറ്റിന്റെ പരിധിയിൽ 2007 മുതൽ എത്തി ച്ചേർന്നു. ആരാധനയും വിശ്വാസപാഠങ്ങളും, മിഷ്യൻ ദൗത്യ ങ്ങളും ലൈവായി (Live) സംപ്രേഷണം ചെയ്യുവാൻ തുടങ്ങി യതിനാൽ സൈബർ ഇടങ്ങൾ (Cyber space) വിശ്വാസിക ളുടെ ആദ്ധ്യാത്മീകവും വിശ്വാസപരവുമായ ബോധനത്തിന് സഹായകമാകുന്നു. അതിനാൽ ഗൂഗിൾ പുനർ നിർമ്മിക്കുന്ന ലോകത്തിൽ (Google Reshaped World) സൈബർ ചർച്ചിന് പ്രസക്തി വർദ്ധിക്കുകയാണ്. സഭയുടെ തുടർച്ചയായി (Ex- tension) പരിഗണിക്കാമെങ്കിലും സ്വതന്ത്രമായ 'ബദൽ സഭക ളായി' (Alternative Church) വളരുകയാണ്. ആരുടെയും നിയ ന്ത്രണമില്ലാതെ സ്വതന്ത്രമായ വ്യാഖ്യാനവും ദർശനവും ആരാ ധന രീതിയും നിർവ്വഹിക്കുവാൻ സൈബർ ചർച്ച് വേദിയാ കുന്നു.

സൈബർ ആരാധന (Cyber worship), സൈബർ ആദ്ധ്യാത്മീകത (Cyber spirituality), സൈബർ വ്യാഖ്യാനം (Cyber hermeneutics), സൈബർ മിഷൻ (Cyber mission) എന്നിവ സൈബർ ചർച്ചിന്റെ സംവാദ മുഖങ്ങളാണ്. അതിർത്തി

കൾ സൃഷ്ടിച്ച പരമ്പരാഗത സഭാ സങ്കല്പത്തിന് അതിർത്തികളില്ലാത്ത വിശ്വാസ സമൂഹത്തെ സൃഷ്ടിക്കുന്നതാണ് സൈബർ ചർച്ചിന്റെ ഉൾക്കരുത്ത്. ഇഷ്ടപ്പെട്ട ആദ്ധ്യാത്മീക വിഭവങ്ങളുമായി ഭാവിയിൽ വ്യക്തികൾ നേതൃത്വം നൽകുന്ന അനേക സൈബർ ചർച്ച് പ്ലാറ്റ്ഫോമുകൾ ഉണ്ടാകും. പുതുതലമുറ സർവ്വ സ്വതന്ത്രമായി അതിൽ സങ്കേതപ്പെടുകയും ചെയ്യും. മുഖ്യധാര സഭകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സൈബർ ചർച്ച് ഉയർത്തുന്ന പുത്തൻ വിശ്വാസ-ആരാധന പ്രബോധന രീതികളായിരിക്കും. ആഗോളതലത്തിൽ പ്രേക്ഷകരെയും സഭകളുടെ നിയന്ത്രണമില്ലാതെ ആഗോള പ്രചാരം നേടുവാനും മൂലധനം വർദ്ധിപ്പിക്കുവാനും അവസരം ഒരുക്കും.

ഓൺലൈൻ സഭാ പ്രവർത്തനങ്ങളെ വിമർശനപൂർവ്വം സമീപിക്കുകയും എന്നാൽ ലഭ്യമായ സാദ്ധ്യതകൾ ഗുണപരമായി വിനിയോഗിക്കുവാനും മുഖ്യധാര സഭകൾ ശ്രമിക്കണം.

1. സംവേദന നൈപുണ്യമുള്ളവരുടെ സംഘടിതവും കേന്ദ്രീകൃതവുമായ മാധ്യമ ശുശ്രൂഷാ സംവിധാനം ഉണ്ടാകണം. ഇതിനായി ആത്മായ-വൈദിക കൂട്ടായ്മ വേണം.

2. സാമൂഹിക മാധ്യമങ്ങൾ വഴി അനുനിമിഷം വിവര, വിജ്ഞാനങ്ങൾ upload ചെയ്യുവാനുള്ള സാങ്കേതിക മികവുള്ള സ്റ്റുഡിയോ സംവിധാനവും മികവുറ്റ വെബ് പേജുകളും ഉണ്ടാകണം.

3. വിദ്യാർത്ഥി-യുവജനങ്ങളുടെ അഭിരുചിക്കനുസൃതമായ വിശ്വാസ പാഠങ്ങളും, സഭാ വിചാരവും കേന്ദ്രീകൃത സംവിധാനങ്ങളിൽ ഫലപ്രദമായി സംവേദിപ്പിക്കുവാൻ കഴിയണം. പുതുതലമുറയുടെ ഭാഷയും ശൈലിയും തിരിച്ചറിഞ്ഞ് മാധ്യമ ഉള്ളടക്കങ്ങൾ രൂപശില്പം ചെയ്യണം.

4. നവ മാധ്യമ സാക്ഷരത (New media literacy) വർദ്ധിപ്പിക്ക തക്കവിധം മാധ്യമ വിഭവങ്ങളുടെ ഉല്പാദനം, സംയോജനം, വിതരണം എന്നിവയിൽ പുതുതലമുറയെ സർഗ്ഗപ്രതിഭകളായി വാർത്തെടുക്കുവാൻ ശില്പശാലകളും പഠനക്കളരികളും നടത്തണം.

5. സഭയുടെ വേദശാസ്ത്രം, ചരിത്രം, വിശ്വാസം, വ്യാഖ്യാനം, സാക്ഷ്യം എന്നിവ ഔദ്യോഗികമായി സംവേദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ (Networking forms) ആവിഷ്കരിക്കണം. മാധ്യമ ലഹരിക്ക് അടിമയാകുന്നവർക്കുള്ള കൗൺസലിങ്ങും (Media de-addiction programme) പുനരധിവാസ കേന്ദ്രങ്ങളും ഉണ്ടാകണം.

**ഉപസംഹാരം**

മാധ്യമങ്ങളുടെ സാദ്ധ്യതയും വെല്ലുവിളിയും തിരിച്ചറിഞ്ഞ് സഭാ ശുശ്രൂഷകളിൽ ഓൺലൈൻ സംവിധാനങ്ങൾ കേന്ദ്രീകൃതമായ രീതിയിൽ പ്രയോജനപ്പെടുത്തണം. ഇന്റർനെറ്റ് സൃഷ്ടിച്ച സൈബർ ലോകത്ത് പുത്തൻ ഉൾക്കാഴ്ചയോടെ പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയണം. അനൗദ്യോഗികമായി സഭയിൽ ഇന്റർനെറ്റ് സംവിധാനത്തിലുള്ള പദ്ധതികൾ 1998 മുതൽ മലങ്കര സഭയിൽ ആരംഭിച്ചു (സഭയും സംവേദനവും പേജ് 2016-17). പരുമലയിൽ നിന്നും 2007 മുതൽ ആരംഭിച്ച ഗ്രിഗോറിയൻ ടി. വി. കോവിഡ് കാലത്ത് ഓൺലൈൻ ആരാധനയ്ക്ക് സജീവ സാന്നിധ്യമായത് അഭിനന്ദനീയമാണ്. ഇത്തരത്തിലുള്ള പദ്ധതികളുടെ വിപുലമായ ആവിഷ്കാരങ്ങൾ നടപ്പാക്കുവാൻ കഴിയണം. സൈബർ ചർച്ചിന്റെ സാദ്ധ്യതകൾ തിരസ്കരിച്ചുള്ള സഭാ ശുശ്രൂഷയ്ക്ക് കോവിഡാനന്തരം കാലം അനുവദിക്കുന്നില്ല എന്ന അനുഭവപാഠം ഏവരും തിരിച്ചറിയണം. ●



# വരുമോ ഒരു കാലഭേദം

**ഫാ. ഡോ. മാത്യു കോശി, അറ്റ്ലാന്റാ, യു. എസ്. എ.**

പറഞ്ഞു മനുജൻ നിരന്തരമൊരായിരം വട്ടം
കോവിഡു തൻ കാലം വരുത്തുന്ന മാറ്റവും ക്ലേശങ്ങളും
കീഴ്മേൽ മറിഞ്ഞു ലോകം ആർത്തിരമ്പി മാനവഹൃത്തടം
കരാഛേഷ്ടങ്ങളിൽ പൂണ്ടപേടമാൻ പോൽ സ്തംഭിച്ചു ശാസ്ത്രലോകം
നിശ്ചലമായൊരു ഘടികാരമാംവിധം വാനപേടകങ്ങളും സമുദ്രസഞ്ചാരിയാം
നൗകയും ഭൂമിതൻ മാറിൽ ചരിക്കുന്ന സർവ്വവും
നാളെ എന്താകുമെന്താകുമെന്ന ചോദ്യത്തിനുത്തരം
കാണാപ്പുറമെന്നാരോ ചൊല്ലിയ മന്ത്രമാണെവിടെയും
വാർത്തതൻ പ്രസരത്തിലാധിപൂണ്ടവർ കൊട്ടിയ-
വാതായനങ്ങൾക്കുള്ളിലായ് ബന്ധനസ്ഥർ
പാടെ വിഹ്വലമാക്കുന്നു മാനവഹൃത്തിനെ
പാഞ്ഞുപോയീടും ആംബുലൻസിൻ സീൽക്കാര ശബ്ദങ്ങൾ
സ്നാനവും കഴുകലും എത്രവേണമെന്നറിയാതെ
ഭീതിതൻ ദുരിതക്കയത്തിലാണ്ടു പോകുന്നവർ
മിനുക്കും മുഖത്തിൽ ചന്തവും ചമയങ്ങളും
ഒരു ചാൺ ശീലയിൽ അസ്തമിച്ചു പോയപോൽ
ഇരുൾവീണവഴികളിൽ സ്വൈരമായ് ഗമിച്ചിടും
പക്ഷിമൃഗയ്ക്കാലവൃന്ദ സഹസ്രങ്ങളും
ദൈവമുണ്ടെങ്കിലെവിടെയെന്നാരായുന്ന നാസ്തിക കൂട്ടങ്ങൾ
മെനയുന്നു പരിഹാസദ്യോതമാം നവതർക്ക ശാസ്ത്രങ്ങൾ
ദൈവമായി ചമഞ്ഞവരെവിടെയെന്നറിയാതെ
അഴൽപൂണ്ട അവരുടെ ഭക്തരാം ശിഷ്യസാധുക്കളും
കേവലും ബലിപീഠവും മോസ്ക്കുമെല്ലാമിനി
തുറക്കേണ്ടതില്ലെന്ന് ചൊല്ലുന്ന യുക്തി സംഘങ്ങളും
ഭക്തരെന്ന് നിനച്ചിടും വിശ്വാസവീരരിൽ ചിലർ
കുറ്റം വിധിക്കുന്നു ഗുരുഭൂതരാമാചാര്യ ശ്രേഷ്ഠരെ!

പണ്ടുമുനികളും സിദ്ധരും നേടിയ ദിവ്യാഗ്നി മന്ത്രങ്ങൾ
ഇന്നിവർക്കെന്തേ വഴങ്ങാത്തതെന്നാക്ഷേപം
നിശ്ചലമാകുമെന്നാരോ ചൊല്ലിയ വാക്കിനറം പറ്റിയോ
മാനവജന്മമിനിയെന്നും ഇത്രമാത്രമോയെന്നാരായുന്നവർ
കനൽവീണ മനുജന്റെ ആത്മാവിൽ മാറ്റുരയ്ക്കുന്നൊരു
ഗദ്ഗദം "മാറുമെല്ലാമിനി കോവിഡാനന്തരം"
എന്നാൽ ഉത്രയും ഷീബയും ജോർജു ഫ്ളോയിഡും മാത്രമോ
മാതൃപിതൃക്കൾ തൻ ഹത്യരാം മുടിയൻ പുത്രരും
ആത്മഹൂതി തൻ ഹോമകുണ്ഡത്തിലമർന്ന പാഴ്ജന്മങ്ങളും
ഓർമ്മിപ്പിക്കുന്നു വീണ്ടുമാപ്പഴയ പരിദേവന മന്ത്രണം
മാറുകില്ല നാം ഇനി എത്രയൊക്കെയാകിലും
നന്മ തൻ കണിക്കൊന്നകൾ വാടിക്കരിഞ്ഞുപോയ്
എങ്കിലും കാത്തിരിക്കുന്നു നാം മുളപൊട്ടുമൊരു പുതിയ നാമ്പിനായ്
നിറമാർന്ന പകലിന്റെ നെറുകയിലൊരർച്ചന ചാർത്തിടാൻ.

മനഃപൂർവ്വം

6

ഡോ. വർഗീസ് പുന്നൂസ് പണിക്കശ്ശേരിൽ

"മകൻ ക്ലാസ്സ് അഞ്ചുവരെ എത്തിയതേയുള്ളു, പക്ഷേ സ്ക്കൂൾ ഇത് മൂന്നാമത്തേതാണ്. ഇങ്ങനെ പോയാൽ ഈ സ്ക്കൂളിൽ നിന്ന് അടുത്ത വർഷം മാറ്റേണ്ടി വരും". ഇളയ മകൻ ജോഷ്വായെപ്പറ്റി ഹെഡ്മിസ്ട്രസ് മാതാപിതാക്കളായ ബിജുവിനും സുജയ്ക്കും നൽകിയ മുന്നറിയിപ്പാണ്. ഒരു സ്ഥലത്ത് അടങ്ങിയിരിക്കില്ല. പിരുപിരുപ്പും തർക്കുത്തരവും തല്ലുകൊള്ളിത്തരവും കൊണ്ട് സഹികെട്ടു. ശാസിച്ചും സ്നേഹിച്ചും ശിക്ഷിച്ചും നോക്കി-ഒരു രക്ഷയുമില്ല. "അവന്റെ അപ്പനും ഇങ്ങനെയായിരുന്നു ചെറുപ്പത്തിൽ, പിന്നെ അതൊക്കെ അങ്ങുമാറി"-അമ്മയുടെ വാക്കുകൾ സുജയ്ക്ക് ചെറിയ ആശ്വാസമായി. ഇത്തവണണ ഓൺലൈൻ ക്ലാസ്സ് ആയത് ഒരുകണക്കിന് നന്നായി-അല്ലെങ്കിൽ ഇതിനോടകം തന്നെ പല തവണ മറ്റു കുട്ടികളുടെ മാതാപിതാക്കളുടെ പരാതിക്ക് സമാധാനം പറയാൻ സ്ക്കൂളിൽ പോകേണ്ടിവന്നേനേ. അതേസമയം വീട്ടിൽ ഓൺലൈനിൽ സ്റ്റുഡന്റായതിനുശേഷം ഓടി നടക്കുകയും മൊബൈലിൽ ഗെയിം കളിക്കുകയും ചെയ്യുന്ന ജോഷ്വായോട് യുദ്ധം ചെയ്ത് തളർന്നിരിക്കുകയാണ് സുജ.

ഇളയകുട്ടി, ആൺകുട്ടി എന്ന നിലയിൽ ഒക്കെ അവന്റെ നിർബ്ബന്ധങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതു കൊണ്ടാണോ ഇവൻ ഇങ്ങനെയായത്? ഭർത്താവിന്റെ അമ്മ അവനെ കൂടുതൽ ലാളിച്ച് വിഷളാക്കുന്നുണ്ടോ? അവന്റെ വികൃതികൾ നില വിടുമ്പോൾ താൻ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് കൊണ്ട് അവന് സ്നേഹം കിട്ടാതെ വരുമോ? കുഞ്ഞിനെ ഗർഭം ധരിച്ചിരുന്നപ്പോൾ അമ്മയുടെ മനസ്സിലെ വേദനകളും ചെയ്യുന്ന പാപങ്ങളും കുഞ്ഞിന് ശാപമായി മാറും എന്ന് ധ്യാനം കൂടാൻ പോയപ്പോൾ കൗൺസലിംഗ് ക്ലാസ് നടത്തിയ കന്യാസ്ത്രീ പറഞ്ഞ വാക്കുകളും സുജയുടെ മനസ്സിനെ അലട്ടുന്ന ചിന്തകളാണ്.

ബിജുവിനാണെങ്കിൽ ഇതൊന്നും ഒരു പ്രശ്നവുമില്ല. അതാണ് സുജയ്ക്ക് കൂടുതൽ വിഷമം. അപ്പൻ വീട്ടിലുണ്ടെങ്കിൽ ജോഷ്വയുടെ വികൃതികൾക്ക് പാതി കുറവുണ്ട്. പക്ഷേ ദേഷ്യം വന്നാൽ മകനെ അടിക്കുന്ന അപ്പന്റെ ശൈലിയോട് എതിർപ്പുമുണ്ട്. "പരീക്ഷയ്ക്ക് മാർക്കു കുറവാണെങ്കിലെന്താ? അവന് നല്ല ബുദ്ധിയുണ്ട്- അവനല്ലേ ബാറ്ററി വെച്ച് പ്രവർത്തിപ്പിക്കുന്ന വർക്കിംഗ് മോഡൽ ഉണ്ടാക്കി സയൻസ് മേളയിൽ സമ്മാനം കിട്ടിയത്-വലിയ ക്ലാസ്സിൽ ആകുമ്പോൾ അവൻ ശ്രദ്ധിച്ച് പഠിച്ചോളും-നീ വിഷമിക്കേണ്ട" ഇങ്ങനെയൊക്കെ പറഞ്ഞ് ബിജു സുജയെ ആശ്വസിപ്പിക്കും, തന്റെ പുത്രന്റെ പാഠ്യേതര കഴിവുകളെപ്പറ്റി അഭിമാനം കൊള്ളും.

പക്ഷേ സുജയുടെ മനസ്സിൽ തീയാണ്-ആരോടാണ് ഇത് പങ്കുവെയ്ക്കുക? അങ്ങനെയാണ് ഡൽഹിയിൽ സ്ഥിരതാമസമാക്കിയ തന്റെ സഹോദരനുമായി സുജ തന്റെ വിഷമങ്ങൾ പറഞ്ഞത്. എല്ലാം കേട്ടതിനുശേഷം സഹോദരൻ ഒറ്റക്കാര്യമേ പറഞ്ഞുള്ളൂ "നീയും ബിജുവും കൂടിയിരുന്ന് താരേ സമീൻ പർ (Tare Zamin Par) എന്ന ഹിന്ദി സിനിമ എവിടെ നിന്നെങ്കിലും ഡൗൺലോഡ് ചെയ്ത് കാണണം എന്നിട്ട് പിന്നെ നമുക്ക് ബാക്കി സംസാരിക്കാം". അങ്ങനെ സുജയും ബിജുവും ഒരുമിച്ചിരുന്ന് ആ സിനിമ കണ്ടു-സിനിമയിലെ ബാലനായ ഐഷാന്റെ കഥ തന്നെയാണ് ജോഷ്വയുടെയും എന്നുള്ള തിരിച്ചറിവാണ് അവരെ പ്രശ്നപരിഹാരത്തിനായി ഡോക്ടറുടെ അടുത്തെത്തിച്ചത്.


**എന്താണ് ജോഷ്വായുടെ പ്രശ്നം?**

എന്താണ് പ്രശ്നം എന്ന് പറയുന്നതിന് മുമ്പേ എന്തൊക്കെയല്ല എന്ന് പറയേണ്ടത് വളരെ ആവശ്യമാണ്. ന്യൂക്ലിയർ ഫാമിലിയുടെയോ, ജോലിക്ക് പോകുന്ന അമ്മയോ, സ്നേഹ ലാളനകളുടെ കുറവോ, അവയുടെ ആധിക്യമോ, മൊബൈൽ ഫോണോ, ഗർഭിണിയായിരുന്നപ്പോൾ ഉണ്ടായ പാപചിന്തകളോ മുൻതലമുറ ചെയ്ത പാപത്തിന്റെ ശാപമോ ഒന്നുമല്ല ഈ പ്രശ്നത്തിന്റെ കാരണം. പൊതു സമൂഹത്തിൽ പ്രചാരത്തിലുള്ള ചില അബദ്ധധാരണകളും ചില കൾട്ട് ആത്മീയ പ്രസ്ഥാനങ്ങൾ പ്രചരിക്കുന്ന തെറ്റായ സന്ദേശങ്ങളും അനേകം മാതാപിതാക്കളെ ആശയക്കുഴപ്പത്തിലും അനാവശ്യമായ കുറ്റ ബോധത്തിലും ആഴ്ത്താറുണ്ട്. ഇവന് ബുദ്ധി കുറവാണോ എന്ന് സംശയം തോന്നി ഞങ്ങൾ 12 ടെസ്റ്റ് ചെയ്തു-കുഴപ്പമൊന്നുമില്ല, ഇവൻ കുഞ്ഞായിരിക്കുമ്പോൾ കട്ടിലിൽ നിന്ന് ഒന്നുവീണു, തലച്ചോറിന് വല്ല ക്ഷതവും പറ്റിയതാണോ എന്ന് വിചാരിച്ച് MRI സ്കാൻ ചെയ്തു. കുഴപ്പമൊന്നുമില്ല, എന്നിങ്ങനെ വരുന്ന മാതാപിതാക്കളും കുറവല്ല. അപ്പോൾ എന്താണ് ജോഷ്വായുടെ അല്ലെങ്കിൽ അവനെപ്പോലെയുള്ള കുട്ടികളുടെ പ്രശ്നം?

Attention Depcit Hyperactivity Disorder (A.D.H.D), Specific Learning Disorder (Dyslexia-SLD) എന്നീ തകരാറുകൾ ആണ് ജോഷ്വയ്ക്ക് ഉള്ളത് എന്ന് വിശദ പരിശോധനയിൽ കണ്ടെത്തി. ശ്രദ്ധകേന്ദ്രീകരിച്ചിരിക്കാനും, ചലനങ്ങളെ നിയന്ത്രിക്കാനും, പ്രതികരണങ്ങളെ മിതമാക്കാനും ഉള്ള കഴിവുകൾ തലച്ചോറിൽ വേണ്ടവിധം വികസിക്കാതെ വരുമ്പോൾ പ്രകടമാകുന്ന ഒരു തകരാർ ആണ് A.D.H.D. ബുദ്ധിശക്തിയും ഓർമ്മശക്തിയും ഒക്കെ ഉണ്ടായിട്ടും നല്ല പരിശീലനവും പഠന സാഹചര്യങ്ങളും ഒക്കെ നൽകിയിട്ടും ചില കുട്ടികൾക്ക് വായിക്കാനും, എഴുതാനും ഗണിതക്രിയകൾ ചെയ്യാനും ഉള്ള കഴിവുകൾ വേണ്ടവിധം തലച്ചോറിൽ വികസിക്കാതെ പോകുന്നു-ഇതാണ് SLD അഥവാ DYSLEXIA.

ഇവ രണ്ടും മസ്തിഷ്ക വികസനത്തിൽ സംഭവിക്കുന്ന നേരിയ അപാകതകൾ ആണ്. Neuro developmental disorders എന്ന ഗണത്തിൽ പെടുന്ന തകരാറുകൾ ആണ് ഇവ. 5-10 % വരെ കുട്ടികളിൽ ഈ തകരാറുകൾ കാണാം. പെരുമാറ്റത്തിലുള്ള പ്രശ്നങ്ങളായും, പഠനത്തിലുള്ള പോരായ്മകളായും ആണ് ഇവ പ്രത്യക്ഷപ്പെടുക. ഈ പ്രശ്നം തിരിച്ചറിയാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും ഒരു പക്ഷേ ഡോക്ടർമാർ ക്കുപോലും പലപ്പോഴും കഴിയാതെ പോകുന്നു. നേരത്തേ തിരിച്ചറിയുകയും ശാസ്ത്രീയമായ പരിഹാരങ്ങൾ നൽകുകയും ചെയ്താൽ ഈ തകരാറുകൾ വലിയൊരളവിൽ മാറ്റിയെടുക്കാൻ സാധിക്കും. സിലബസ് മാറ്റം, സ്ക്കൂൾ മാറ്റം, ബോർഡിംഗിലാക്കൽ, അമിതമായ ട്യൂഷൻ സമ്മർദ്ദങ്ങൾ ഇവയൊന്നും പ്രയോജനം ചെയ്യില്ല. "വളരുമ്പോൾ തനിയെ മാറും" എന്ന ആശ്വാസവും അസ്ഥാനത്താണ്. ADHD ഔഷധ ചികിത്സയും, പെരുമാറ്റ ചികിത്സയും മാതാപിതാക്കൾക്കുള്ള പെരുമാറ്റ പരിശീലനവും പ്രധാനമാണ്. SLD യിൽ ആകട്ടെ, Remedial Training എന്ന നൈപുണ്യ പരിശീലനമാണ് പ്രധാനം. പാഠ്യേതര കഴിവുകൾക്കുള്ള പ്രത്യേക പ്രോത്സാഹനവും പരിശീലനവും വളരെ പ്രധാനപ്പെട്ടതാണ്. *ഇത്തരം പ്രശ്നങ്ങൾ ഉള്ള കുട്ടികളെ തിരിച്ചറിയുവാൻ അധ്യാപകർക്ക് (സൺഡേ സ്ക്കൂൾ അധ്യാപകൻ ഉൾപ്പെടെ) കഴിയണം. ശാസ്ത്രീയമായ പരിഹാരങ്ങൾ ഒട്ടും താമസിക്കാതെ തേടാൻ മാതാപിതാക്കൾ തയ്യാറാവുകയും വേണം.*

*തുടരും...*



# പുരോഹിതാ... നീ എന്നെ സ്നേഹിക്കുന്നുവോ

ഫാ. എൽവിൻ തോമസ് പോഴുവേലിൽ

പൗരാണിക സഭയുടെ ധിഷണാശാലികളായ രണ്ടു പിതാക്കന്മാരുടെ സംവാദമാണ് പൗരോഹിത്യമെന്ന പദവിയുടെ അടിസ്ഥാനത്തെയും അന്തസത്തയെയും നിർണ്ണയിക്കുന്ന രചനയായി പരിണമിക്കുന്നത് (On the Priesthood). കപ്പദോക്യൻ പിതാവായ മാർ ബസേലിയോസിനോട് സംവദിച്ച് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പൗരോഹിത്യ പദവിയെ സംബന്ധിച്ച് ആഴത്തിൽ വിശദീകരിക്കുന്നു. ക്രിസ്താബ്ദം 391-ൽ അന്ത്യോക്യയിൽ വച്ചാണ് മാർ ഈവാനിയോസ് 'പൗരോഹിത്യം' ആസ്പദമാക്കി ആറ് ഗ്രന്ഥങ്ങൾ രചിക്കുന്നത്. നാസിയാൻസിലെ മാർ ഗ്രീഗോറിയോസിന്റെ സ്വാധീനം പൂണ്ട ഈ രചനയിൽ 'പുരോഹിതനെ' ഗുരുവായും ഇടയനായും ചിത്രീകരിക്കുന്നതോടൊപ്പം പൗരോഹിത്യ ജീവിതത്തിലെ വെല്ലുവിളികളും പ്രതിസന്ധികളും രേഖപ്പെടുത്തുന്നുണ്ട്.

**1. ക്രിസ്തു സ്നേഹത്തിന്റെ കടലാഴം**

ഉത്ഥിതനായ ക്രിസ്തു പത്രോസിനോട് ചോദിച്ച ചോദ്യത്തിൽ നിന്നാണ് സ്വർണ്ണനാവുകാരൻ ആരംഭിക്കുന്നത്. "യോഹന്നാന്റെ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" (യോഹ. 21:15). തന്നോടുള്ള പത്രോസിന്റെ സ്നേഹം അളന്നു ക്രിസ്തു നിർത്തുകയല്ല മറിച്ച് തന്റെ അജഗണത്തോടുള്ള സഭയോടുള്ള ക്രിസ്തുവിന്റെ ഉദാത്ത സ്നേഹമാണിവിടെ അനാവരണം ചെയ്യപ്പെടുന്നത്. പത്രോസിനു ക്രിസ്തുവിനോടുള്ള സ്നേഹത്തേക്കാൾ പ്രകടമാകുന്നത് യേശുവിനു സഭയോടുള്ള സ്നേഹവും കരുതലുമാണ്. തന്നെ അധികമായി സ്നേഹിക്കുവാൻ കെൽപുള്ളവനെയാണ് സഭയെ പരിപാലിക്കുവാൻ ക്രിസ്തു നിയോഗിക്കുന്നത് (യോഹ. 21:15-17). തന്റെ രക്തം അച്ചാരമായി നൽകി താൻ നേടിയ ആട്ടിൻപറ്റത്തെ പരിപാലിക്കുക എന്നതാണ് ക്രിസ്തുവിനെ സ്നേഹിക്കുന്നവരിൽ ഭരമേൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വം. ക്രിസ്തുവിന്റെ നിയോഗത്തെ വിശ്വസ്തമായി പൂർത്തീകരിക്കുന്നവർക്കുള്ള സമ്മാനം അമൂല്യമാണ് (മത്തായി 24:17). "എന്നെ സ്നേഹിക്കുന്നുവോ" എന്ന ക്രിസ്തു ചോദ്യത്തിൽ ഒളിഞ്ഞു കിടക്കുന്നത് നീ ഉപവസിക്കുവാൻ പഠിക്കണം, വെറും നിലത്ത് കിടന്നുറങ്ങുവാൻ ശീലിക്കണം, വിശാലമായ ജാഗ്രതയുള്ളവനാകണം, തെറ്റിപ്പോയവരെ തിരികെ നേടണം, പിതാവിനെ നഷ്ടപ്പെട്ടവർക്കും വിധവമാർക്കും തുണയാകണം എന്ന ചിന്താധാരയായാണ് സ്പഷ്ടമാക്കപ്പെടുന്നത്. ഇവയെല്ലാം ശീലിക്കുമ്പോഴാണ് ക്രിസ്തുവിന്റെ കൽപന ശിരസ്സാ വഹിക്കുവാൻ ക്രിസ്തു സ്നേഹിതൻ പ്രാപ്തനാകുന്നത്- "എന്റെ ആട്ടിൻ പറ്റത്തെ മേയിക്കുക" (യോഹ. 21:17).

വി. മാമോദീസാ കൂദാശയിൽ ജലം, വി. മാമോദീസാ നീരായി പരിണമിക്കുന്നത് പോലെ, വി. ബലിയിൽ അപ്പവീഞ്ഞുകൾ നാഥന്റെ ശരീരരക്തമായി തീരുന്നത് പോലെ, പൗരോഹിത്യദാന ശുശ്രൂഷയിലൂടെ പരിശുദ്ധാത്മാവിന്റെ ആവാസം ഭൗമികനായ മനുഷ്യനെ പരിവർത്തനപ്പെടുത്തി ക്രിസ്തു നിയോഗമായ പൗരോഹിത്യ പദവിയിലേക്കുയർത്തുന്നു. സഭയാകുന്ന ആട്ടിൻപറ്റത്തെ നയിക്കുവാനുള്ള നിയോഗം. എന്നാൽ തന്നിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കുഞ്ഞാടുകൾ നഷ്ടപ്പെടുന്നത് ഇടയന്റെ ശുശ്രൂഷയ്ക്കു കളങ്കം ചാർത്തും. മാർഗ്ഗഭ്രംശം സംഭവിച്ച് ഉഴലുന്ന ആടിനെ ചിലപ്പോൾ ഒരു തിരുത്തലിന്റെ ശബ്ദചലനം കൊണ്ട് നേരെ നടത്താനാവും. ചിലപ്പോൾ തിരുത്തലോ ബലപ്രയോഗങ്ങളോ ഒന്നും ഫലവത്തായി എന്നും വരികയില്ല അത്തരം സന്ദർഭങ്ങളിൽ കൂടുതൽ പ്രാർത്ഥനയോടും കരുതലോടും ക്ഷമയോടും സഹനശക്തിയോടും കൂടെ സഹവർത്തിക്കേണ്ടതാകുന്നു.

**2. മധുര പരിമളത്തിന്റെ വാഹകൻ**

തെറ്റിൽ നിപതിച്ച ഒരുവനെ തൻമാർഗ്ഗം വിട്ടൊഴിഞ്ഞ് നേർവഴിക്ക് നടത്തുവാൻ തിരുത്തലിന്റെ ബലപ്രയോഗങ്ങൾ പരാജയപ്പെടുന്നിടത്ത് വിജയിക്കുന്നത് സ്നേഹത്തിന്റെ ശക്തി മാത്രമാണെന്ന് മാർ ഈവാനിയോസ് അഭിപ്രായപ്പെടുന്നു. പുരോഹിതനു വശമാകേണ്ട ഭാഷയിലും സ്നേഹത്തിന്റെ ഭാഷയാണതെന്ന് രചയിതാവ് അടിവരയിടുന്നു. സ്നേഹത്തിന്റെ ഭാഷ എങ്ങനെ ആരംഭിക്കണമെന്ന് നാഥൻ തന്നെ പഠിപ്പിച്ചിട്ടുണ്ടല്ലോ. "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ. 13:35). "തങ്ങളിൽ വലിയവൻ ആര്" (ലൂക്കോ. 9:46) എന്ന ആത്മസംഘർഷം നിറഞ്ഞ് നിന്ന അപ്പോസ്തല കൂട്ടത്തോടാണീ ആഹ്വാനം. സമന്മാരുടെ ഇടയിൽ നിന്നു സ്നേഹത്തിന്റെ നീർപെയ്ത്ത് ആരംഭിക്കണമെന്ന് ചുരുക്കം വീണ്ടും, പൗലോസ് ശ്ലീഹായും സ്നേഹത്തെപ്പറ്റി വാചാലമായാണ് സംസാരിക്കുന്നത്. ന്യായപ്രമാണത്തിന്റെ പ്രവൃത്തിയെന്നും (തോമ. 13:10), സർവ്വമരങ്ങളിലും ശ്രേഷ്ഠം (1 കൊരി. 13:2,3) എന്നാണ് ക്രിസ്തു ശിഷ്യന്മാരിൽ തഴച്ചുവളർന്ന ദൈവഭാവ

മാണ് സ്നേഹം. തന്റെ പരസ്യശുശ്രൂഷയുടെ അവസാന പാദത്തിൽ ക്രിസ്തു ശിഷ്യരെ വിശേഷിപ്പിക്കുന്നത് "സ്നേഹിതർ" എന്നാണ് (യോഹ. 15:15). സ്നേഹിതരായി പരിണമിച്ച തന്റെ ശിഷ്യരിലൂടെ വളർന്ന സഭയ്ക്കു വേണ്ടിയാണ് ക്രിസ്തു തന്റെ ജീവൻ നൽകിയത്. ആ സ്നേഹിതന്റെ മധുര പരിമളം പേറുന്ന വാഹകനായി പുരോഹിതൻ മാറേണ്ടതും ഉത്തരവാദിത്വത്തിന്റെ അനിവാര്യതയാണ്.

**3. അവർണ്ണനീയ മഹത്വങ്ങളുടെ കാവൽക്കാരൻ**

പ്രധാന മാലാഖമാരോ, മാലാഖമാരോ, മനുഷ്യരോ, സൃഷ്ടിക്കപ്പെട്ട ശക്തികളോ ഒന്നുമല്ല മറിച്ച് പാറക്കലീത്ത സ്വയമായി ഇറങ്ങിവന്ന്, ശരീരം ധരിച്ച മനുഷ്യരെ മാലാഖമാരുടെ ശുശ്രൂഷ ഭൂമിയിൽ നിവർത്തിക്കുവാനായി നിയോഗിക്കുന്നവരാണ് പുരോഹിതർ എന്നു പൗരോഹിത്യ മഹത്വത്തെപ്പറ്റി സ്വർണ്ണനാവുകാരൻ വിശേഷിപ്പിക്കുന്നു. അദ്ദേഹം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു– "ഭൂമിയിൽ നിയോഗിക്കപ്പെടുകയും സ്വർഗ്ഗോന്നതങ്ങളിൽ നിർണ്ണയിക്കപ്പെടുകയും ചെയ്യുന്നതാണ് പൗരോഹിത്യ ശുശ്രൂഷയുടെ മഹത്വം".

ഏലിയാവിന്റെ ശുശ്രൂഷയിൽ, പ്രവാചകൻ പ്രാർത്ഥിക്കുകയും, ജനം നിശബ്ദ പ്രാർത്ഥനയിൽ ജാഗരിച്ചപ്പോൾ ഉയരത്തിൽ നിന്നും അഗ്നി ഇരച്ച് ഇറങ്ങി ബലിയെ ദഹിപ്പിച്ചത് പോലെ പുരോഹിതന്റെ പ്രാർത്ഥനയിലൂടെ വി. കുർബ്ബാനയിൽ ബലിവസ്തുക്കളായ അപ്പവീഞ്ഞുകളിൽ പരിശുദ്ധ റൂഹാ ഉയരത്തിൽ നിന്നിറങ്ങി വന്ന് പരിവർത്തനപ്പെടുത്തുന്നു. അഗ്നി ശുദ്ധീകരിക്കുന്നത് പോലെ പരിശുദ്ധ റൂഹാ ബലി വസ്തുക്കളെ അതീതവും അതുല്യവുമായി ശുദ്ധീകരിക്കുന്നു.

മാലാഖമാർക്കു പോലും ലഭിക്കപ്പെടാതെ, മീതെ ഉയരത്തിലും താഴെ ഭൂമിയിലുള്ള അധികാരം ദൈവത്താൽ വരദാനമായി സിദ്ധിച്ച് നിയോഗിക്കപ്പെട്ടതാണ് പൗരോഹിത്യം (മത്തായി 18:18). പുരോഹിതന്റെ നടപടികളെ ദൈവം അംഗീകരിക്കുന്നു. തന്റെ ശുശ്രൂഷകനായ പുരോഹിതന്റെ നിർണ്ണയം സ്വർഗീയ യജമാനൻ ദൃഢീകരിക്കുന്നു. പിതാവാം ദൈവം തന്റെ ഏകജാതനായ ക്രിസ്തുവിനെ ഏൽപിച്ചതാണ് ന്യായവിധി (യോഹ. 5:22). വിധികർത്താക്കളായി പുത്രനായ ക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ടവനാണ് പുരോഹിതൻ എന്നാണ് മാർ ഈവാനിയോസ് വിവരിക്കുന്നത് (യോഹ. 20:23). ആയതിനു 'പുരോഹിതൻ' എന്നാൽ സ്വർഗ്ഗത്തിന്റെ ഭാഷ വശമുള്ളവനും, മാനുഷീക പ്രകൃതി അതിജീവിച്ചവനും, ലോകമോഹങ്ങളിൽ നിന്നു വിട്ടൊഴിഞ്ഞവനുമാകണം. വിശ്വാസിയെ നരകാഗ്നിയിൽ അകപ്പെടാതെ രക്ഷപെടുവാൻ സഹായിക്കുന്നതും ജീവകിരീടം പ്രാപിക്കുവാൻ അർഹനാക്കുന്നതും പൗരോഹിത്യ മഹത്വമാണ്.

ഒരുവനിൽ തന്റെ ഭൗമിക മാതാപിതാക്കളെക്കാൾ അധികാരം പുരോഹിതനാണെന്ന് മാർ ഈവാനിയോസ് പൗരോഹിത്യ മഹത്വത്തെക്കുറിച്ച് വർണ്ണിക്കുന്നു. മാതാപിതാക്കൾ ഈ ലോകത്തിലേക്കു ഞങ്ങളുടെ മക്കളെ ജനിപ്പിക്കുകയും അവരെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ പുരോഹിതൻ വരുവാനുള്ള ലോകത്തിലേക്കു കരേറുവാൻ നമ്മെ സജ്ജീകരിക്കുന്ന അവസ്ഥയ്ക്കു ഈ ലോകത്തിൽ വച്ച് നേതൃത്വം നൽകുന്നു.

**4. മുറിവിലൂടെ കൃപയുടെ നീരൊഴുക്ക്**

പൗലോസിനേക്കാൾ ക്രിസ്തുവിനെ സ്നേഹിച്ച മനുഷ്യൻ കാണില്ല, ഇത്രയേറെ ആത്മീയ ഉല്ലാസം കാട്ടിയ വ്യക്തി കാണില്ല. അതിനാൽ അത്രയും കൃപ നേടിയ മനുഷ്യനും കാണില്ല തനിക്കു വേണ്ടിയല്ലാത്ത അദ്ധ്വാനമാണ് പൗലോസിനെ ശ്രേഷ്ഠനായി എണ്ണുന്നത്. പൗലോസ് ശുശ്രൂഷയിൽ തന്റെ അജഗണങ്ങളെപ്പറ്റി അധികമായി വിചാരപ്പെട്ടു (2 കൊരി 11:3; 1 കൊരി. 3:2), താൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2). ദൈവത്തിന്റെ അവർണ്ണനീയവും അവാച്യങ്ങളുമായ രഹസ്യങ്ങളുടെ സാക്ഷിയായി (2 കൊരി. 12:4). എന്നാൽ അവയ്ക്കതീതമായി അദ്ദേഹം വിവിധ തരത്തിൽ വേദനയനുഭവിച്ചു (2 കൊരി. 11:24–27). അങ്ങനെയാണ് പൗലോസ് തന്റെ നാഥന്റെ മണവാട്ടിയായ സഭയെ അലങ്കരിക്കുന്നത്. പൗലോസിന്റെ സഹനങ്ങൾ, മുറിവുകൾ ഒക്കെ ദൈവകൃപയുടെ നീരൊഴുക്കിനു നിദാനമായിത്തീർന്നു. ശൗൽ ആയിരിക്കെ അധികാര ധാർഷ്ട്യം പ്രകടിപ്പിച്ച മനുഷ്യൻ, ക്രിസ്ത്യാനി ആയതിനു ശേഷം പൗലോസ് തന്നോട് മറുതലിച്ചവരോട് തനിക്കു ക്രിസ്തുവിൽ നിന്നു ലഭിച്ച അധികാരം അനാവശ്യമായിട്ടു പ്രകടിപ്പിച്ചില്ല (1 കൊരി. 9:12). പുരോഹിതൻ ഇങ്ങനെയാകണം എന്നാണ് സ്വർണ്ണനാവുകാരന്റെ മതം.

താനല്ല, മൂർച്ചയുള്ള വാളാണ് കൊലപാതകത്തിന്റെ കാരണം എന്നു കൊലപാതകിയും, വീഞ്ഞാണ് മദ്യപാനത്തിനു കാരണം എന്നു മദ്യപാനിയും അസംബന്ധ ന്യായ തർക്കങ്ങൾ പറയും പോലെ വിജ്ഞാനി അനാവശ്യവാദ പ്രതിവാദങ്ങൾ നടത്താറില്ല. അതുപോലെ തനിക്കു ലഭിച്ച ദൈവീക കൃപയുടെ ന്യായരഹിതമായ വിനിമയം നടത്താത്തവനും അനാവശ്യ വാദപ്രതിവാദങ്ങൾക്കു മുതിരാത്തവനുമാണ് പുരോഹിതൻ.

**5. ആത്മീയ ആരോഗ്യത്തിന്റെ കലവറക്കാരൻ**

പുരോഹിതൻ എങ്ങനെ കരുത്താർജ്ജിക്കണമെന്ന് മാർ ഈവാനിയോസ് ചൂണ്ടിക്കാട്ടുന്നു. പുരോഹിതൻ സ്വർഗ്ഗീയ അധികാരങ്ങളുടെ കൈവശക്കാരനാണെന്ന് അഹങ്കരിച്ച് തന്റെ ശുശ്രൂഷ അവമതിക്കരുത്. മറിച്ച് അന്യായമായി സഹിക്കുന്ന പ്രതിസന്ധിയെല്ലാം നാഥൻ പഠിപ്പിച്ചതുപോലെ "ഭാഗ്യാവസ്ഥ" എന്നു എണ്ണിക്കൊള്ളണം (മത്തായി 5:11).

തങ്ങളുടെ ജീവിതത്തിൽ പൈദാഹങ്ങളും സുഖശീതളിമയും ചിലപ്പോൾ ചിലർക്കു എളുപ്പത്തിൽ വർജിക്കാനാവും. എന്നാൽ എണ്ണത്തിൽ ചുരുക്കം ചിലർക്കു മാത്രമേ അപമാനവും അവഹേളനവും അസഭ്യങ്ങളും, അപമര്യാദകളും സഹിക്കുവാൻ സാധിക്കുകയുള്ളു. ഇടയൻ ഭക്ഷണമുപേക്ഷിച്ചും നഗ്നപാദനായി നടന്നിട്ടും ഉഗ്രമായ കോപവും ഈർഷ്യയുമായി ജീവിക്കുന്നത് അദ്ദേഹത്തെയും, ചുറ്റി നിൽക്കുന്നവരെയും പരിസരത്തെ പോലും അസ്വസ്ഥതയുടെ ഇടമായി മാറും. ഒരു ഓട്ടക്കാരനു തന്റെ ന്യൂനത ഓട്ടക്കളത്തിനു പുറത്ത് ഒളിപ്പിച്ചു വയ്ക്കുവാൻ സാധിക്കും. എന്നാൽ ഓട്ടക്കളത്തിൽ അയാളുടെ ന്യൂനത പുറത്തു വരുകയും താൻ പരാജയപ്പെടുകയും ചെയ്യും എന്ന പോലെ താൻ ഏകനായിരിക്കുമ്പോൾ പുരോഹിതനു തന്റെ ക്ഷിപ്രകോപശീലം രഹസ്യമായി സൂക്ഷിക്കാം. പക്ഷെ അദ്ദേഹത്തിന്റെ പൊതു ജീവിതമാകുന്ന ഓട്ടക്കളത്തിൽ അവ ഉയർന്നു കാണുകയും ശുശ്രൂഷാ സരണി പരാജയപ്പെടുകയും ചെയ്യും.

ഒരു സാധാരണ മനുഷ്യൻ ഒളിവിൽ ചെയ്യുന്ന അകൃത്യം, ചെയ്തയാളെ മാത്രം ബാധിക്കുമ്പോൾ അപ്രകാരം നിവർത്തിക്കുന്ന പുരോഹിതന്റെ അകൃത്യം അദ്ദേഹത്തെ മാത്രമല്ല തന്റെ മേഷക്കൂട്ടത്തെ കൂടെ കളങ്കപ്പെടുത്തുകയും മുറിപ്പെടുത്തുകയും ചെയ്യും. നിതാന്ത ജാഗ്രതയും തികഞ്ഞ ആത്മാർത്ഥതയും പേറി പുരോഹിതൻ സദാ തന്നെത്താൻ പാപക്കറയിൽ നിന്നും, മരണകാരണങ്ങളായ മുറിവുകളിൽ നിന്നും വലിയ അകലം പാലിക്കുകയും വേണം, കാരണം കൂടെ നിന്നു സ്നേഹം നടിച്ചുകൊണ്ട് കടിച്ചുകീറുവാനും നിഷ്കാസനം ചെയ്യുവാനും ശ്രമിക്കുന്നവർ അനേകരാണ്. നിഷ്ഠൂരനായ സ്വേച്ഛാധിപതിയെ അയാളുടെ ഭരണം നിലനിൽക്കുന്നിടത്തോളം എല്ലാവരും ഭയക്കുകയും അനുസരിക്കുകയും പുകഴ്ത്തുകയും ചെയ്യും. എന്നാൽ അയാളുടെ ശക്തി ക്ഷയിക്കുമെന്ന് കണ്ടാലോ, അടുത്ത് നിന്ന സ്നേഹിതരും സഹയാത്രികരും നിമിഷാർദ്ധങ്ങൾ കൊണ്ട് അയാളെ തഴഞ്ഞ് അയാളുടെ ശത്രുപക്ഷം ചേരും. ഇതുപോലെ പുരോഹിതന്റെ ജീവിതത്തിലും സംഭവിക്കാം. അദ്ദേഹ

ത്തിന്റെ ശക്തി ക്ഷയിക്കുവാൻ കാത്ത് നിൽക്കുന്നവരുണ്ടാകും, അധികാര ഭ്രഷ്ടരാക്കുവാൻ ആഗ്രഹിച്ചവരുണ്ടാകും. അത്തരത്തിൽ പുരോഹിതൻ തന്റെ സഹകാരികളെ സൂക്ഷിക്കണമെന്നും ആത്മീയ ബലം ക്ഷയിക്കാതെ കാത്ത് സൂക്ഷിക്കണമെന്നും തന്റെ അജഗണത്തെ ആത്മീയബലം സ്വായത്തമാക്കുവാൻ പരിശീലിപ്പിക്കണമെന്നും സ്വർണ്ണനാവുകാരൻ ഉദ്ബോധിപ്പിക്കുന്നു.

### 6. തിരുവചന ഭാഷകൻ

പുരോഹിതൻ തിരുവചനത്തോട് പുലർത്തേണ്ട ആഭിമുഖ്യം പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ കൂടെ സ്വർണ്ണനാവുകാരൻ അടയാളപ്പെടുത്തുന്നു (1 തിമോ. 4:13; 16:6). വായനയും, പ്രബോധനവും ഉപദേശവും ഇടവിടാതെ നടത്തിക്കൊള്ളണം എന്നാണല്ലോ ശ്ലീഹാ അനുശാസിക്കുന്നത്. വീണ്ടും ഓർമ്മിപ്പിക്കുന്നു–"അന്യോന്യം പ്രബോധിപ്പിച്ചും ആത്മിക വർദ്ധന വരുത്തിയും പോരുവിൻ" (1 തെസ്സ. 5:11). തിരുവചനത്തോടുള്ള ഭക്തിയും അതിവാഞ്ചയും പുരോഹിതനുണ്ടാകണം, തൽസമയത്ത് വേദവിപരീതങ്ങളോടും അബദ്ധോപദേശങ്ങളോടും മുഖം തിരിച്ചു നിൽക്കുവാൻ ത്രാണിയുണ്ടാകണം എന്നാണ് മാർ ഈവാനിയോസ് ഓർമ്മപ്പിക്കുന്നത്. മാത്രമല്ല അത്തരം ചെറുത്ത് നിൽപിനു തന്റെ അജഗണത്തെ കൂടി ഇടയൻ പ്രാപ്തിയുള്ളതാക്കണം. ഒരു വൈദ്യന് തന്റെ മുമ്പിൽ എത്തുന്ന രോഗിക്കു വിവിധ തരത്തിലുള്ള മരുന്ന് നൽകി അയാളെ സുഖപ്പെടുത്താനാകും. പുരോഹിതനു തന്റെ മുമ്പാകെ എത്തുന്നവർക്കു നൽകാനാവുന്ന ഏറ്റവും പ്രധാനവും പരമവുമായ വൈദ്യമാണ് തിരുവചനം. വചനം കൊണ്ട് മുറികെട്ടുവാനും, ആശ്വസിപ്പിക്കുവാനും സ്വസ്ഥനാക്കുവാനും പുരോഹിതനു കെൽപുണ്ടാകണം. ദൈവത്തിന്റെയും ദൈവത്താൽ നിയോഗിക്കപ്പെട്ടവരുടെയും സംഹിതകൾ ക്രിസ്തു മാർഗ്ഗത്തിൽ ചരിക്കുവാൻ ഊർജ്ജം പകരുകയും അതോടൊപ്പം അയാളെ സ്വർഗ്ഗരാജ്യത്തിൽ 'വലിയവൻ' എന്ന വിളിക്ക് അർഹനാക്കുകയും ചെയ്യും (മത്തായി 5:19). ഒരുവനെ തിരുവചനത്തിന്റെ കൂടാരത്തിൽ ചേർത്ത് നിർത്തുന്നത് പുരോഹിതന്റെ പാടവമാണ്, അതിൽ പരാജയപ്പെട്ടാൽ പുരോഹിതൻ പരാജിതനാകും. അങ്ങനെയെങ്കിൽ തന്റെ അജഗണവും ക്ഷയിച്ചുപോകും. തിരുവചനം കൊണ്ട് തന്റെ ജീവിതം കഴുകി വെടിപ്പാക്കുന്നതാണ് പൗരോഹിത്യ ധർമ്മമെന്ന് വിസ്മരിക്കരുതെന്നും മാർ ഈവാനിയോസ് താക്കീത് നൽകുന്നു.

### 7. ഗുരുവിന്റെ ആത്മ വഴക്കം

വചനപ്രബോധനവും ജനശ്രദ്ധയുമൊക്കെ ഗുരുവെന്ന നിലയിൽ പുരോഹിതനെ സംബന്ധിക്കുന്നതാണ്. അദ്ദേഹം ഗുരു എന്ന നിലയിൽ പ്രബോധനം വാഗ്വിലാസത്തിന്റെ ഊർജ്ജത്തോടെ നിർവ്വഹിക്കുകയും അതേ സമയം പ്രശംസകളോടും വാഴ്ത്തുകളോടും മുഖം തിരിക്കേണ്ടതും ആണ്. അദ്ദേഹം ദൈനം ദിന വചനത്തിന്റെ വിത്തുകൾ വിതച്ച് വിശ്വാസികൾക്കു ഗ്രഹിക്കുവാൻ പാകത്തിലും, അവ നഷ്ടപ്പെടാതെയും, ലോകസുഖങ്ങളുടെയും ആകുലതകളുടെയും മുള്ളുകളാൽ ഞെരുക്കപ്പെടാതെയും കാത്ത് സൂക്ഷിക്കുവാൻ വിശ്വാസിയെ ആത്മീയ പുഷ്ടിയുള്ളവനാക്കുവാൻ മടിയില്ലാതെ യത്നിക്കേണ്ടതുമാണ്.

"ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ വിശുദ്ധിയും പവിത്രതയും ബലഹീനനായ എന്റെ അകൃത്യങ്ങളും തുലനം ചെയ്യുമ്പോൾ ഞാൻ വലിയ വായിൽ അയ്യം വിളിക്കും. എന്റെ നാഥൻ എന്നെ ഏൽപിച്ച അവന്റെ സഭ ഞാൻ മുഖാന്തിരം കളങ്കിതമായിരിക്കുന്നു. രണ്ട് വഴികളാണ് എന്റെ പൗരോഹിത്യത്തിനു മുമ്പിൽ തെളിയുന്നത്. ഒന്നുകിൽ ആയുധവർഗം ഊരിവച്ച് നാശത്തിനു കീഴ്പ്പെടാം, അല്ലെങ്കിൽ നിതാന്ത ജാഗ്രതയോടെ ആയുധം ധരിച്ച് സാത്താന് എതിരെ പോരാടുക".


For Favours Received



എം.സി. കുറിയാക്കോസ് റമ്പാൻ
ഓർമ്മ : ജൂലൈ 20

പ്രാർത്ഥനാപൂർവ്വം,
മാളികയിൽ കുടുംബം





ശൂനോയോ നോമ്പ് ആരംഭം (ഓഗസ്റ്റ് 1)



കൂടാരപ്പെരുന്നാൾ (ഓഗസ്റ്റ് 6)



Blessed Rev. Fr. R. Z. Noronah
July 23



നെടുമാവ് ജോർജച്ചൻ
ഓർമ്മ : ജൂലൈ 30

Advt.

# വിശ്രാന്തിയുടെ ബദലുകൾ കരുതലിന്റെ ബദലുകൾ

■ ശാന്തി ബാവുൾ

ഇങ്ങനെയൊരു സമയം നമ്മോടെല്ലാവരോടും കഴിയുന്നത്ര സ്വസ്ഥമായും സർഗ്ഗാത്മകമായും ഇരിക്കാൻ ആവശ്യപ്പെടുന്നു. വീടുകളും സ്കൂളുകളും വ്യക്തികളും ബദലുകൾ തേടുന്നു. വേദനയുടെ ജീവിതങ്ങൾ നമ്മോടൊപ്പംതന്നെ ഉള്ളപ്പോഴും ടൗണിലെ ഫ്ളാറ്റിലെ അമ്മയും പുഴത്തീരത്തെ വീട്ടിലെ അമ്മയും അവരവരുടെ ചുറ്റുപാടിനെ വെച്ച്കൊണ്ട് കളികളിലും കഥകളിലും ഏർപ്പെടുന്നു. ലോകത്തെ നിറവോടെ തന്റെ ഉണ്ണിക്ക് കാണിച്ചുകൊടുക്കുന്നു.

നമ്മുടെ ചുറ്റുപാടിലേയ്ക്ക് കണ്ണുതുറക്കുന്നതാണ് ബദലാവുന്നത്. നമ്മുടെ ജീവിതത്തെ സർഗ്ഗാത്മകമാക്കുന്നത്.

ഇന്ന് നമ്മുക്ക് ആ സമയം ലഭിക്കുന്നു. മുറ്റത്തെ പൂവിൽ വരുന്ന പൂമ്പാറ്റകളെ കാണാനും മഴ ശബ്ദം കേട്ടിരിക്കാനും ഒക്കെ.

നമ്മുടെ തൊടിയിലെ സമൃദ്ധി ഓരോ ദിവസവും ആസ്വദിക്കാനും അയൽക്കാരുമായി അതു പങ്കുവയ്ക്കാനും നമുക്ക് അവസരമുണ്ടായിരിക്കുന്നു.

നമ്മളെന്തിനായിരുന്നു ഇത്ര ധൃതിയിൽ ഓടിക്കൊണ്ടിരിക്കുന്നതെന്ന് ആശ്ചര്യപ്പെടാൻ ഈ കോവിഡ് കാലം നമ്മെ സഹായിച്ചിരിക്കുന്നു.

ഞാൻ വളർന്നത് 'കനവ്' എന്ന, സ്ക്കൂളും കൂട്ടായ്മയും ആയ, ഒരിടത്താണ്. അച്ഛൻ കെ.ജെ. ബേബിയും അമ്മ ഷേർളി മേരിയും ആണ് അത് തുടങ്ങിയത്. അച്ഛന്റെ നാടകക്യാമ്പിൽ വന്ന ഗ്രാമത്തിൽ നിന്നുള്ള അഭിനേതാക്കളുടെ കുട്ടികളും ഞങ്ങളും (അനിയത്തിയും ഞാനും) ആയിരുന്നു അതിലെ പങ്കാളികൾ.

സാധാരണ സ്ക്കൂൾ സംവിധാനം അന്ന് ആദിവാസി കുട്ടികളുടെ സാഹചര്യം തീരെ കണക്കിലെടുത്തിരുന്നില്ല. അവരുടെ ഭാഷ മറ്റൊന്നാണെന്നോ അവരുടെ സാഹചര്യം എന്താണെന്നോ ഒന്നും. അതിലേയ്ക്ക് ആത്മാർത്ഥമായി കണ്ണു തുറന്നപ്പോൾ ഉണ്ടായതാണ് 'കനവ്' എന്ന ഇടം.

എത്ര നിറവാർന്നതാണ് അവരുടെ ലോകം. കാട്, പുഴ, കഥകൾ, പാട്ടുകൾ എത്ര കഴിവുള്ള കുട്ടികൾക്ക് ഇടമില്ലാതാവുന്നു എന്ന കരുതലാണ് 'കനവ്' എന്ന ബദൽ സ്കൂളിന് രൂപം കൊടുക്കുന്നത്.

അവിടെ വളരുമ്പോൾ ഞങ്ങൾക്ക് സമയമുണ്ടായിരുന്നു.

പുഴത്തീരത്തിരുന്ന് വെള്ളത്തിൽ വെയിൽ വീഴുന്നത് കാണാൻ,

കാട്ടിലൂടെ പുതിയ പുതിയ വഴികൾ കണ്ടുപിടിച്ചങ്ങനെ നടക്കാൻ..

പാട്ടുപാടാൻ, ഡാൻസ് കളിക്കാൻ, ചിത്രം വരയ്ക്കാൻ...

സമയമുണ്ടാകുക അത്രയും പ്രധാനമാണ്. കൂടെയിരിക്കാനും കേൾക്കാനും സമയം വേണ്ടേ? നമ്മുടെ വിശ്രാന്തിയിൽ നിന്നല്ലേ നമുക്ക് മറ്റൊരാൾക്ക് എന്തെങ്കിലും നൽകാനാവൂ? നമ്മൾ കാണാൻ തുടങ്ങിയപ്പോൾ പൂമ്പാറ്റകൾ അധികം മുറ്റത്തുവരാനും പാട്ടുകാരിക്കിളികൾ നിർത്താതെ പാടാനും തുടങ്ങിയപോലെ തോന്നുന്നില്ലേ?

WhatsUp Status ൽ അവരെത്ര നിറഞ്ഞിരിക്കുന്നു!

നമുക്ക് അന്യോന്യം കരുതാനും വേണം ഇടം.

'അമ്മേ, ഇതെത്ര രുചിയായിരിക്കുന്നു' എന്നാ തിരക്കിട്ട ഓട്ടങ്ങളിൽ നമ്മൾ പറഞ്ഞില്ലല്ലോ! Thank you പവിഴമല്ലി! Thank You വാഴപ്പൂ...! എന്ന് പറഞ്ഞ് കൈ നീട്ടാൻ നമുക്ക് നേരമില്ലായിരുന്നു.

ഞാൻ തിരുവണ്ണാമലയിൽ ആണ് ഇപ്പോൾ താമസിക്കുന്നത്. എപ്പോഴും ദൂരത്തായിരിക്കുന്നവരോട് ബന്ധപ്പെട്ടിരിക്കുന്നതിനു പകരം ഈ ലോക് ഡൗൺ ചുറ്റുപാടിലെ ആളുകളോട് എന്നെ കൂടുതൽ അടുപ്പിച്ചു. ഓരോരോയിടങ്ങളിലും അതാതു ചുറ്റുപാടുകളിൽ നിന്നും രൂപപ്പെടുന്ന ഒരു കൂട്ടായ്മ ഉണ്ടാവുന്നത് സന്തോഷത്തോടെ കണ്ടു. ഭക്ഷണം പങ്കു വെച്ചും കുട്ടികൾ ചേർന്നു കളിച്ചും പരസ്പരം വീടുകളിലെ പണികളിൽ സഹായിച്ചും ഒരു ചുറ്റുപാട്. അടുക്കുന്നത് എത്ര പ്രധാനമാണ്, ലളിതമാണ്, സമാധാനപരമാണ് എന്നറിഞ്ഞു.

ബദലുകൾ എന്ന് വിളിച്ച് നമ്മൾ ഏറ്റവും പുതുതായി കാണുന്നതെല്ലാം എന്നും എപ്പോഴും കരുതലുള്ള ആളുകൾക്ക് ചുറ്റും ഉള്ളത് തന്നെയായിരുന്നു.

കൃഷിക്കാരെല്ലാം മക്കൾക്ക് എത്ര കുഞ്ഞിലേ അവരറിയാതെത്ര പാഠങ്ങൾ കൊടുക്കുന്നു! അമ്മ പാചകവും പാട്ടും പഠിപ്പിക്കുന്നു!

ഓരോ വീടും ഒരു കുഞ്ഞു ബദൽ സ്ക്കൂളല്ലേ?

എല്ലാം എല്ലാം അകലത്താണെന്ന വിചാരം നമുക്ക് എപ്പോഴോ വന്നുപോയി.

അറിവ് സ്ക്കൂളിലാണ്.

കൂടുതൽ അറിവ് അതിലും ദൂരത്തിലാണ്.

ഏറ്റവും അറിയുന്നവൻ ബഹിരാകാശം കണ്ടവനാണ്.

ആണോ?

നമ്മുടെ ഗുരുക്കന്മാർ പറയാതെ പറഞ്ഞ് ജീവിച്ചുപോയത് അറിവ് നമുക്കുള്ളിൽ, നമ്മുടെ ശ്വാസത്തോളം അടുത്ത് ഉണ്ടെന്ന് പറഞ്ഞാണ്.

അവരെല്ലാം നമ്മോട് ഒന്നടങ്ങാനും ഇരിക്കാനും സാവകാശം കൊടുക്കാൻ പറഞ്ഞു. നിന്റെയുള്ളിൽ വിളങ്ങുന്നതിനെ ഉപേക്ഷിച്ച് അലയാതെ എന്ന് പറഞ്ഞും പാടിയും മന്ദഹസിച്ചും ഓർമ്മിപ്പിച്ചു.

ഈ വിശ്രാന്തിയുടെ കാലം നമുക്ക് അതിലേക്ക് തിരിയുവാനുള്ള സമയമാവട്ടെ എന്ന് പ്രാർത്ഥന. ●



# ഭൂമിയിലെ മാലാഖമാർ

■ എലിസബേത്ത് വർക്കി, കോഴിക്കോട്

മാലാഖമാരെ ഇഷ്ടം ഇല്ലാത്തവരായി ആരും ഇല്ല. ദൈവത്തിന്റെ ദൂത് മനുഷ്യന് പകരാൻ വെള്ള ചിറകുകളുമായി പറന്നുവരുന്ന മാലാഖമാർ... ദൈവപുത്രനെ ഭൂമിക്ക് നൽകാൻ കന്യകമറിയാമിന് മുമ്പിൽ പുഞ്ചിരി തൂകി വന്നു നിൽക്കുന്ന മാലാഖ.... സന്മാർഗ ദൂതുമായി നമ്മുടെ ചുറ്റും തത്തിക്കളിക്കുന്ന കാവൽമാലാഖമാർ... ഇതൊക്കെ വേദപുസ്തകത്തിലും സ്വപ്നങ്ങളിലും സ്വർഗ്ഗത്തിലും മാത്രമുള്ള മാലാഖമാരാണ്. എന്നാൽ ഭൂമിയിൽ ജീവിക്കുന്ന ചില മാലാഖമാർ ഉണ്ട്. പക്ഷേ ചിലർക്കൊക്കെ മാത്രമേ അവരെക്കുറിച്ച് കേൾക്കാനും അവരെ കാണാനും കഴിഞ്ഞിരുന്നുള്ളൂ. മറ്റുള്ളവർക്ക് അവരെക്കുറിച്ച് പുച്ഛമായിരുന്നു. രാജകുടുംബ കഥകൾ കേട്ട് വളർന്നത് കൊണ്ടാവാം ചിലർക്ക് അവർ കൊട്ടാരങ്ങളിലെ പോലെ ദാസിമാരും സേവകരും ആയിരുന്നു. വേറെ ചിലർക്ക് അവർ പൊന്മുട്ടയിടുന്ന താറാവ് ആയിരുന്നു. എന്നാൽ തിരിച്ചറിയാത്തവരും എതിർത്തവരും പുച്ഛിച്ച് തള്ളിയവരും, അവരെ “ഭൂമിയിലെ മാലാഖമാർ” എന്ന വാഴ്ത്തിയ നാളുകളായിരുന്നു ഈ കൊറോണ കാലം. വെള്ളവസ്ത്രം ധരിച്ച്, അധരത്തിൽ സ്നേഹ പുഞ്ചിരിയുമായി, സ്റ്റെതസ്കോപ്പും മരുന്ന് ട്രേയുമായി നിൽക്കുന്ന നേഴ്സ്മാർ എന്ന മാലാഖമാരുടെ നിസ്വാർത്ഥ സേവനത്തെ മാധ്യമങ്ങളും ഭരണാധികാരികളും ഒരുമിച്ചു പുകഴ്ത്തി. നിപ്പയുടെയും കൊറോണ വൈറസിന്റെയും രൂപത്തിൽ ഒരു മഹാമാരി ലോകത്തെ ഭീതിയിലാഴ്ത്തിയപ്പോൾ, സകലരും പേടിച്ച് വീടുകൾക്കുള്ളിൽ ഒളിച്ചപ്പോൾ, സ്വന്തം ജീവനേക്കാൾ മറ്റുള്ളവരുടെ ജീവന് വില കൊടുക്കാൻ ത്യാഗം ചെയ്യണമെന്ന് ജീവിതത്തിലൂടെ കാട്ടിക്കൊടുത്ത ഫ്ളോറൻസ് നൈറ്റിംഗലിന്റെ പിന്തുടർച്ചക്കാർ, പിപിഇ (Perosnal Protective Equipment) കിറ്റ് എന്ന അഡീഷണൽ ചിറകുകളുമായി രോഗികൾക്ക് മുമ്പിൽ എന്നുമുള്ള പുഞ്ചിരിയുമായി തന്നെ സേവനസന്നദ്ധരായി. തങ്ങളിൽ ചിലരുടെയൊക്കെ ജീവൻ പൊലിയുന്നത് കൺമുൻപിൽ കണ്ടിട്ടും ഒട്ടും പതറാതെ, ഈ മഹാമാരിയിൽ തങ്ങളെ പുകഴ്ത്തിയ മാധ്യമ-രാഷ്ട്രീയ-സാമൂഹിക നേതാക്കളും ഭരണാധികാരികളുമെല്ലാം വിപത്ത് ഒഴിയുമ്പോൾ പഴയ പുച്ഛത്തോടെ തങ്ങളെ നോക്കുമെന്ന് ഉറപ്പായിട്ടും കൂടി. എവിടെ നിന്ന് കിട്ടി നഴ്സുമാർക്ക് ഇത്ര കാരുണ്യം, സഹാനുഭൂതി, ധൈര്യം?. ഇത് അറിയണമെങ്കിൽ ഒരു നേഴ്സ് എങ്ങനെ ഉണ്ടാകുന്നു എന്നറിയണം ... നഴ്സിംഗ് പഠനം എന്താണെന്ന് അറിയണം.

ചിലരുടെയെങ്കിലും ചിന്ത, ഒട്ടും പഠിക്കാൻ ബുദ്ധി വേണ്ടാത്ത അഥവാ എളുപ്പത്തിൽ പഠിച്ചെടുക്കാൻ കഴിയുന്ന, സാമ്പത്തികമായി ഒട്ടും ശേഷിയില്ലാത്ത കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ പറ്റുന്ന ഒരു പ്രൊഫഷനാണ് നഴ്സിംഗ് എന്നാണ്. ഇത്തരം ചിന്തയോടെ നഴ്സിങ്ങിലേക്ക് കടന്നുവന്ന മിക്കവാറും പേരും പഠനം പാതി വഴിയിൽ വച്ച് നിർത്തേണ്ടി വന്നിട്ടുമുണ്ട് .

നേഴ്സിങ്ങിൽ പഠിക്കുന്ന വിഷയങ്ങൾ ഏതൊക്കെയാണെന്ന് ഒന്നു നോക്കാം :

Anatomy, physiology, Biochemistry, Nutrition, Microbiology, psychology, osciology, Nursing foundation, Medical surgical including Pathology, Pharmacology, Community health, Advanced Medical Surgical Nursing, Paediatric, Psychiatric, Obstetric &Gynaecology, Administration, Research, Education, English, Computer... ഇനിയുമുണ്ട് ഏറെ. ഞെട്ടി അല്ലേ ? ഇതൊക്കെ തന്നെ അല്ലേ ഒരു ഡോക്ടറും പഠിക്കേണ്ടത്? ഇതിൽ സൈക്കോളജി, സോഷ്യോളജി, ന്യൂട്രീഷൻ തുടങ്ങി സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സിലബസിലെ പലതും എംബിബിഎസിൽ ഇല്ല. റിസർച്ച്, അഡ്മിനിസ്ട്രേഷൻ, ഇംഗ്ലീഷ്,



കമ്പ്യൂട്ടർ, എഡ്യൂക്കേഷൻ തുടങ്ങിയ മറ്റു വിഷയങ്ങളും എംബിബിഎസിൽ കാണില്ല.


ഡോക്ടർമാരുടെ അധ്വാനത്തിനും സേവനത്തിനും തത്തുല്യമായ പ്രതിഫലം സ്റ്റാറ്റസിന്റെയും ശമ്പളത്തിന്റെയും രൂപത്തിൽ കിട്ടുമ്പോഴാണ്, അവരെപ്പോലെ തന്നെ ഒരുപക്ഷെ രോഗികളുമായി കൂടുതൽ സമയം കരുതലോടെ ഇടപഴകേണ്ടി വരുന്ന നഴ്സുമാരെ സമൂഹം ഇകഴ്ത്തുന്നത്. പത്താം ക്ലാസ് വിദ്യാഭ്യാസം ഉള്ളവർക്ക് കൊടുക്കുന്ന ശമ്പളം പോലും കൊടുക്കാതെ രാപകൽ അവരെ കഷ്ടപ്പെടുത്തുന്നത്.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിലെ നഴ്സുമാർക്ക് ആണ് ഈ ദുസ്ഥിതി കൂടുതൽ ഉണ്ടാകുന്നതു എന്നത് ഏറെ അത്ഭുതപ്പെടുത്തുന്നതാണ്. ഒരുപക്ഷേ അജ്ഞത കൊണ്ടാകാം. അല്ലെങ്കിൽ പണ്ടുകാലത്തെ വയറ്റാട്ടി തള്ളയുടെ ദൈന്യരൂപം മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയത് കൊണ്ടാകാം. അതുമല്ലെങ്കിൽ നേഴ്സിങ് എന്ന ഉന്നതവിദ്യാഭ്യാസം നേടിയെങ്കിലും വീട്ടിലെ ദുസ്ഥിതി ഓർത്ത്, താഴ്ന്ന വേതനം വാങ്ങി, ഒന്നിനെയും എതിർക്കാതെ നിസ്സഹായരായി എല്ലാം സഹിച്ച് നിൽക്കുന്ന നഴ്സുമാരെ നമ്മുടെ ചുറ്റും ധാരാളം കാണുന്നത് കൊണ്ടുമാകാം. പക്ഷേ കേരളത്തിന് പുറത്തെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെയാണു നഴ്സിംഗ് പഠിച്ച ഏതൊരാളുടെയും ആഗ്രഹം എങ്ങനെയും വിദേശത്തേക്ക് കടക്കണമെന്ന് ആകുന്നത്. പാഠ പുസ്തകങ്ങളിൽ നിന്ന് പഠിച്ച വിഷയങ്ങൾക്കും പുറമേ, സ്നേഹത്തിന്റെയും കരുതലിന്റെയും ധൈര്യത്തിന്റെയും ജീവിത പാഠങ്ങൾ ഏറെ രുചിച്ചവരായ മലയാളി നഴ്സുമാരെ ഇരുകൈയും നീട്ടി ലോക ആരോഗ്യ മേഖലകൾ സ്വീകരിക്കാൻ മത്സരിക്കുകയുമാണ്. വ്യത്യസ്ത പ്രൊഫഷണലുകൾക്കുള്ള ആദരവും അംഗീകാരവും വേതനവും അവർക്ക് കൊടുക്കാൻ ഇനിയും നമ്മൾ മടി കാണിക്കണോ? വേതനത്തിന്റെ കാര്യത്തിൽ ഒരു വൈദികനെ പോലെയാണ് പലപ്പോഴും നഴ്സുമാരെയും സമൂഹം കാണുന്നത്. എത്ര കഠിനാധ്വാനം ചെയ്യുന്നവർ ആണെങ്കിലും, എത്ര വിദ്യാസമ്പന്നർ ആണെങ്കിലും തുച്ഛമായ ശമ്പളം വേതനമായി കിട്ടിയാൽ പോലും ഒരക്ഷരം എതിർത്ത് പറയാതെ പുഞ്ചിരിയോടെ നിൽക്കുന്നവരാണ് വൈദികർ. അവരിൽ നിന്ന് ഒരെതിർപ്പോ പ്രതിഷേധമോ സമൂഹം ഇഷ്ടപ്പെടുന്നില്ല. കാരണം ത്യാഗം സഹിക്കേണ്ടവർ, പ്രതിഫലേച്ഛ കൂടാതെ സേവനം ചെയ്യേണ്ടവർ, എത്ര പീഡ ഏറ്റാലും ഒന്നും തിരിച്ചു പറയാൻ പാടില്ലാത്തവർ എന്നിങ്ങനെയുള്ള സദ്ഗുണങ്ങൾ പുരോഹിതൻ എന്ന വാക്കിന്റെ പര്യായമാണല്ലോ. നഴ്സുമാർ എന്ന കൂട്ടരെയും പലപ്പോഴും സമൂഹം അങ്ങനെ തന്നെയാണ് കാണുന്നത്.

അങ്ങനെ തന്നെ കരുതിക്കോളൂ. എന്നാൽ സമൂഹത്തിനൊരു ബാധ്യത ഇല്ലേ? ചോദ്യം ചെയ്യാൻ പാടില്ലാത്ത അവർക്ക് വേണ്ടി ആരെങ്കിലും ശബ്ദമുയർത്തണ്ടേ? അവരുടെ അർഹിക്കുന്ന ആവശ്യങ്ങൾ ക്കായി അവരെ തെരുവിൽ ഇറക്കാൻ വിട്ടുകൊടുക്കാതെ അവർക്കായി സംസാരിക്കാൻ സഭയും സമൂ ഹവും നാമോരോരുത്തരും തയ്യാറാകണം.

അറിയണം... 'ഭൂമിയിലെ ഈ മാലാഖമാരെ'...
അംഗീകരിക്കണം.... അവരുടെ വേദനകളെ...
ശ്ലാഘിക്കണം.... അവരുടെ പ്രവർത്തനങ്ങളെ...
ശക്തീകരിക്കണം....അവരുടെ ചിറകുകളെ....
പറന്നുയരട്ടെ അവർ ആകാശത്തോളം....
നിങ്ങൾക്ക് കാവലായി.... താങ്ങായി... സ്നേഹമായി...

# അനുമോദനങ്ങൾ



പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ വെരി.റവ. കെ.വി. ജോസഫ് റമ്പാച്ചനെ പാമ്പാടി മാർ കുറിയാക്കോസ് ദയറായിലേക്ക് പ. കാതോലിക്കാ ബാവാ തിരുമേനി നിയമിച്ചു.



കോട്ടയം പഴയ സെമിനാരി മാനേജരായി ഇടുക്കി അയ്യപ്പൻ കോവിൽ ......... പ്ലാത്തറയിൽ ഫാ. ജോബിൻ വർഗീസിനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിയമിച്ചു. കോട്ടയം പഴയ സെമിനാരിയിൽ നിന്ന് ദൈവശാത്രത്തിൽ ബിരുദവും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.റ്റി.എച്ചും നേടി.



തമിഴ്നാട്, ആൻഡമാൻ, നിക്കോബാർ ദ്വീപുകളുടെ, ചുമതലയുള്ള കമ്പനികളുടെ രജിസ്ട്രാർ ആയി ജോസഫ് ജാക്സൺ കെ. ജി. ചെന്നൈയിൽ ചുമതലയേറ്റു. കഴിഞ്ഞ 3 വർഷക്കാലമായി കൊൽക്കത്ത രജിസ്ട്രാർ ഒഫ് കമ്പനീസ് ആയിരുന്നു . കോഴിക്കോട് ബിലാത്തികുളം സെ. ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്.

# സൺഡേസ്ക്കൂൾ വാർത്തകൾ

ഏപ്രിൽ മാസം മുതൽ ആരംഭിച്ചു വരുന്ന ഒ.എസ്.എസ്.എ.ഇ. ഡിജിറ്റൽ ക്ലാസ്സുകളും വീഡിയോകളും ഓരോ ക്ലാസ്സിന്റെയും ക്രമത്തിൽ **ossaebodhanam.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ് . ഓരോ പള്ളിയിലും ക്ലാസ്സുകൾ ക്രമമായി നടത്തുവാൻ ഏവരും ശ്രദ്ധിക്കണം. അതതു ക്ലാസ്സിലെ കുട്ടികൾക്ക് സിലബസ് അനുസരിച്ച് ക്ലാസ്സുകൾ അയച്ചുകൊടുക്കുകയും അദ്ധ്യാപകരും മാതാപിതാക്കളും കുട്ടികൾ പഠിക്കുന്നു എന്നത് ഉറപ്പു വരുത്തുകയും ചെയ്യണം. ജനുവരി മാസത്തിൽ സാഹചര്യങ്ങൾ അനുവദിക്കുന്ന പക്ഷം വാർഷിക പരീക്ഷ നടക്കണം. ഓരോ പള്ളിയിലും ക്ലാസ്സുകൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തി ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ വഴി ഡയറക്ടർമാർ കേന്ദ്ര ഓഫീസിൽ അറിയിക്കണം.

എന്ന്, ഫാ. ഡോ. വർഗീസ് വർഗീസ്
(ഡയറക്ടർ ജനറൽ, ഒ.എസ്.എസ്.എ.ഇ.)

## 12th Death Anniversary
## (20-05-2020)



**K. K. MATHEW**
(Rtd Tahsildhar)

**Moothedathu Kondoor House**
**Kadamankulam P.O., Kallooppara**

"We shall meet on that beautiful shore"

By Sorrowing
**Sosamma Mathew** (Wife) **& Family**

## IN LOVING MEMORY OF




| | |
|---|---|
| C.T. THOMAS<br>D.O.D. 24-07-81 | RACHEL THOMAS<br>D.O.D. 20-01-89 |

**ANJILI VADAKKEDATH**
**MUTTOM**
**(HARIPPAD)**

Inserted By
**Prof. Mathew Thomas & Family**
**Malad Central, Mumbai**

## അഞ്ചാം ചരമ വാർഷികം
## (15-07-2020)



# Very Rev. Fr. K. J. Kuriakose Corepiscopa
**Mulanthuruthy**

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
ഈ ആചാര്യന്നേകുക പുണ്യം
നാഥാ സ്തോത്രം"

സഹധർമ്മിണി :
**മറിയാമ്മ കുര്യാക്കോസ്**

Children and Grand Children:
Ajee, Saya, Kurian
Ciji, Georgekutty, Tijo, Anna, Joanna
Sojan, Mary, Hannah

# സുപ്രീം കോടതി ക്ലാരിഫിക്കേഷൻ ഹർജി ചിലവ് സഹിതം തള്ളി

2017 ജൂലൈ 3 ലെ മലങ്കരസഭാ കേസിലെ വിധിക്ക് ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ട് മറുവിഭാഗം ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി ജസ്റ്റിസ് അരുൺ മിശ്രയുടെ നേതൃത്വത്തിലുള്ള മൂന്നംഗ ബഞ്ച് തള്ളി. 1958 ലും 1995 ലും 2017 ലും സഭാ തർക്ക കേസുകളിൽ വിധി നൽകിയതാണ്. പിന്നീടും പല ഉത്തരവുകളും നൽകി. ഇനി ഈ വിഷയം വീണ്ടും പരിഗണിക്കാനാവില്ലെന്ന് കോടതി സൂചിപ്പിച്ചു.

**പീച്ചാനിക്കാട്:** സെന്റ്. ജോർജ് താബോർ പള്ളി വികാരിക്കും, മറ്റു വൈദീകർക്കും, വിശ്വാസികൾക്കും ആരാധന നടത്തുന്നതിന് പോലീസ് സംരക്ഷണം അനുവദിച്ചു കൊണ്ട് ബഹു. കേരളാ ഹൈക്കോടതിയിൽ നിന്ന് ഇടക്കാല ഉത്തരവുണ്ടായി.

**കൂത്താട്ടുകുളം:** ആറൂർ മേരിഗിരി സെന്റ് മേരീസ് പള്ളി മലങ്കര ഓർത്തഡോക്സ് സഭയുടെ 1934 ഭരണഘടന പ്രകാരം ഭരിക്കപ്പെടണമെന്ന് ബഹു. എറണാകുളം ജില്ലാ കോടതി ഉത്തരവ്. 1934-ലെ ഭരണഘടന നിരാകരിക്കുന്നവർ പളളിയിലും, പള്ളി കോമ്പൗണ്ടിലും, സെമിത്തേരിയിലും, പള്ളിയുടെ കുരിശുപള്ളിയിലും, മറ്റു സ്ഥാപനങ്ങളിലും പ്രവേശിക്കുന്നത് കോടതി ശാശ്വതമായി നിരോധിച്ചു.

## വൈദിക ചരമം



പത്തനാപുരം മൗണ്ട് താബോർ ദയറാ അംഗം ഫാ. സ്ലീബാ റമ്പാൻ (72) നിര്യാതനായി. പത്തനാപുരം സെ. സ്റ്റീഫൻസ് എച്ച്.എസ്.എസ്. പ്രിൻസിപ്പളായിരുന്നു. ദയറായുടെ കീഴിലുള്ള പോത്തുകൽ, പത്തനാപുരം, തൃശ്നാപ്പള്ളി എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന ചുമതലക്കാരനുമായിരുന്നു.



ചിക്കാഗോ: ബെൽവുഡ് സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക വികാരി ഫാ. ഡാനിയേൽ ജോർജ് നിര്യാതനായി. കായംകുളം കാദീശാ പള്ളി കല്ലുമൂട്ടിൽ ഇടവകാംഗമാണ്. സഹധർമ്മിണി: അനിതാ ഡാനിയേൽ, മക്കൾ: ഗ്രിഗറി, ലീനാ.



കോട്ടയം: മാർ ഏലിയാ കത്തീഡ്രൽ വികാരിയും എം.ഡി. സെമിനാരി മാനേജരുമായ കൂത്താട്ടുകുളം പുതുവേലി കണ്ടത്തിൽ പുത്തൻപുരയിൽ ഫാ. കെ. എം. ഐസക്ക് നിര്യാതനായി. സഭാ മാനേജിംഗ് കമ്മറ്റിയംഗം, കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് ഓഫീസ് സെക്രട്ടറി, ഞാലിയാകുഴി എം.ജി.എം.ഹയർ സെക്കണ്ടറി സ്ക്കൂൾ അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിലും കണ്ടനാട്-കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ വിവിധ ദേവാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. സഹധർമ്മിണി: റിനു ഐസക് (ഹെഡ്മിസ്ട്രസ് എം.ഡി. സെമിനാരി എൽ.പി. സ്ക്കൂൾ. മക്കൾ: നെവിൻ, സരിൻ.

## ഓർമ്മ




മലങ്കരസഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് V മെത്രാപ്പോലീത്തായുടെ 111-ാം ഓർമ്മ (ജൂലൈ 12), കോട്ടയം പഴയസെമിനാരിയിൽ



ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 21-ാം ഓർമ്മ (ജൂലൈ 23), റാന്നി ഹോളി ട്രിനിറ്റി ആശ്രമം.



പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ (ഓഗസ്റ്റ് 11, റാന്നി പെരുനാട് ബഥനി ആശ്രമം)



അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 55-ാം ഓർമ്മ (ഓഗസ്റ്റ് 6, റാന്നി പെരുനാട് ബഥനി ആശ്രമം)



പ. മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 105-ാം ഓർമ്മ (കുർക്കുമ ദയറാ)

**B R I D E   W A N T E D**

Orthodox Boy, 27 / 181, M.com MBA, Priest family, Employed at Dubai. Seeks alliance from Post Graduate Girls in Maths, Physics, Chemistry, English with B.ed or Engineers in Computer Science. Preferences to those presently employed in UAE.

**M4 id - 4621219**

*Contact:*

**9048698270**

**9847546562.**

**B R I D E   W A N T E D**

Orthodox parents seek proposals for their son B.Com PGDM (SCMS, Kalamassery) 27 years, 184 CM, HDFC Bank Product Manager, Ernakulam, from parents of God fearing girls.

Contact No:

**+91 9847268617,**

**9496826737**

**Thomas Philip**

threadcorner2018@gmail.com

**Mob :9947242905**

**9947112982**



**THREAD CORNER**

*All kinds of Tailoring & Church Cloth Materials*

1st floor Marattukalam Buildings

Near K.S.R.T.C, Changanacherry

കാപ്പതുണി, വിദേശ കാപ്പതുണി, കുപ്പായതുണി, തിരശ്ശീലയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ, വെൽവെറ്റ്, കമ്പിളി നൂൽ, ലെയ്സ് ഐറ്റംസ്, മുത്തുക്കുടയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും ലഭ്യമാണ്.

**ST. MARY'S EMBROIDERY**

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,

Res. 2724224, 2727788

(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു


WISHING A BLESSED & HAPPY

66th WEDDING ANNIVERSARY



God is love.Whoever lives in love lives in God, and God in them. 1 John 4:16

Mezhuveli Puthenveethil Poonthuruthil Canavil

**P T MATHEW & KUNJAMMA MATHEW**

(Retired Officers of Bhilai Steel Plant 1958–1993)

Mezhuveli Holy Innocent Orthodox Valliapally.

By: Children, Grandchildren, Relatives and Friends.

+++


കോട്ടയം ചെറിയപള്ളി
മഹായിടവകയിൽ
പതിനഞ്ച് നോമ്പും
ശൂനോയോപെരുന്നാളും
2020 ഓഗസ്റ്റ് 1-15
വിശുദ്ധ ദൈവമാതാവിന്റെ സൂനോറോ മലങ്കര സഭയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട
കോട്ടയം ചെറിയപള്ളി മഹാഇടവകയിൽ
ശൂനോയോ നോമ്പ് ആചരണം 2020 ഓഗസ്റ്റ് 1 മുതൽ 15 വരെ
വിശുദ്ധ കുർബാന • ധ്യാനം • ക്ലാസുകൾ • സുനോറോ വണക്കം • മദ്ധ്യസ്ഥപ്രാർത്ഥന
അഭിവന്ദ്യ പിതാക്കന്മാരും ധ്യാനഗുരുക്കന്മാരും നേതൃത്വം നൽകുന്നു
(പ്രോഗ്രാമുകൾ കർശനമായും കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും)

# AKSHAYA COLLEGE OF NURSING

**LIGAPURA** Website : www.at-thumkur.ac.in **TUMKUR (BANGALORE)**

AFFILIATED TO INDIAN NURSING COUNCIL, RAJIV GANDHI UNIVERSITY




1. **M.SC. NURSING**
   1 st Year 75,000, II nd Year 75,000
2. **B.SC. NURSING**
   18 th Batch
3. **GENERAL NURSING**
   19 th Batch (3 Years 2,00,000 only)
4. **POST B.SC. NURSING**
   Low Fees Structure,
   Own Examination Centre,
   Providing Study Materials,
   100% Result, Own Hospital

**B.Sc. (N)**

| | |
|---|---|
| Ist | 1,00,000 |
| IInd | 1,00,000 |
| IIIrd | 1,00,000 |
| IVth | 1,00,000 |
| Total | 4,00,000 |

**PG B.Sc. (N)**

| | |
|---|---|
| Ist | 60,000 |
| IInd | 60,000 |
| Total | 1,20000 |

## MS.C (N), B.S.C (N) PC B.S.C (N), G.N.M

**(യൂണിഫോം, ഫീസ്, ഭക്ഷണം,ഹോസ്റ്റൽ തുടങ്ങി സകല ചെലവുകളും ഉൾപ്പെടെ)**

- ഒരു ഓർത്തഡോക്സ് മലയാളി മാനേജ്മെന്റ് സ്ഥാപനം
- ഓർത്തഡോക്സ് സഭയുടെ **IKON** ചാരിറ്റിയിൽ നിന്നും സ്കോളർഷിപ്പ് (ജാതി മത ഭേതമില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നു)
- ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ക്ഷേമ പദ്ധതിയുടെ സ്കോളർഷിപ്പ് സ്കീമിന്റെ ആപ്ലിക്കേഷൻ നല്കുന്നു. (വർഷംതോറും 30.000 രൂപ)
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് ഫീസ് ആനുകൂല്യം
- ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 വിദ്യാർത്ഥികൾക്ക് ഈ വിദ്യാഭ്യാസ സഹായം ലഭ്യമാക്കുന്നു.
- 1 രൂപ പോലും മുടക്കാതെ അഡ്മിഷൻ നേടാം
- റാഗിംഗ് ഇല്ലാത്തതും മാതൃകാപരമായി നടത്തുന്നതുമായ വിശ്വസ്ത നേഴ്സിംഗ് കോളജ്
- സ്വന്തമായി ആശുപത്രി • ഡൊണേഷൻ ഇല്ല • ഫീസ് തവണകളായി • ബാങ്ക് ലോൺ സൗകര്യം
- പെൺകുട്ടികൾക്ക് സുരക്ഷിതമായ ഹോസ്റ്റൽ • കോളജ്,സ്ക്കൂൾ, ഹോസ്റ്റൽ ഇവ ഒരേ ക്യാമ്പസിൽ
- പലിശരഹിത വിദ്യാഭ്യാസ വായ്പയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു
- ആത്മീക ആരാധനയ്ക്ക് സൗകര്യം, കുടുംബാന്തരീക്ഷത്തിലുള്ള പഠനം
- പഠനത്തിൽ മികവ് കുറഞ്ഞവർക്ക് പ്രത്യേക ട്യൂഷൻ ► എല്ലാ ഞായറാഴ്ചയും ആരാധനയ്ക്കു പോകുവാൻ സൗകര്യം




**M.K.THOMASKUTTY (PRO)** Manappurathu House, Thadiyoor P.O ., Thiruvalla
Pathanamthitta (Dist.), Kerala Ph: 04692- 655633, Mob: 09388655633

Chirattolil Offset Printers # 9562619197, 04735 223522



അഞ്ചൽ പെരുന്നാൾ
സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രം
അഞ്ചൽ വലിയപള്ളി
തിരുവനന്തപുരം ഭദ്രാസനം
Ph: 0475 2274064
Email: aclvaliyapally@gmail.com
Web: www.anchalpally.com | www.facebook.com/anchalvaliyapally
മലങ്കരസഭയുടെ യതിവര്യൻ
വന്ദ്യ: യൗനാൻ കശ്ശീശ്ശായുടെ (അഞ്ചലച്ചൻ)
178-ാം ഓർമ്മപ്പെരുന്നാൾ
2020 ആഗസ്റ്റ് 2 ഞായർ മുതൽ 6 വ്യാഴം വരെ
1195 കർക്കിടകം 18 മുതൽ 22 വരെ
അഭിവന്ദ്യ മെത്രാപ്പോലീത്താമാരും വന്ദ്യ വൈദീകരും നേതൃത്വം നൽകുന്നു
ഫാ. ജോൺ ഫിലിപ്പ് വികാരി
ഫാ. യുഹാനോൻ ജോൺ സഹ വികാരി
രാജൻ വൈ. കൈക്കാരൻ
ജോബി കെ. വർഗ്ഗീസ് കാര്യദർശി
ബൈജു മാത്യു പെരുന്നാൾ കൺവീനർ
NB: കോവിഡ് 19 നിബന്ധനകൾക്ക് വിധേയമായി പെരുന്നാൾ നടത്തപ്പെടുന്നു

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2018-20
License No. KL/CR/KTM/WPP-23/2018-20
Licensed to Post Without Pre-Payment

Published on
10 July/2020




PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR, NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.

EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.